www.malankaralibrary.com





## മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്
## പത്തനംതിട്ട ഭദ്രാസനം

# FELLESSKAP

### സ്നേഹത്തിൽ ഐക്യം

ഭദ്രാസന സമിതി 2020 - 2021

www.malankaralibrary.com

# എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി 2020, 2021

മുഖ്യ രക്ഷാധികാരി



**അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**

സഹ രക്ഷാധികാരി



**മോൺ ഡോ. ഷാജി മാണികുളം**

ഭദ്രാസന ഡയറക്ടർ



**ഫാ. ഏബ്രഹാം മേപ്പുറത്ത്**

ഭദ്രാസന ആനിമേറ്റർ



**സിസ്റ്റർ തമീം എസ്.ഐ.സി.**



**ജിഫിൻ സാം**
(ഭദ്രാസന പ്രസിഡന്റ്)



**സുബിൻ തോമസ്**
(ഭദ്രാസന ജനറൽ സെക്രട്ടറി)



**അജോഷ് എം. തോമസ്**
(ഭദ്രാസന ട്രഷറാർ)



**അലീന എലിസബത്ത് മാത്യു**
(ഭദ്രാസന വൈസ് പ്രസിഡന്റ്)



**സോൾ പണിക്കർ**
(ഭദ്രാസന വൈസ് പ്രസിഡന്റ്)



**ലിബിൻ സി. മാത്യു**
(ഭദ്രാസന സെക്രട്ടറി



**ട്രീസാ തോമസ്**
(ഭദ്രാസന സെക്രട്ടറി



**ലിനു വി ഡേവിഡ്**
(ഭദ്രാസന സെക്രട്ടറി)



**ജെയിംസ് ജോസ്**
(സഭാതല സിൻഡിക്കേറ്റ്)



**ശ്വേത മാത്യു**
(സഭാതല സിൻഡിക്കേറ്റ്)



**അജോയ് പി. തോമസ്**
(കെ.സി.വൈ.എം. സിൻഡിക്കേറ്റ്)



**സിറിൽ വർഗ്ഗീസ്**
(കെ.സി.വൈ.എം. സെനറ്റ്)

/mcymptadiocese

www.malankaralibrary.com



മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്
പത്തനംതിട്ട ഭദ്രാസനം

# FELLESSKAP

## സ്നേഹത്തിൽ ഐക്യം

ഭദ്രാസന സമിതി 2020-2021

www.malankaralibrary.com

www.malankaralibrary.com




# THE SYRO-MALANKARA CATHOLIC CHURCH

## DIOCESE OF PATHANAMTHITTA

MOST REV. DR. SAMUEL MAR IRENIOS
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail: diocesepta@gmail.com (O)
bishopmarirenios@gmail.com (P)



### ആശംസ

*അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു.* ( അപ്പസ്തോല പ്രവർത്തനങ്ങൾ: 2:42)

"സിനഡാത്മക സഭ" എന്ന ആശയം ആഗോള തലത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടമാണിത്. ഒരേ ലക്ഷ്യത്തിലേക്ക് ഒന്നിച്ചു നീങ്ങുന്ന വിശ്വാസികളുടെ കൂട്ടായ്മയാണ് തിരുസഭ. ആദിമസഭയെ വിശുദ്ധ ഗ്രന്ഥം അടയാളപ്പെടുത്തുന്നത് കൂട്ടായ്മയെ ആഘോഷിക്കുന്ന സഭ എന്ന നിലയിലാണ്. കൂട്ടായ്മയുടെ ലാവണ്യം ആസ്വദിക്കാനും അതിന്റെ നന്മകളെ ഉൾക്കൊള്ളാനുമുള്ള ക്ഷണമാണ് സഭ എപ്പോഴും നമുക്ക് നല്കുന്നത്. സമൂഹത്തിന്റെ മുഖ്യധാരയിലുള്ളവരെ മാത്രമല്ല അരികു ജീവിതങ്ങളെകൂടി ഗൗരവമായി എടുക്കാൻ നാം സന്നദ്ധരാകണം. കത്തോലിക്കാ തിരുസഭയിലെ യുവജനങ്ങൾ എന്ന നിലയിൽ സഭയോടൊത്ത് നടക്കാനും സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും അപ്പസ്തോലരാകാനും നമുക്ക് കടമയും നിയോഗവുമുണ്ട്.

പത്തനംതിട്ട രൂപതയിലെ എം.സി.വൈ.എം പ്രസ്ഥാനം പുറത്തിറക്കുന്ന 'Fellesskap' എന്ന ഈ പുസ്തകം ഈ കൂട്ടായ്മയെ പോഷിപ്പിക്കാൻ സഹായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കോവിഡ് രോഗബാധിതരെ സഹായിക്കുന്നതിനും രോഗബാധിതരായവർക്ക് ക്രിസ്തീയമായ ശവസംസ്കാരം നല്കുന്നതിലുമുൾപ്പെടെ ബഹുമാനപ്പെട്ട ഡയറക്ടറച്ചൻ ഏബ്രഹാം മേപ്പുറത്ത് അച്ചന്റെ നേതൃത്വത്തിൽ നമ്മുടെ യുവജനങ്ങൾ നടത്തിയ ത്യാഗപൂർവ്വമായ എല്ലാ ശുശ്രൂഷകളെയും ഞാൻ നന്ദിയോടും അഭിമാനത്തോടും ഓർക്കുന്നു. രൂപതാ സമിതിയെ മുന്നോട്ടു നയിച്ച എല്ലാ യുവനേതാക്കന്മാരെയും ഞാൻ അഭിനന്ദിക്കുന്നു. കോവിഡ് പ്രതിസന്ധികൾക്കു മധ്യത്തിൽ പരമ്പരാഗത ചട്ടക്കൂട്ടിലുള്ള പ്രവർത്തനങ്ങൾ മന്ദീഭവിച്ചപ്പോൾ പുതിയ മേഖലകൾ കണ്ടെത്താനും യുവജന പ്രസ്ഥാനത്തെ കാലാനുസൃതമായി പുനരവതരിപ്പിക്കാനും നമ്മുടെ രൂപതാ സമിതിക്ക് കഴിഞ്ഞു. തുടർന്നും കൂടുതൽ ത്യാഗത്തോടെ പ്രസ്ഥാനത്തെ നയിക്കാനും സുവിശേഷത്തിന്റെ സാക്ഷ്യം പകർന്നു നല്കാനും സാധിക്കട്ടെയെന്ന് ആത്മാർത്ഥമായി ഞാൻ പ്രാർത്ഥിക്കുന്നു.

ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും എല്ലാ നന്മകളും ആശംസിക്കുന്നു.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

പത്തനംതിട്ട
ഡിസംബർ 23, 2021

MOST REV. DR. SAMUEL MAR IRENIOS
DIOCESE OF PATHANAMTHITTA

ഡോ. സാമുവേൽ മാർ ഐറേനിയോസ്
പത്തനംതിട്ട രൂപതാധ്യക്ഷൻ

www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH

## DIOCESE OF PATHANAMTHITTA

MOST REV. YOOHANON MAR CHRYSOSTOM
BISHOP EMERITUS

CHEEKANAL, OMALLOOR P.O.
PATHANAMTHITTA - 689 647
KERALA, INDIA
E-mail: bpdiopta@gmail.com



പ്രിയ യുവജന സുഹൃത്തുക്കളെ,

കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും കഥകളാണ് വി. ബൈബിൾ പറഞ്ഞുതരുന്നത്. അടിമത്തത്തിന്റെ ക്ലേശങ്ങൾക്ക് നടുവിൽ അതിജീവനത്തിനായി പൊരുതിയ ഒരു ജനതയുടെ നിരന്തരസമരങ്ങളുടെയും നൊമ്പരങ്ങളുടെയും ചരിത്രമാണ് അത്. കൂട്ടായ്മയും സാഹോദര്യമാണ് ഏതൊരു സമൂഹത്തിന്റെയും വളർച്ചയ്ക്ക് നിദാനം. എന്റെ സഹോദരന്റെ ഉത്തരവാദിത്വം കൂടി ഏറ്റെടുക്കാനുള്ള തുറവിയാണ് ഈ കൂട്ടായ്മയുടെ അടിസ്ഥാനം. രണ്ടാം വത്തിക്കാൻ സുന്നഹദോസ് പഠിപ്പിക്കുന്ന സഭാത്മകത കൂട്ടായ്മയുടെതാണ്. (communion ecclesiology) പൗലോസ് ശ്ലീഹാ പറയുന്നതുപോലെ പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുകയും ഒരു അവയവം വേദനിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുകയും ചെയ്യുന്ന പാരസ്പര്യമാണ് ഈ സഭാത്മകത വിവക്ഷിക്കുന്നത്. ക്രൈസ്തവ യുവത്വം ഈ സഭാത്മകതയെ സ്വാംശീകരിക്കുമ്പോഴാണ് പൂർണ്ണമായിതീരുന്നത്. സ്വാർത്ഥതയുടെ കൂടാരങ്ങളിൽ ഒതുങ്ങി പോകാതെ അപരനിലേക്ക് ഹൃദയവും മനസും തുറന്ന് വയ്ക്കുന്ന ഹൃദയവിശാലത യുവജനങ്ങൾ നേടിയെടുക്കണം.

നമ്മുടെ MCYM രൂപതാ സമിതി കഴിഞ്ഞ നാളുകളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് 'Felesskap' എന്ന ഈ കൈപുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ ഏറെ അഭിമാനത്തോടെ ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. ചുരുങ്ങിയ കാലം കൊണ്ട് പരിമിതികൾക്കു നടുവിൽ ഇത്രയധികം പ്രവർത്തനങ്ങൾ ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞത് നിങ്ങളുടെ കൂട്ടായ്മ അത്രമേൽ ശക്തമായതു കൊണ്ടാണ്. ബഹുമാനപ്പെട്ട ജിൻസ് അച്ചനേയും നേതൃത്വം നൽകിയ മറ്റ് ഭാരവാഹികളേയും ഞാൻ ഹൃദയപൂർവ്വം ശ്ലാഘിക്കുന്നു. യേശുക്രിസ്തുവിന്റെ ചൈതന്യത്തോടെ വളരെ വലിയ ശുശ്രൂഷ നിർവഹിക്കാൻ നമ്മുടെ യുവതി യുവാക്കൻമാർക്ക് തുടർന്നും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു.

ക്രിസ്തുവിൽ സ്നേഹപൂർവം

+ Yoo. Chrysostom

നിങ്ങളുടെ ക്രിസോസ്റ്റം പിതാവ്

www.malankaralibrary.com



# ആശംസ



ക്രൈസ്തവ യുവത്വം എന്നത് ക്രിസ്തു ദർശനങ്ങളെ പിൻപറ്റി നിലനിൽക്കുന്നതാണ്. ലോകത്തിനുവേണ്ടി ജീവൻ നൽകിയ യേശുക്രിസ്തു കാട്ടിത്തന്ന സ്നേഹത്തിന്റെയും, ഐക്യത്തിന്റെയും പാതയിലൂടെ സഞ്ചരിച്ച്, സഹോദരങ്ങളിലേക്ക് നന്മയും സന്തോഷവും പകരുവാൻ നാം ഉത്തരവാദിത്വമുള്ളവരാണ്.

MCYM സഭയ്ക്കും സമൂഹത്തിന്റെ നാനാമേഖലകളിലും ചെയ്തുകൊണ്ടിരിക്കുന്ന നന്മകളിലേക്ക് കണ്ണോടിക്കുമ്പോൾ അഭിമാനത്തിന്റെയും, സന്തോഷത്തിന്റെയും നിമിഷങ്ങളായി അവമാറുന്നത് ക്രിസ്തു ചൈതന്യം ഓരോ പ്രവർത്തങ്ങളിലും നിഴലിക്കുന്നതുകൊണ്ടാണ്.

ഓരോ കാലഘട്ടത്തിന്റെയും സവിശേഷതകളെ ഉൾകൊണ്ട് അവയ്ക്കനുസൃതമായി പ്രവർത്തിച്ച് മുന്നോട്ടുപോകുവാൻ എപ്പോഴും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനങ്ങൾ പരിശ്രമിക്കുന്നു.

ഫ്രത്തല്ലാൻസ എന്ന പേരിൽ ആവിഷ്കരിച്ച കർമ്മ പദ്ധതിയിലൂടെ, ഒരുമയോടെ ചേർന്ന് നിന്ന് പ്രവർത്തിക്കുവാൻ പത്തനംതിട്ടയുടെ യുവജനങ്ങൾക്ക് സാധിച്ചു. ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും മൂല്യം പ്രവർത്തിയിലാണെന്ന് തെളിയിച്ചുകൊണ്ട് ഭദ്രാസന സമിതി അതിന്റെ പ്രവർത്തന വഴിയിൽ വിജയം വരിച്ചു. അത്തരത്തിൽ കഴിഞ്ഞുപോയ വർഷത്തിൽ പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങൾ ഭദ്രാസന സമിതി യോടുചേർന്ന് ഒരു മനസോടെ, സജീവമായി കർമ്മപഥത്തിൽ പ്രവർത്തിച്ചു.

പുത്തൻ ആശയങ്ങളെ കൂട്ടിയിണക്കി പുതിയൊരു തലത്തിൽ പ്രവർത്തിക്കുവാൻ സാധിച്ചത് ദൈവാനുഗ്രഹം തന്നെയാണ്. Fellesskap എന്ന ഈ പ്രസിദ്ധീകരണം യുവസമൂഹം ഒത്തൊരുമയോടെ പ്രവർത്തിച്ചതിന്റെ ഓർമ്മ പങ്കുവെയ്ക്കലും, പുതിയ യുവതലമുറയ്ക്ക് പ്രചോദനവുമാണ്.

ഈ സ്മരണികയുടെ പൂർത്തീകരണത്തിനായി അണിയറയിൽ പ്രവർത്തിച്ച എല്ലാ യുവജന സുഹൃത്തുക്കളെയും സ്നേഹപൂർവ്വം ഓർക്കുന്നു. പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

**റവ. ഫാ. ഏബ്രഹാം മേപ്പുറത്ത്**
(ഡയറക്ടർ, MCYM പത്തനംതിട്ട ഭദ്രാസനം)

www.malankaralibrary.com



# ആശംസ



യുവത്വത്തിന്റെ ഊർജവും പ്രസരിപ്പും നന്മയുടെയും സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും പങ്കുവയ്ക്കലിനായി സമർപ്പിച്ചവരാണ് മലങ്കര കത്തോലിക്ക യുവജന പ്രസ്ഥാനത്തിലെ യുവജനങ്ങൾ. ആവശ്യമുള്ള ഇടങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാനും സാമൂഹികമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാനും സഭയുടെ കെട്ടുറപ്പാകുവാനും അവർ സ്വമേധയ സമർപ്പിതരായിരിക്കുന്നു.

എം.സി.വൈ.എം. പത്തനംതിട്ട രൂപതയുടെ ക്രിയാത്മക യുവത്വം കഴിഞ്ഞ വർഷക്കാലം പ്രവർത്തിച്ചത് പ്രതികൂലങ്ങളുടെ നടുവിൽ നിന്നാണ്. പ്രതിസന്ധികളെ സാധ്യതകളാക്കി മാറ്റുന്ന സ്വർഗ്ഗസ്ഥനായ ദൈവം, പുത്തൻ ആശയങ്ങളെ ചിന്തകളിൽ ഉദ്ദീപിപ്പിച്ച് ഉണർവോടെ പ്രവർത്തിക്കുവാൻ അവസരമൊരുക്കി. പലയിടങ്ങളിലായി നിന്നുകൊണ്ട് ഒരു മനസ്സോടെ പ്രവർത്തനങ്ങളെ മനോഹരമാക്കുവാൻ സാധിച്ചു. ചെയ്തവയൊക്കെയും ഒരുപാട് മനസ്സുകൾക്ക് നന്മയും സന്തോഷവും നൽകി. സ്വയം കണ്ടെത്തുവാനും വളരുവാനും സഹോദരങ്ങളിലേക്ക് കടന്നു ചെല്ലുവാനും സാധ്യതകൾ സൃഷ്ടിക്കപ്പെടുമ്പോൾ അവിടെ ഒരു സ്വർഗ്ഗീയ ചൈതന്യം നിറയ്ക്കപ്പെടുന്നു. Fellesskap ഒരു കൂട്ടായ്മയുടെ ആകെത്തുകയാണ്. യുവജന ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ വായിക്കുന്ന വ്യക്തികൾക്ക് അർത്ഥവത്തായ രീതിയിൽ യുവജന പ്രസ്ഥാനത്തിലേക്ക് കടന്നുവരാനും പ്രവർത്തിക്കാനുമുള്ള പ്രേരണയായി അത് മാറും.

ഈ ഓർമ്മ പുസ്തകം നിങ്ങൾക്കായി സമർപ്പിക്കുമ്പോൾ ഇതിന്റെ പിന്നിൽ ഉണ്ടായ അധ്വാനങ്ങളെയും ആലോചനകളെയും ഓർക്കുന്നു. എല്ലാ പ്രാർത്ഥനകളും ഭാവുകങ്ങളും നേരുന്നു.

*കഴിവുകൾ ഇനിയും വളരട്ടെ...*

*യുവശക്തിയായി നമുക്ക് കൈ കോർക്കാം...*

**സി. തമീം എസ്.ഐ.സി.**
(സിസ്റ്റർ ആനിമേറ്റർ, MCYM പത്തനംതിട്ട ഭദ്രാസനം)

www.malankaralibrary.com



# PRESIDENTIAL DESK



പ്രവർത്തന നിരതരായിരിക്കുക എന്നത് ഓരോ വ്യക്തിയെയും സംബന്ധിച്ചിടത്തോളം അനിവാര്യമായ ഒരു ഗുണവിശേഷമാണ്. Everything is easy when you are busy, But nothing is easy when your are lazy. സ്വാമി വിവേകാനന്ദന്റെ വാക്കുകളാണിവ.

യുവത്വത്തിലേക്ക് പ്രവേശിക്കുന്ന കാലഘട്ടത്തിൽ ആശയും, ആവേശവുമായി ജീവിതത്തോട് ചേർന്നതാണ് എം.സി.വൈ.എം. പ്രസ്ഥാനം. ജീവിതത്തിന്റെ വിവിധ മേഖലകളിലൂടെ കടന്നുപോകുമ്പോൾ അഭിമുഖീകരിക്കുന്ന പലവിധങ്ങളായ സംഭവങ്ങളെ പക്വതയോടെ, ക്രിയാത്മകമായി നോക്കിക്കാണുവാൻ പ്രസ്ഥാനത്തിൽ നിന്ന് ലഭിച്ച അനുഭവങ്ങൾ സഹായിക്കുന്നു.

ഒരുമയോടെ ചേർന്നു നിന്ന് നിസ്വാർത്ഥ സേവത്തിലൂടെ എം.സി.വൈ.എംനെ നെഞ്ചോട് ചേർത്ത് പിടിച്ച ഒരു പറ്റം യുവത്വങ്ങൾ ഇന്നലെകളിൽ നമ്മുടെ മാർഗ്ഗദീപങ്ങളായിരുന്നു. ഇന്നിന്റെയും നാളെയുടെയും വഴികാട്ടികളായി നാം ഈ പ്രസ്ഥാനത്തിൽ ആയിരിക്കുമ്പോൾ, അപരന്റെ കണ്ണീരൊപ്പാനുള്ള മാർഗ്ഗമായി, സ്നേഹം പകർന്നു നൽകുവാനുള്ള സാധ്യതയായി നമ്മുടെ പ്രവർത്തനത്തെ പരിവർത്തനപ്പെടുത്തേണ്ടതുണ്ട്.

യുവജന ശുശ്രൂഷകരെന്ന നിലയിൽ സഭയുടെ എല്ലാ മേഖലകളിലും ലഭിക്കുന്ന സ്വീകാര്യത നാം തിരിച്ചറിണം. അത് നമ്മുടെ മഹത്വത്തിന് മാറ്റുകൂട്ടുക എന്നതിനുവേണ്ടിയല്ല, മറിച്ച് കൂടുതൽ ഉത്തരവാദിത്വമുള്ളവർ എന്ന ബോധ്യത്തിലേക്കുള്ള ഒരു വിളിയാണ്. ബൃഹത്തായ പാരമ്പര്യം പേറുന്ന ഒരു പ്രസ്ഥാനത്തിലെ അംഗങ്ങൾ എന്ന നിലയിൽ സമൂഹത്തിലും നമ്മുടെ ചുറ്റുപാടുകളിലും ഉണ്ടാകുന്ന മാറ്റങ്ങളെയും പ്രശ്നങ്ങളെയും സാഹചര്യങ്ങളെയും തിരിച്ചറിയാനും പൊരുത്തപ്പെടാനും മുൻകാലങ്ങളിലെ അനുഭവങ്ങളെ പാഠങ്ങളാക്കുവാനും നാം പരിശ്രമിക്കണം.

'Fellesskap' പ്രസിദ്ധീകരിക്കപ്പെടുന്നത് ഒരു അവലംബമായിട്ടാണ്. പിൻതിരിഞ്ഞു നോക്കുമ്പോൾ ഒരു യുവതലമുറ ഒന്നിച്ചുനിന്ന് പ്രവർത്തിച്ചതിന്റെ വലിയ അടയാളമാണ്, സൂചകമാണ്.

എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഒപ്പമായിരിക്കുമ്പോൾ നാമെല്ലാവരും സഹോദരങ്ങളാണ്. അതിനാൽ തന്നെ നാം മൂലം ആരും വിഷമിക്കുന്നില്ല, പ്രയാസപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ നാം ബാധ്യസ്ഥരുമാണ്. സൗഹൃദം സഹോദര്യമായി പരിണമിക്കുമ്പോൾ, സന്തോഷങ്ങളും സങ്കടങ്ങളും ഒന്നിച്ചു പങ്കിടാനുള്ള വേദിയായി നാം അതിനെ മനസിലാക്കണം.

കൂടുതൽ മനോഹരമായി പ്രവർത്തിക്കാനും കൂട്ടായ്മയുടെ ബന്ധം ഹൃദയത്തിൽ സൂക്ഷിക്കാനും. എം.സി.വൈ.എം. നമ്മുക്ക് പ്രേരണ നൽകുന്നു. മലങ്കര യുവത്വത്തിന് ഒന്നിച്ചായിരിക്കാനുള്ള വേദിയാണ്. അത് ആരുടെയും ഒരു പ്രത്യേക വിഭാഗത്തിന്റെയും അവകാശമല്ല, അധികാരമല്ല. ഒരു ദൈവവിളിയും ദൈവീക ശുശ്രൂഷയുമാണ്.

കാൽപ്പാടുകൾ ബാക്കിയാക്കി നമുക്കു മുൻപേ നടന്നകന്ന മുൻഗാമികളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ദീപ്തസ്മരണകളാക്കി നമുക്ക് മുന്നോട്ട് കുതിക്കാം. മടുപ്പുതോന്നാതെ കർമ്മനിരതരാകുവാൻ, തുറവിയുള്ള മനസ്സോടെ ചേർന്ന് നിന്ന് പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കട്ടെ.

**ജിഫിൻ സാം**
(പ്രസിഡന്റ്, MCYM പത്തനംതിട്ട ഭദ്രാസനം)

www.malankaralibrary.com

# എഡിറ്റോറിയൽ



കൂട്ടായ്മയുടെ ശക്തി പ്രകടമാകുന്നിടത്താണ് ഓരോ കൂട്ടായ പ്രവർത്തനങ്ങളുടെയും വിജയവും നിലകൊള്ളുന്നത്. നിലച്ചു പോകുന്നതിനെ ചലിപ്പിക്കാവാനും, തെറ്റായതിനെ തിരുത്തുവാനും, മാറ്റം അനിവാര്യമായതിനെ പുതുക്കിയെടുക്കുവാനും, സൗഹൃദത്തിന്റെയും, പങ്കുവെയ്ക്കലിന്റെയും ഒരുമയ്ക്ക് സാധിക്കും. അത്തരമൊരു സ്നേഹക്കൂട്ടായ്മയുടെ മുഖചിത്രമായി Fellesskap അവതരിപ്പിയ്ക്കപ്പെടുമ്പോൾ, ഒരുപാട് സൗഹൃദങ്ങളുടെയും സ്നേഹ സംഭാഷണങ്ങളുടെയും വ്യത്യസ്ഥങ്ങളായ ചിന്തകളുടെയും ഒരുമിച്ചുള്ള പ്രർത്തനങ്ങളുടെയും ആവിഷ്കാരമായി അത് മാറ്റപ്പെടുകയാണ്.

Fellesskap എന്നാ നോർവേയൻ പദത്തിന്റെ അർത്ഥം കൂട്ടായ്മ എന്നാണ്. *യുവജനങ്ങൾ സാഹോദര്യത്തിന്റെ അപ്പസ്തോലർ* എന്ന ആപ്തവാക്യം സ്വീകരിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവത്വം സാഹോദര്യത്തിലൂടെ ഒരു കൂട്ടായ്മ മനോഭാവം രൂപപ്പെടുത്തിയെടുക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ചടുലമായ പ്രവർത്തനങ്ങളിലൂടെ പ്രതിസന്ധികളിൽ തളരാതെ മുന്നേറുവൻ ഈ സാഹോദര്യത്തിന്റെ ഐക്യം സഹായകമായിത്തീരുന്നു.

കർമ്മോത്സുകമായ രീതിയിൽ നടന്നു നീങ്ങുമ്പോൾ പരാജിതരായി പിന്തിരിയുവാൻ അനേകം കാരണങ്ങൾ ഉണ്ടായിരിക്കും. എന്നാൽ വിജയപഥത്തിൽ എത്തുക എന്ന ലക്ഷ്യം മനസ്സിലുള്ളപ്പോൾ, ഏതൊരു പ്രതിസന്ധിയെയും മറികടക്കാൻ നമുക്കു സാധിക്കും. പരസ്പരാശ്രയത്വത്തിൽ ജീവിക്കുന്നവരെന്ന നിലയിൽ ഓരോ പ്രയത്നത്തിലും കൂടെയുള്ളവരുടെ കരുതലും പിന്തുണയും എപ്പോഴും അനിവാര്യമാണ്.

ഒരു മനസ്സിൽ ഉരുവാകുന്ന നിരവധി ആശയങ്ങൾ മറ്റനേകം മനസ്സുകളിൽ ഉയരുന്ന ആശയങ്ങളുമായി സംവേദനം ചെയ്യുമ്പോൾ, മികച്ച പുതിയൊരു ആശയത്തിലേക്ക്, തീരുമാനത്തിലേക്ക് അതു വഴി തെളിയിക്കും. അങ്ങനെ ചേർന്ന് നിൽക്കുന്ന മനസ്സുകൾ ഒരേ ദിശയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് അവിടെ വിജയത്തിന്റെ പൂർണ്ണത സൃഷ്ടിക്കുന്നു.

തീക്ഷ്ണമായ യുവത്വം സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടായി നൽകിയ ഒരു വലിയ യുവജന കൂട്ടായ്മയുടെ ആവേശകമായ ചരിത്രം കൂടി Fellesskap പങ്കുവെയ്ക്കുകയാണ്. പത്തനംതിട്ട രൂപതയുടെ ആവിർഭാവത്തിനുമുമ്പും ശേഷവും, സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടം വരെയും നിസ്വാർത്ഥമായി സഭയെയും സമൂഹത്തെയും ശുശ്രൂഷിക്കുകയും സേവിക്കുകയും കർമ്മധീരരായി പ്രവർത്തിക്കുകയും ചെയ്ത യുവജനങ്ങളുടെ ഹൃദയോദ്ദീപകമായ പ്രവർത്തനശൈലിയും ചിന്താവൈശിഷ്ട്യവും ഒരു പുതുതലമുറയ്ക്ക് ഊർജ്ജവും ശക്തിയുമാണെന്ന് അഭിമാനത്തോടെ പറയട്ടെ.

കാലഘട്ടത്തിന്റെ പ്രതിസന്ധികളെ ഒറ്റക്കെട്ടായി നേരിട്ട ജനതയാണ് നമ്മൾ. തർക്കമോ, കലഹമോ, ഭിന്നതയോ, ജാതി-മത, വർണ്ണ, വർഗ്ഗ വ്യത്യാസമോ ഇല്ലാതെ ഒന്നിച്ചിരുന്ന്, നന്മയുടെ ഭവനമാക്കി ഈ ലോകത്തെ മാറ്റുവാൻ നമുക്കും സാധിക്കും. ഏകമനസായി ഒരുമിച്ചു വസിക്കുന്നിടത്ത് ഐശ്വര്യവും ആനന്ദവും നിറയുന്നു.

നമ്മുടെ ചില തെരഞ്ഞെടുപ്പുകൾ പരസ്പര സ്നേഹത്തിന്റെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നുവെങ്കിൽ നമുക്കൊന്നു മാറി ചിന്തിക്കാം. സ്വാർത്ഥതയുടെ തടയിണകൾ വെട്ടിമാറ്റി ഒരുമയുടെ സന്ദേശവാഹകരായി നമ്മുക്ക് മാറാം.

**അലീനാ എലിസബത്ത് മാത്യൂ**
(വൈസ് പ്രസിഡന്റ്,
MCYM പത്തനംതിട്ട ഭദ്രാസനം)

www.malankaralibrary.com



## മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
## (എം.സി.വൈ.എം.)

### പത്തനംതിട്ട ഭദ്രാസനം

# ചരിത്രവീഥിയിലൂടെ

### ആമുഖം

'അതിവേഗം വളരുന്ന സഭ'യെന്ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രം ഉറങ്ങുന്ന മണ്ണാണ് പത്തനംതിട്ടയുടേത്. പുനരൈക്യ ശിൽപ്പിയും പാവനചരിതനുമായ ദൈവദാസൻ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യ ഫലപ്രാപ്തിക്ക് ഒപ്പം ചേർന്ന മണ്ണ്. സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന ഇടം. ചരിത്രത്താളുകളിലൂടെ കടന്നു പോകുമ്പോൾ സഭയെയും സംഘടനയെയും നയിക്കുകയും വളർത്തുകയും ചെയ്ത അനേകം നേതാക്കന്മാരുടെ കാൽപ്പാടുകളെ നമുക്കു കാണുവാൻ സാധിക്കും.

സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ലാണ് യുവജനങ്ങൾ. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ പത്തനംതിട്ട രൂപതയുടെ പ്രവർത്തനങ്ങളുടെ ചരിത്രത്തിലൂടെ യാത്ര ചെയ്യുകയാണ് നാം. 'സഭയാണ് യുവജനങ്ങൾ. യുവജനങ്ങളാണ് സഭയും' എന്ന താദാത്മ്യബോധം കേരള കത്തോലിക്കാ സഭയിൽ ശക്തമായി ഉയർന്നു വന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമാണ്. എന്നാൽ മലങ്കര സഭയിൽ ഈ ധാരണ വളരെ നേരത്തെ തന്നെ ഉരുത്തിരിഞ്ഞിരുന്നു. അതിനുദാഹരണമാണ് എം.സി.വൈ.എം ആരംഭിക്കുന്നതിനു മുൻപ് തന്നെ നമ്മുടെ ഇടവകകളിൽ ഉണ്ടായിരുന്ന ഓരോ യുവജന കൂട്ടായ്മകളും.

സഭയുടെ കെട്ടുപണിയിൽ ശക്തമായ അടിസ്ഥാനമായി നിലകൊള്ളുവാൻ യുവതിയുവാക്കന്മാരെ വളർത്തിയെടുക്കുക മലങ്കര സഭയ്ക്ക് ആവശ്യമാണെന്ന് ആദ്യമേ തിരിച്ചറിഞ്ഞത് മാർ ഈവാനിയോസ് പിതാവാണ്. യുവജനങ്ങളുടെ സഭാ പങ്കാളിത്വത്തിന്, പ്രഥമമായി യുവജന നേതൃത്വത്തെ പരിശീലിപ്പിച്ചെടുക്കണം എന്നതായിരുന്നു പിതാവിന്റെ ദർശനം.

www.malankaralibrary.com



പരിശുദ്ധ കത്തോലിക്കാ സഭയിൽ ഉൾപ്പെട്ടവരെന്ന നിലയിൽ അതിന്റെ നൈയാമിക ഘടന അനുസരിച്ച് യുവാക്കൾക്കും യുവതികൾക്കും ഏതെങ്കിലും ഒരു സംഘടന വേണ മെന്ന് പറയുന്നവർ, യുവജനങ്ങളെ ആത്മീയതലത്തിലുള്ള ഒരു സഭാപ്രസ്ഥാനത്തിലോ ദൈവനിയോഗത്തിലോ ഉൾച്ചേർക്കുവാൻ ശ്രദ്ധിക്കാതെ പോകുന്നു. കേവലം ഒരു സംഘ ടനയിൽ നിന്ന്, ലോകത്തിലെ അനുദിന സംഭവങ്ങളുമായി ഏതോ രീതിയിൽ പ്രതികരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് സഭാപ്രവർത്തകർ ആകുമെന്ന് ചിന്തിക്കുന്നവർ സഭാശരീര ത്തിന്റെ പുറമ്പോക്കുകളിൽ ചുറ്റി നടക്കുക മാത്രം ചെയ്യുന്നു. പത്തനംതിട്ട രൂപതയിലെ എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ രൂപീകരണം മുതൽ ഈ കാലം വരെയുള്ള പ്രവർത്ത നങ്ങളുടെ ചരിത്രത്തിലൂടെ നാം കടന്നു പോകുമ്പോൾ മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം ചരിത്രത്തിന്റെ മൂശയിൽ വാർത്തെടുത്ത ദൈവനിയോഗമാണ്, ക്രിസ്തുവിന്റെ ശരീരത്തിൽ ചേർന്നിരിക്കുന്നതിന്റെ പൂർത്തീകരണമാണ് എന്ന തിരിച്ചറിവിലൂടെ നാം സഞ്ച രിക്കുന്നു.

## എം.സി.വൈ.എം ആരംഭം മുതൽ അവിഭക്ത തിരുവനന്തപുരം മേജർ അതിരൂപതയിലെ പത്തനംതിട്ടയുടെ സാന്നിധ്യം

മതമൈത്രിയുടെ സംഗമഭൂമി, സുറിയാനി ക്രൈസ്തവ പാരമ്പര്യത്തിന്റെ ഈറ്റില്ലം, വൈവിധ്യമാർന്ന സംസ്കാരങ്ങളുടെ കളിത്തൊട്ടിൽ... വർണ്ണനകൾക്കതീതമായ മലയോര പ്രദേശമാണ് പത്തനംതിട്ട. യുവജനങ്ങളുടെ ആത്മീയമായ വളർച്ചയ്ക്കായി സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് പത്തനംതിട്ടയിൽ നിന്നാണ്. 1971 ൽ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന കാത്തലിക് കൺവൻഷന്റെ മൂന്നാം ദിനം, തിരുവനന്തപുരം മേജർ അതിരൂപതയിൽ മലങ്കര കാത്ത ലിക് യൂത്ത് മൂവ്മെന്റ് രൂപം കൊണ്ടു. ഇതിനു മുമ്പേ ഒട്ടേറെ ഇടവകകളിൽ യുവജന സംഘടനകൾ പല പേരുകളിൽ പ്രവർത്തിച്ചിരുന്നു എങ്കിലും സഭ മുഴുവനായും ബന്ധിപ്പി ക്കുന്ന ഒരു യുവജന സംഘടനയായി മാറിയിരുന്നില്ല.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങളെ ഒരു കൊടിക്കീഴിൽ എത്തിച്ച് അവരെ വളർത്തുവാനുള്ള ദൈവനിയോഗം ബഹു. ഡൊമനിക് സഖറിയാസ് അച്ചൻ, അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുഗ്രഹാശ്ശിസുകളോടെ ഏറ്റെടുത്തതിനു ശേഷമാണ് എം.സി.വൈ.എം എന്ന പ്രസ്ഥാനം പിറന്നത്. നീണ്ട പത്ത് വർഷത്തോളം ഡൊമനിക് സഖറിയാസ് അച്ചൻ പ്രസ്ഥാനത്തെ നയിച്ചു. തിരുവനന്തപുരം അതിരൂപതയുടെ എം.സി.വൈ.എംന്റെ പ്രഥമ പ്രസിഡന്റായി ശ്രീ. കെ. എം. സ്കറിയ കുമ്പളാംപൊയ്ക, ജനറൽ സെക്രട്ടറിയായി ശ്രീ. റ്റി. ഏബ്രഹാം വാഴമുട്ടം എന്നിവർ തെര ഞ്ഞെടുക്കപ്പെട്ടു.

പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് തന്നെ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി മാരെ സംഭാവന ചെയ്യുവാൻ പത്തനംതിട്ടയ്ക്കായി എന്നത് ഏറെ ചരിത്രപ്രാധാന്യം അർഹി ക്കുന്ന കാര്യമാണ്. 1933ൽ കാതോലിക്കാ ഹയരാർക്കി സ്ഥാപിച്ചതിനുശേഷം, യൂത്ത് ലീഗ് എന്ന പേരിൽ യുവജന പ്രസ്ഥാനങ്ങൾ ആരംഭിച്ചിരുന്നു എങ്കിലും അത് കേന്ദ്രീകൃതവും

www.malankaralibrary.com



ക്രമീകൃതവും അല്ലായിരുന്നു എന്നത് ന്യൂനതയായിരുന്നു. കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന യുവജന കൺവൻഷനിൽ വച്ച് നിയതമായ രീതിയിൽ എല്ലാ ഇടവകകളിലും യൂണിറ്റുകൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും തൽഫലമായി വൈദികരുടെ നേതൃത്വത്തിൽ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. 1971 ൽ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ അധ്യക്ഷതയിൽ കുമ്പഴ ദൈവാലയത്തിൽ വച്ച് നടന്ന മീറ്റിംഗിൽ യുവജന പ്രസ്ഥാനത്തിന് ഒരു ജനറൽ ബോഡി ആവശ്യമാണെന്ന് തിരിച്ചറിയുകയും അതനുസരിച്ച് പ്രഥമ കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. തുടർന്ന് അടൂരിൽ വച്ച് നടന്ന യോഗത്തിൽ കേന്ദ്രീകൃത സ്വഭാവത്തോടുള്ള പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി കെ.എം.സ്കറിയ ചുമതലയേറ്റു പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി, യുവജനങ്ങളെ സമൂഹത്തിന്റെ വിവിധ മേഖലകളിലേക്ക് കൊണ്ടുവരുവാൻ കലാമത്സരങ്ങൾ, യുവജന സമ്മേളനങ്ങൾ, വ്യക്തിത്വ വികാസ ക്യാമ്പുകൾ, ആരാധനകൾ, പഠന ക്യാമ്പുകൾ, തൊഴിൽ നൈപുണ്യ സെമിനാറുകൾ, ചരിത്ര പഠന സെമിനാറുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ തുടങ്ങിയവ സംഘടിക്കപ്പെട്ടു.

1976-77 കാലയളവിൽ യുവജനങ്ങൾ ഒന്നുചേർന്ന് തെക്കുംമല പള്ളിയിലേക്കുള്ള റോഡ് നിർമ്മിക്കുന്ന പരിപാടിയിൽ പങ്കുചേർന്നു. ആ ശ്രമദാനത്തിന്റെ ഫലമായി ഇടത്തറ - തെക്കുംമല റോഡ് നിർമാണം പൂർത്തിയാവുകയും ചെയ്തു. 1976 ൽ കേരള കത്തോലിക്കാ യുവജന പ്രസ്ഥാനം രൂപം കൊള്ളുകയും പത്തനംതിട്ടയ്ക്ക് അഭിമാനകരമായ നേട്ടമായി ശ്രീ. രാജൻ തോമസ് മണ്ണാരക്കുളഞ്ഞി പ്രഥമ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1978 ൽ റാന്നി-പെരുനാട് കുരിശുമലയിൽ നിന്നും ആരംഭിക്കുന്ന ചരിത്രപ്രസിദ്ധമായ മാർ ഈവാനിയോസ് അനുസ്മരണ തീർത്ഥാടന പദയാത്രയ്ക്ക് നാന്ദി കുറിക്കപ്പെട്ടു. ഈ കാലയളവിൽ റാന്നി-പെരുനാട്, പത്തനംതിട്ട വൈദികജില്ലകൾ ഒരു മേഖലയായി സംയുക്തമായി പ്രവർത്തിച്ചിരുന്നു. 1978 ൽ പരിമിതമായ പ്രാധിനിത്യ സ്വഭാവത്തിൽ ആരംഭിച്ച പദയാത്ര 1985 - 1990 കാലഘട്ടത്തിലാണ് ഇന്നു കാണുന്ന സജ്ജീകരണത്തിലേക്ക് രൂപാന്തരപ്പെട്ടത്. പദയാത്ര ജൂലൈ 10 ന് ആരംഭിച്ചു തുടങ്ങിയതും ഇത്രയേറെ ജനകീയമായതും ഈ കാലഘട്ടത്തിലാണ്. ജില്ലാതല പദയാത്രകൾ പ്രോത്സാഹിപ്പിക്കുകയും പ്രധാന പദയാത്രയുമായി കൂടിച്ചേരുന്നതിനുള്ള ക്രമീകരണങ്ങൾ യുവജനങ്ങൾ ഒരു മനസ്സോടെ ചെയ്യുകയും ചെയ്തു.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ, പത്തനംതിട്ട റാന്നി-പെരുനാട് മേഖലയുടെ വാർഷികാഘോഷങ്ങൾ 1979 ൽ നടത്തപ്പെട്ടത് ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്ന വസ്തുതയാണ്. കെ.സി.വൈ.എം പ്രസിഡന്റ് ആയിരുന്ന ശ്രീ.ആന്റണി അമ്പാട്ട്, തിരുവല്ലയുടെ അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. വാർഷികാഘോഷത്തോടനുബന്ധിച്ച് സുവനീർ പ്രകാശനവും നടത്തപ്പെട്ടു.

www.malankaralibrary.com



1980 ൽ കോട്ടയത്തു വച്ച് പുനരൈക്യ സുവർണ്ണജൂബിലി ആഘോഷങ്ങൾ നടന്നു. അതിന്റെ ഭാഗമായി യുവജനങ്ങൾ വിശുദ്ധ തോമാശ്ലീഹായുടെ ഛായാചിത്ര പ്രയാണം ആങ്ങമുഴി ചായൽപ്പടി കത്തോലിക്കാ ദൈവാലയത്തിൽ നിന്നും കോട്ടയത്തേക്ക് നടത്തുകയുണ്ടായി.

1983 ൽ പത്തനംതിട്ടയിൽ പുനരൈക്യ വാർഷികാഘോഷം നടക്കുകയും എം.സി. വൈ.എംന്റെ നേതൃത്വത്തിൽ വിളംബര ജാഥ ക്രമീകരിക്കുകയും ചെയ്തിരുന്നു. 1998 ൽ മൈലപ്രായിൽ വച്ച് നടന്ന പുനരൈക്യ വാർഷികാഘോഷവും ഇവിടെ സ്മരണീയമാണ്. ആഘോഷങ്ങളുടെ ഭാഗമായുള്ള യുവജന കൺവൻഷനും മൈലപ്രായിൽ നടത്തപ്പെട്ടു. പ്രശസ്ത സാഹിത്യകാരൻ ശ്രീ.പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്തു.

1984 കാലയളവിൽ മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് പത്തനംതിട്ടയിൽ ഒരു കളക്ട്രേറ്റ് ധർണ്ണ സംഘടിപ്പിക്കപ്പെട്ടു. കെ.സി.വൈ.എം ന്റെ ആഹ്വാന പ്രകാരം തിരുവനന്തപുരം അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ റേഷൻ വില വർദ്ധനവിനെതിരേയായിരുന്നു ധർണ്ണ നടത്തപ്പെട്ടത്.

യുവജനങ്ങളുടെ കഴിവുകൾ കൂടുതൽ പ്രോത്സാഹിപ്പിക്കുവാൻ നിരവധി ക്യാമ്പുകൾ നടത്തപ്പെട്ടു. അത്തരത്തിൽ ഏറെ ശ്രദ്ധയാകർഷിക്കപ്പെട്ട ഒന്നായിരുന്നു 1998 ൽ പത്തനംതിട്ട ചീക്കനാലിൽ നടത്തപ്പെട്ട ആത്മദർശൻ ക്യാമ്പ്. ക്രിസ്തുതിരുപ്പിറവിയുടെ രണ്ടായിരം വർഷത്തിലെ മഹാജൂബിലിയ്ക്ക് വിപുലമായ പരിപാടികൾ തിരുവനന്തപുരം അതിരൂപതയിൽ നടത്തപ്പെട്ടപ്പോൾ, 'ക്രിസ്തു ജയന്തി -20' എന്ന മഹാസമ്മേളനത്തിനു മുന്നോടിയായി ക്രിസ്തുജയന്തി പ്രഘോഷണ യജ്ഞം 1998 മെയ് 1-ാം തീയതി റാന്നി-പെരുനാട്ടിൽ തുടക്കം കുറിച്ചു. വന്ദ്യ മോൺസിഞ്ഞോർ ഗീവർഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പാ സന്ദേശയാത്ര ഉദ്ഘാടനം ചെയ്തു.

ഇത്തരത്തിൽ യുവജനങ്ങളെ കർമ്മോത്സുകരായി സഭയ്ക്കും സമൂഹത്തിനും കർമ്മശേഷിയുള്ളവരെ സംഭാവന ചെയ്യുവാൻ പത്തനംതിട്ടയുടെ മണ്ണിൽ എം.സി.വൈ.എം ശക്തിയോടെ പ്രവർത്തിക്കുകയും ഉറപ്പുള്ള അടിത്തറ പണിയുകയും ചെയ്തു. യുവജനതയുടെ ശബ്ദമായി മാറിയ പ്രധാന പരിപാടികളിലേക്ക് കണ്ണോടിക്കുന്നത് യുവത്വത്തിന്റെ ഈ ചരിത്രത്തെ, പുത്തൻ ഉണർവായി ഹൃദയത്തിലേക്ക് സ്വീകരിക്കുന്നതിന്റെ ഭാഗമാണ്. ശ്രീ. മോൻസൺ കെ.മാത്യു, വി.കോട്ടയം സഭാതല സമിതിയുടെ പ്രഥമ പ്രസിഡന്റായി ചുമതലയേറ്റതും പത്തനംതിട്ടയിലെ യുവജനങ്ങൾക്ക് ആവേശവും പ്രവർത്തനവീര്യവും നൽകി എന്നത് സ്മരണീയമാണ്.

www.malankaralibrary.com



# യുവശക്തി പത്തനംതിട്ടയുടെ മണ്ണിൽ

## 9–ാം മലങ്കര യുവജന കൺവൻഷൻ

68–ാം പുനരൈക്യ വാർഷികം പത്തനംതിട്ടയിലെ മൈലപ്രായിൽ വച്ച് നടത്തപ്പെട്ടു. വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള മലങ്കര യുവജന കൺവൻഷൻ സെപ്റ്റംബർ 20–ാം തീയതി സംഘടിപ്പിച്ചു. ആ കാലയളവിൽ ദേശീയസമിതി പ്രസിഡന്റ് ശ്രീ.ജോസഫ് ചെറിയാൻ ഉള്ളന്നൂർ ആയിരുന്നു. 9–ാം യുവജന കൺവൻഷനിൽ അനുഗ്രഹ പ്രഭാഷണം നടത്തിയത് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവായിരുന്നു. തിരുവനന്തപുരം അതിരൂപതയുടെ പ്രസിഡന്റായിരുന്ന ശ്രീ.ലിജു ജോർജ്ജ് വടശ്ശേരിക്കര കൺവൻഷന്റെ ജനറൽ കൺവീനറായി പ്രവർത്തിച്ചു.

## ആത്മദർശൻ ക്യാമ്പ്

1998 ഒക്ടോബർ 17 മുതൽ 19 വരെ പത്തനംതിട്ടയിലെ ചീക്കനാൽ ഫ്രാൻസിസ് മെമ്മോറിയൽ കൗൺസിലിംഗ് സെന്ററിൽ വച്ച് ആത്മദർശൻ ക്യാമ്പ് നടത്തി. മലങ്കര മാർത്തോമ്മാ സഭയുടെ റാന്നി-നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ യൂയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

## കലോത്സവം

1998ലെ അതിരൂപത കലോത്സവത്തിനു വേദിയായത് അടൂർ ഹോളി എയ്ഞ്ചൽസ് സ്കൂളാണ്. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ ആയിരുന്നു ഉദ്ഘാടന കർമ്മം നിർവഹിച്ചത്.

## യുവജന ധ്യാനം

'തപോമയം' എന്ന പേരിൽ 1999 ൽ റാന്നി–പെരുനാട് കുരിശുമലയിൽ വച്ച് പാതിനോമ്പിനോടനുബന്ധിച്ച് മാർച്ച് 6–ാം തീയതി യുവജനധ്യാനം നടത്തപ്പെട്ടു.

## സ്വാതന്ത്ര്യദിനാഘോഷം

'ഹമാരാ ഭാരത്' എന്ന പേരിൽ ഭാരതത്തിന്റെ 52–ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ആഗസ്റ്റ് 15–ാം തീയതി പത്തനംതിട്ടയിൽവച്ച് റാലിയും പൊതുസമ്മേളനവും നടത്തപ്പെട്ടു. വിശ്വാസ സാഹോദര്യ റാലി ഉദ്ഘാടനം ചെയ്തത് കേരള സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ.ഇ.ചന്ദ്രശേഖരൻ നായർ ആയിരുന്നു.

## നേതൃസംഗമം

2005 ഏപ്രിൽ 21 ന് അടൂർ ഹോളി ഏയ്ഞ്ചൽസ് സ്കൂളിൽ വച്ച് യൂണിറ്റ് – ജില്ലാ ഭാരവാഹികളുടെ സംഗമം നടത്തപ്പെട്ടു. 'ദർശനം' എന്ന പേരിൽ നടത്തിയ ഈ സംഗമം ഉദ്ഘാടനം ചെയ്തത് കേരള സംസ്ഥാന ജനസേചന വകുപ്പ് മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ആയിരുന്നു.

www.malankaralibrary.com



അവിഭക്ത തിരുവനന്തപുരം അതിരൂപതയിലെ എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലെ പത്തനംതിട്ടയിലെ യുവജനങ്ങളുടെ ശക്തമായ സാന്നിധ്യം മേൽ വിവരിച്ച പരിപാടികളിൽ നിന്നു തന്നെ വായിച്ചെടുക്കാവുന്നതേയുള്ളൂ.

## പത്തനംതിട്ട ഭദ്രാസനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക്, വിശിഷ്യാ പത്തനംതിട്ടയിലെ മലങ്കര മക്കൾക്ക് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും ദിവസമായിരുന്നു 2010 മാർച്ച് 20-ാം തീയതി. 100 ഇടവകകൾ കൂട്ടിച്ചേർന്ന് പത്തനംതിട്ട എന്ന പുതിയ ഭദ്രാസനം. പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽവച്ച് നടത്തപ്പെട്ട ഉദ്ഘാടന സമ്മേളനം മലങ്കര മാർത്തോമാ സഭയുടെ വലിയ ഇടയൻ അഭിവന്ദ്യ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന യോഗം പത്തനംതിട്ടയിലെ വിശ്വാസ സമൂഹത്തിന് പുത്തൻ ഉണർവേകി.

അന്നേദിവസം രാവിലെ 8 മണിക്ക് നടന്ന വി.കുർബാനയ്ക്കു ശേഷം പൊതുസമ്മേളനം നടത്തപ്പെട്ടു. ഉച്ചയ്ക്ക് 1.30 ന് മൈലപ്ര തിരുഹൃദയ ദൈവാലയത്തിൽവച്ച് പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ സ്ഥാനാരോഹണം ചെയ്തു. നാല് വൈദികജില്ലകളോടെ ആരംഭിച്ച ഭദ്രാസനം സീതത്തോട് വൈദിക ജില്ലയുടെ ഉദ്ഘാടനത്തോടെ അഞ്ച് വൈദികജില്ലകൾ ചേരുന്നതായി മാറി. രാഷ്ട്രീയ, മത, സാമൂഹിക, സാമുദായിക നേതാക്കന്മാരുടെ സാന്നിധ്യം ഭദ്രാസന ഉദ്ഘാടന ചടങ്ങിന്റെ മാറ്റ് കൂട്ടി. രൂപതാ ഉദ്ഘാടനത്തോടനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ 100 ഇടവകകളും സന്ദർശിച്ചു കൊണ്ട് നടത്തപ്പെട്ട ബൈക്ക് റാലി ഓർമ്മയിൽ സൂക്ഷിക്കപ്പെടുന്ന ഒന്നായി മാറി.

## യുവജന പ്രസ്ഥാനത്തിന്റെ നാൾവഴികൾ

ഭദ്രാസനത്തിലെ യുവജനങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുവാൻ രൂപതാസമിതി അനിവാര്യമായതിനാൽ കാലതാമസങ്ങളേതുമില്ലാതെ 2010 മെയ് 9-ാം തീയതി പത്തനംതിട്ട കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ട യുവജന പ്രസ്ഥാനത്തിന്റെ പ്രഥമ യോഗത്തിൽ ഒരു താൽക്കാലിക കമ്മറ്റി (അഡ്ഹോക്ക് കമ്മറ്റി) രൂപീകരിച്ചു. ഭദ്രാസന വികാരി ജനറാൾമാരായ മോൺ.ജോസ് ചാമക്കാലായിൽ, മോൺ.ചാക്കോ തടത്തിൽ എന്നിവർ പങ്കെടുത്തു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ യുവജനങ്ങൾക്ക് നേതൃത്വം നൽകിയ പരിചയ സമ്പന്നരായ യുവജന നേതാക്കന്മാരെയും നിലവിലെ ജില്ലാസമിതി അംഗങ്ങളെയും ചേർന്നാണ് കമ്മറ്റി രൂപീകരിച്ചത്. അഡ്ഹോക്ക് കമ്മറ്റിയുടെ പ്രസിഡന്റായി അജി ഡാനിയേൽ പൂങ്കാവ്, ജനറൽ സെക്രട്ടറിയായി അജിൻ ചാക്കോ കാരയ്ക്കാട് എന്നിവർ നിയമിക്കപ്പെട്ടു. സമിതിയുടെ ഡയറക്ടറായി ഫാ.വർഗീസ് വിളയിലും സിസ്റ്റർ ആനിമേറ്ററായി സി.ലീന എസ്.സി.വി യും ചുമതലയേറ്റു.

www.malankaralibrary.com



## തുടർ പ്രവർത്തനങ്ങൾ

സമിതിയുടെ ആദ്യപ്രവർത്തനങ്ങളിൽ ഒന്ന് ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ കബറിലേക്കുള്ള തീർത്ഥാടന പദയാത്രയിൽ പത്തനംതിട്ട, തിരുവനന്തപുരം സമിതികൾ സംയുക്തമായി നേതൃത്വം നൽകുക എന്നതായിരുന്നു. 2010 ജൂൺ 16-ാം തീയതി അടൂർ തിരുഹൃദയ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട മീറ്റിംഗിൽ പദയാത്ര സംയുക്തമായി നടത്തുവാൻ ഇരു ഭദ്രാസന സമിതികളും തീരുമാനിച്ചു.

## പ്രഥമ സെനറ്റ്

പത്തനംതിട്ട ഭദ്രാസനത്തിന്റെ എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ പ്രഥമ സെനറ്റ് സമ്മേളനം 2010 ഡിസംബർ 10-ാം തീയതി മൈലപ്ര തിരുഹൃദയ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. രണ്ട് ദിവസം നീണ്ടു നിന്ന സെനറ്റിൽ 11-ാം തീയതി പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഭദ്രാസനത്തിന്റെ തെരഞ്ഞെടുക്കപ്പെടുന്ന പ്രഥമ പ്രസിഡന്റായി ശ്രീ.അജു തോമസ് തെക്കുംമല, ജനറൽ സെക്രട്ടറിയായി ശ്രീ.ഷിജോ വി.വർഗീസ് ഉള്ളന്നൂർ എന്നിവർ സ്ഥാനമേറ്റു. ഭദ്രാസനത്തിന്റെ എം.സി.വൈ.എം ഭരണഘടന തയ്യാറാക്കുവാൻ നിയോഗിക്കപ്പെട്ട ശ്രീ. അജിൻ ചാക്കോ, ഭരണഘടനയുടെ കരട് സെനറ്റിൽ അവതരിപ്പിക്കുകയും ഭരണഘടന സെനറ്റ് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പുതിയ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ചെങ്ങന്നൂർ സബ് കളക്ടറായിരുന്ന ബഹു.ഡോ.ഹരി കിഷോർ IAS യുവജനങ്ങൾക്ക് ഊർജ്ജം പകരുന്ന വാക്കുകളാലും ചിന്തകളാലും സമ്മേളനം വിജയപ്രദമാക്കി.

## തെരഞ്ഞെടുപ്പുകൾ

ഒരു സംഘടനയെ സംബന്ധിച്ചിടത്തോളം ഭരണസമിതി ഉണ്ടായിരിക്കുക എന്നുള്ളതും അതിനുവേണ്ടി തെരഞ്ഞെടുപ്പുകൾ നടത്തുക എന്നുള്ളതും അനിവാര്യമാണ്. എം.സി. വൈ.എം ഭദ്രാസന, ജില്ലാ, യൂണിറ്റുതല തെരഞ്ഞെടുപ്പുകൾ രണ്ട് വർഷം കൂടുമ്പോളാണ് നടത്തപ്പെടുന്നത്. ഒരു സമിതിയുടെ കാലാവധി രണ്ട് വർഷമാണ്. എല്ലാ രണ്ട് വർഷങ്ങളിലും തെരഞ്ഞെടുപ്പുകൾ നടത്തിവരുന്നു.

## 2010 മുതലുള്ള ഭദ്രാസന ഡയറക്ടർ, സിസ്റ്റർ ആനിമേറ്റർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാർ

### 2010 അഡ്ഹോക്ക് കമ്മറ്റി

| | | |
|---|---|---|
| ഡയറക്ടർ | : | റവ. ഫാ. വർഗീസ് വിളയിൽ |
| സി.ആനിമേറ്റർ | : | സി. ലീന എസ്.സി.വി. |
| പ്രസിഡന്റ് | : | ശ്രീ. അജി ഡാനിയേൽ, പൂങ്കാവ് |
| ജനറൽ സെക്രട്ടറി | : | ശ്രീ.അജിൻ ചാക്കോ, കാരയ്ക്കാട് |

www.malankaralibrary.com



**2011 തെരഞ്ഞെടുക്കപ്പെട്ട സമിതി**

| | | |
|---|---|---|
| ഡയറക്ടർ | : | റവ. ഫാ. വർഗീസ് വിളയിൽ |
| സി.ആനിമേറ്റർ | : | സി. ലീന എസ്.സി.വി. |
| പ്രസിഡന്റ് | : | ശ്രീ. അജു തോമസ്, തെക്കുംമല |
| ജനറൽ സെക്രട്ടറി | : | ശ്രീ. ഷിജോ വി.വർഗീസ്, ഉള്ളന്നൂർ |

**2012-13 സമിതി**

| | | |
|---|---|---|
| ഡയറക്ടർ | : | റവ. ഫാ. വർഗീസ് വിളയിൽ |
| | | റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ |
| സി.ആനിമേറ്റർ | : | സി.ലീന എസ്.സി.വി. |
| | | സി.ഐറിൻ കണ്ണന്താനം ഡി.എം. |
| പ്രസിഡന്റ് | : | ശ്രീ.ഷിജോ വി.വർഗീസ്, ഉള്ളന്നൂർ |
| ജനറൽ സെക്രട്ടറി | : | ശ്രീ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ഓമല്ലൂർ |
| | : | ശ്രീ. ജെസൺ മാത്യു, എലിമുള്ളുംപ്ലാക്കൽ |

**2014-15 സമിതി**

| | | |
|---|---|---|
| ഡയറക്ടർ | : | റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ |
| സി.ആനിമേറ്റർ | : | സി.ഐറിൻ കണ്ണന്താനം ഡി.എം. |
| പ്രസിഡന്റ് | : | ശ്രീ. ഷിജോ വി.വർഗീസ്, ഉള്ളന്നൂർ |
| ജനറൽ സെക്രട്ടറി | : | ശ്രീ. ജെസൺ മാത്യു, എലിമുള്ളുംപ്ലാക്കൽ |
| | | ശ്രീ. ജിഫിൻ സാം, മൈലപ്ര |

**2016-17 സമിതി**

| | | |
|---|---|---|
| ഡയറക്ടർ | : | റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ |
| സി.ആനിമേറ്റർ | : | സി. ഐറിൻ കണ്ണന്താനം ഡി.എം. |
| പ്രസിഡന്റ് | : | ശ്രീ. ജോബിൻ ഈനോസ്, വകയാർ |
| ജനറൽ സെക്രട്ടറി | : | ശ്രീ. ജിജോ കുഞ്ഞുമോൻ, ഊട്ടുപാറ |

www.malankaralibrary.com



**2018–19 സമിതി**

| | | |
|---|---|---|
| ഡയറക്ടർ | | റവ. ഫാ. മാത്യു പുതുപ്പറമ്പിൽ |
| | | റവ. ഫാ. തോമസ് ചിറയത്ത് |
| സി.ആനിമേറ്റർ | : | സി. കൃപ എസ്.ഐ.സി |
| പ്രസിഡന്റ് | : | ശ്രീ. ജോബിൻ ഈനോസ്, വകയാർ |
| ജനറൽ സെക്രട്ടറി | : | ശ്രീ. ജിഫിൻ സാം, മൈലപ്ര |

**2020–21 സമിതി**

| | | |
|---|---|---|
| ഡയറക്ടർ | : | റവ. ഫാ. ഏബ്രഹാം മേപ്പുറത്ത് |
| സി.ആനിമേറ്റർ | : | സി. തമീം എസ്.ഐ.സി. |
| പ്രസിഡന്റ് | : | ശ്രീ. ജിഫിൻ സാം, മൈലപ്ര |
| ജനറൽ സെക്രട്ടറി | : | ശ്രീ. സുബിൻ തോമസ്, തണ്ണിത്തോട് |

## തിരുവനന്തപുരം അതിരൂപതയുടെ പത്തനംതിട്ട രൂപതയിൽ നിന്നുള്ള ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി

**ഡയറക്ടേഴ്സ്**

| | | | |
|---|---|---|---|
| 1. | റവ.ഫാ.ഡൊമനിക് സഖറിയ | – | (1971 – 1982) |
| 2. | റവ.ഫാ.ജോസഫ് തടത്തിൽ | – | (1953 – 1986) |
| 3. | റവ.ഫാ.ഫിലിപ്പ് തോമസ് | – | (1987 – 1988) |
| 4. | റവ.ഫാ.ജോസ് ചാമക്കാലായിൽ | – | (1989 – 1991) |
| 5. | റവ.ഫാ.ഗീവർഗീസ് നെടിയത്ത് | – | (1992 – 1995) |
| 6. | റവ.ഫാ.ജോൺ തുണ്ടിയത്ത് | – | (1996 – 2000) |
| 7. | റവ.ഫാ.ഏബ്രഹാം വാവോലിമേപ്പുറത്ത് | – | (2001 – 2006) |

**അസിസ്റ്റന്റ് ഡയറക്ടേഴ്സ്**

1. റവ. ഫാ. അഗസ്റ്റിൻ പുലിമുറ്റത്ത്
2. റവ. ഫാ. ജേക്കബ് കളിയന്താനത്ത്
3. റവ. ഫാ. തോമസ് കയ്യാലയ്ക്കൽ

www.malankaralibrary.com



## പ്രസിഡന്റുമാർ

| | | | |
|---|---|---|---|
| 1. | ജെയിംസ് മേടയിൽ, കുമ്പഴ | – | 1976 |
| 2. | കെ.എം.സ്കറിയ, കുമ്പ്ളാംപൊയ്ക | | |
| 3. | രാജു കോയിക്കലേത്ത്, വകയാർ | | |
| 4. | കെ.ജി.ജോയി, മൈലപ്ര | | |
| 5. | പ്രൊഫ.കെ.വി.തോമസുകുട്ടി, കോന്നി | | |
| 6. | ചെറിയാൻ ചെന്നീർക്കര, പമ്പുമല | | |
| 7. | മോൻസൻ കെ.മാത്യു, വി.കോട്ടയം | | |
| 8. | സ്റ്റാൻലി ജോർജ്ജ്, മൈലപ്ര | | |
| 9. | സ്റ്റാൻലി ജോൺസൺ, കൂടൽ | – | 1996 – 1997 |
| 10. | ലിജു ജോർജ്ജ്, വടശ്ശേരിക്കര | – | 1998 – 1999 |
| 11. | സജി മാത്യു, ഇലന്തൂർ | – | 2000 |
| 12. | അനിൽ കോശി, ഉള്ളന്നൂർ | – | 2001 |
| 13. | അജിൻ ചാക്കോ | – | 2007 |
| 14. | അജി ഡാനിയേൽ | – | 2008 – 2009 |

## ജനറൽ സെക്രട്ടറിമാർ

| | | | |
|---|---|---|---|
| 1. | റ്റി. ഏബ്രഹാം, വാഴമുട്ടം | | |
| 2. | ജോർജ്ജ് ചെറിയാൻ, പത്തനംതിട്ട | – | 1976 |
| 3. | ആന്റണി, ചന്ദനപ്പള്ളി | | |
| 4. | തോമസ് തുണ്ടിയത്ത്, കൂടൽ | – | 1996 – 1997 |
| 5. | സജി മാത്യു, ഇലന്തൂർ | – | 1998 – 1999 |

## അതിരൂപതയിൽ നിന്നുള്ള ദേശീയസമിതി ഭാരവാഹികൾ

| | | | |
|---|---|---|---|
| 1. | മോൻസൺ കെ.മാത്യു, വി.കോട്ടയം | – | പ്രസിഡന്റ് |
| 2. | ജോസഫ് ചെറിയാൻ, ഉള്ളന്നൂർ | – | |
| 3. | ലിജു ജോർജ്ജ്, വടശ്ശേരിക്കര | – | ജനറൽ സെക്രട്ടറി |

## കെ.സി.വൈ.എം.

| | | | |
|---|---|---|---|
| 1. | തോമസ് തുണ്ടിയത്ത് | – | ജനറൽ സെക്രട്ടറി |
| 2. | സ്റ്റാൻലി ജോർജ്ജ്, മൈലപ്ര | – | പ്രസിഡന്റ് &<br>ജനറൽ സെക്രട്ടറി |
| 3. | ലിജു ജോർജ്ജ്, വടശ്ശേരിക്കര | – | പ്രസിഡന്റ് |

www.malankaralibrary.com



## ഉപരി സമിതികൾ

പത്തനംതിട്ട ഭദ്രാസനത്തിൽ നിന്നും യുവജന പ്രസ്ഥാനത്തിന്റെ ഉപരി സമിതികളിലേക്ക് അനേകം യുവജന നേതാക്കന്മാരെ സംഭാവന ചെയ്യുവാനും അവരുടെ പ്രോജ്വലമായ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും സാധിച്ചു. പ്രവർത്തന മികവുകൊണ്ട് പത്തനംതിട്ടയുടെ യുവജനങ്ങൾ ഇപ്പോഴും ഉപരി സമിതികൾ സജീവ സാന്നിധ്യമായി കടന്നു വരുന്നു എന്നത് അഭിമാനകരമായ നേട്ടമാണ്.

## കെ.സി.വൈ.എം.

*കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ ധീരസാരഥികളായി പ്രവർത്തിച്ചവർ...*

| | | |
|---|---|---|
| അജി ഡാനിയേൽ, പൂങ്കാവ് | : | ജനറൽ സെക്രട്ടറി (2011), പ്രസിഡന്റ് (2012) |
| റെന്നിരാജ്, തണ്ണിത്തോട് | : | ജനറൽ സെക്രട്ടറി (2014), പ്രസിഡന്റ് (2015) |
| ജെബി പി.ജോൺ, വടശ്ശേരിക്കര | : | വൈസ് പ്രസിഡന്റ് (2013) |
| ജിഫിൻ സാം, മൈലപ്ര | : | സെക്രട്ടറി (2017) |
| അജോയ് പി.തോമസ്, വയലത്തല | : | സെക്രട്ടറി (2021) |

## എം.സി.വൈ.എം സഭാതലം

| | | |
|---|---|---|
| ജെബി. പി. ജോൺ വടശ്ശേരിക്കര | : | വൈസ് പ്രസിഡന്റ് (2011-14) |
| റെന്നി രാജ്, തണ്ണിത്തോട് | : | പ്രസിഡന്റ് (2015-16) |
| റിറ്റി. എം. രാജൻ, വടശ്ശേരിക്കര | : | സെക്രട്ടറി (2018-19) |

## കർമ്മപദ്ധതി ഉദ്ഘാടനങ്ങൾ

യുവജനങ്ങളെ പ്രവർത്തനോന്മുഖരാക്കി കൂടുതൽ തീക്ഷ്ണതയോടെ കർമ്മപഥത്തിൽ മുന്നേറുവാൻ ഓരോ കർമ്മപദ്ധതികളും വലിയ പങ്കുവഹിക്കുന്നു. എല്ലാ വർഷവും അതാത് ഭദ്രാസന സമിതികളുടെ നേതൃത്വത്തിൽ കർമ്മപദ്ധതികൾ വിഭാവനം ചെയ്യുകയും ഉദ്ഘാടനം നടത്തപ്പെടുകയും ചെയ്യുന്നു.

| | | |
|---|---|---|
| 2011 ജനുവരി 26 | : | പൂങ്കാവ് |
| 2013-14 ഫെബ്രുവരി 02 | : | മൈലപ്ര |
| 2015 ഫെബ്രുവരി 22 | : | ഇലന്തൂർ |
| 2016 ഫെബ്രുവരി 21 | : | 'ഉണർവ്' കടമ്മനിട്ട |

www.malankaralibrary.com



| | | |
|---|---|---|
| 2017 ഫെബ്രുവരി 12 | : | വി.കോട്ടയം |
| 2018 | : | കുമ്പഴ |
| 2019 ജനുവരി 12 | : | ഓമല്ലൂർ ദർശന ഓഡിറ്റോറിയം |
| 2020 ജൂൺ 27 | : | ബിഷപ്പ്സ് ഹൗസ് |
| 2021 ഫെബ്രുവരി 7 | : | 'ഫ്രത്തല്ലാൻസ' കാർമല |

## ഐഡി കാർഡ് ക്യാംപെയ്ൻ

ഭദ്രാസനത്തിലെ യുവജനങ്ങൾക്ക് സംഘടനയുടെ ഔദ്യോഗിക അംഗത്വം ലഭിക്കുവാൻ എല്ലാ വർഷങ്ങളിലും ഐഡി കാർഡ് നൽകപ്പെടുന്നു. പ്രത്യേകം രൂപകൽപ്പന ചെയ്ത ഫോമിൽ യുവജനങ്ങൾ വിശദാംശങ്ങൾ പൂരിപ്പിച്ച് നൽകുകയും ജില്ലാ സമിതികൾ വഴി ഭദ്രാസന സമിതിയിൽ ഏൽപ്പിക്കുകയും ഐഡി കാർഡ് നൽകുകയും ചെയ്യുന്നു. ഭദ്രാസനത്തിലെ 15 വയസ്സു മുതൽ 35 വയസ്സ് വരെയുള്ളവർക്കായിരുന്നു സംഘടനയിൽ അംഗത്വം ലഭിക്കുക. എന്നാൽ ഗ്ലോബൽ മീറ്റിൽ, എം.സി.വൈ.എം.ൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെ പ്രായപരിധി 35 വയസ്സിൽ നിന്ന് 30 വയസ്സാക്കിയ തീരുമാനം അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ പ്രഖ്യാപിക്കുകയും അതിൻ പ്രകാരം നിലവിലെ പ്രായപരിധി 15-30 ആക്കി നിജപ്പെടുത്തുകയും ചെയ്തു. തുടക്കത്തിൽ ഏകദേശം 2500 ഓളം ഐഡി കാർഡുകൾ വിതരണം ചെയ്തു. നിലവിൽ ഭദ്രാസനത്തിൽ ഐഡി കാർഡുള്ള 4500ൽപരം യുവജനങ്ങളുണ്ട്. ഐഡി കാർഡിനുള്ള വിവരങ്ങൾ ഹാർഡ് കോപ്പിയായി തുടക്കത്തിൽ സ്വീകരിക്കുകയും പിന്നീട് രൂപതയുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തരം ഐഡി കാർഡിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു.

## വനിതാ സംഗമങ്ങൾ

യുവതികളുടെ ശക്തമായ സാന്നിധ്യവും പ്രവർത്തനങ്ങളും ഓരോ യുവജനപ്രസ്ഥാനത്തിന്റെയും വളർച്ചയിൽ അവിഭാജ്യ ഘടകമാണ്. സഭയിലും സമൂഹത്തിലും വനിതകളെ മുൻനിരയിൽ എത്തിക്കുവാനും എല്ലാ മേഖലകളിലും അവരുടെ ക്രിയാത്മ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി ഓരോ സമിതികളും വനിതാ സംഗമങ്ങൾ നടത്തുന്നു.

ഭദ്രാസനത്തിന്റെ പ്രഥമ വനിതാസംഗമം 2012 മെയ് 26-ാം തീയതി 'കൈവിളക്ക്' എന്ന പേരിൽ വകയാർ ദൈവാലയത്തിൽ സംഘടിക്കപ്പെട്ടു. 2013 ൽ കാരയ്ക്കാട് ദൈവാലയത്തിൽവച്ച് വനിതാസംഗമം ക്രമീകരിച്ചു. 2019 സെപ്റ്റംബർ 21 ന് കുമ്പഴ ദൈവാലയത്തിൽ വനിതാസംഗമം നടത്തപ്പെടുകയും സി. ഡോ. ജെർമെയിൻ ഡി.എം. (ആനിമേറ്റർ തിരുവനന്തപുരം) സെമിനാറിനു നേതൃത്വം നൽകുകയും ചെയ്തു. പത്തനംതിട്ട നഗരസഭാ ചെയർപേഴ്സൺ ശ്രീമതി റോസ്‌ലിൻ സന്തോഷ് വിശിഷ്ടാതിഥിയായിരുന്നു.

2021 ഫെബ്രുവരി 13-ാം തീയതി 'എഗെയ്റോ' എന്ന പേരിൽ വനിതാസംഗമം നടത്തപ്പെട്ടു. മോട്ടിവേഷണൽ സ്പീക്കർ ശ്രീമതി മെർലിൻ മാത്യു ക്ലാസ്സ് നയിച്ചു. സാമൂഹിക

www.malankaralibrary.com



-രാഷ്ട്രീയ മേഖലകളിൽ വനിതകൾക്ക് പ്രചോദനം നൽകുവാൻ പത്തനംതിട്ട കൗൺസിലർമാരും, കത്തീഡ്രൽ ഇടവക അംഗങ്ങളുമായ ശ്രീമതി റോസ്‌ലിൻ സന്തോഷ്, ശ്രീമതി ശോഭ മാത്യൂ എന്നിവരുടെ നേതൃത്വത്തിൽ പാനൽ ചർച്ച നടത്തപ്പെടുകയും ചെയ്തു.

ഓരോ വനിതാസംഗമങ്ങളും ക്ലാസ്സുകളും പാനൽ ചർച്ചകളും എം.സി.വൈ.എം പ്രസ്ഥാനത്തിലെ യുവതികളുടെ തീക്ഷ്ണമായ പ്രവർത്തനങ്ങൾക്കും ശക്തമായ നേതൃത്വത്തിനും സഹായകമായിത്തീരുന്നു എന്നത് നിസ്സംശയമായ വസ്തുതയാണ്.

## യുവജന സംഗമങ്ങൾ

### പിസ്തോസ് 2013

എം.സി.വൈ.എം പ്രസ്ഥാനത്തെ നെഞ്ചിലേറ്റിയ യുവജനങ്ങൾ ഒന്നുചേർന്ന് അഭിമാനകരമായ നിമിഷങ്ങളാക്കി മാറ്റിയ സംഭവങ്ങളാണ് ഓരോ യുവജന സംഗമങ്ങളും. വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി 2013 ഒക്ടോബർ 16 ന് ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽവച്ച് 'പിസ്തോസ്' എന്ന പേരിൽ പ്രഥമയുവജനസംഗമം നടത്തപ്പെട്ടു. രൂപതാ വികാരി ജനറാൾ മോൺ.ചാക്കോ തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. 'വിശ്വാസം സഭയിലൂടെ' എന്ന വിഷയത്തിൽ ഫാ. ടോബി എസ്. ജെയും അവയവ ദാനത്തിന്റെ മഹത്വത്തെക്കുറിച്ച്, കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യാ ജോയിന്റ് കോർഡിനേറ്റർ ശ്രീ.കുര്യൻ തുമ്പുങ്കലും ക്ലാസ്സ് നയിച്ചു. സമാപന സമ്മേളനം ശാന്തി ഇൻഫർമേഷൻ സെന്റർ ഡയറക്ടർ, സി.സി.എൻ 2010 അവാർഡ് ജേതാവ് ഉമാ പ്രേമൻ ഉദ്ഘാടനം ചെയ്തു. അവയവദാന സമ്മതപത്രം യുവജനങ്ങളുടെ പ്രതിനിധിയായി രൂപതാ ട്രഷറാർ അജോ സി.ജോൺ ഉമാ പ്രേമന് കൈമാറി. പിതാവിന്റെ ഭവന നിർമ്മാണ പദ്ധതിയിലേക്ക് എം.സി.വൈ.എംന്റെ സംഭാവനയായി 50000/- രൂപ പ്രസിഡന്റ് ഷിജോ.പി.വർഗീസ് കൈമാറി.

### പിസ്തോസ് 2015

2015 ഡിസംബർ 19 ന് വകയാർ ദൈവാലയത്തിൽവച്ച് 'പിസ്തോസ്' യുവജനസംഗമം നടത്തപ്പെട്ടു. റവ. ഫാ. ജോൺ ചൊള്ളാനിക്കൽ ഒ.എഫ്.എം. ക്ലാസ് നയിച്ചു. സംഗമത്തിൽ വന്നു ചേർന്നവർ അവയവദാന സമ്മതപത്രം പൂരിപ്പിച്ചു നൽകി. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ചെയർമാൻ ഫാ. ഡേവിഡ് ചിറമേൽ വിശിഷ്ടാതിഥിയായിരുന്നു.

2019ൽ യുവജനസംഗമം ക്രമീകരിക്കപ്പെട്ടു. പന്തളം വൈദികജില്ലയുടെ ആതിഥേയത്വത്തിൽ കാരയ്ക്കാട് ദൈവാലയത്തിൽ വച്ചായിരുന്നു.

### പരിസ്ഥിതിദിനാഘോഷം

നാം ജീവിക്കുന്ന ചുറ്റുപാടുകളോടും നമുക്കു ജീവൻ നൽകിയ പ്രകൃതിയോടും കടപ്പെട്ടവരെന്ന നിലയിൽ പ്രകൃതിയെ സംരക്ഷിക്കുക എന്ന വലിയ ഉത്തരവാദിത്വം നമുക്കുണ്ട്. യുവജനങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ പരിസ്ഥിതിദിനവും ഭൂമിയ്ക്കുവേണ്ടി

www.malankaralibrary.com



പ്രത്യേകമായ പ്രവർത്തനങ്ങൾ ചെയ്യാനുള്ള അവസരമായി പ്രയോജനപ്പെടുത്തുന്നു. 2011 ൽ ആങ്ങമുഴിയിൽ വച്ച് നടന്ന 'പച്ചപ്പ്' പ്രഥമ പരിസ്ഥിതിദിനാഘോഷം, ബഹു.നടമല അച്ചൻ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. 2012 ൽ കൊക്കാത്തോട്ടിൽ വച്ചു നടന്ന ദിനാഘോഷത്തിൽ ഫാ. ടോം കണ്ണന്താനം ഒ.എഫ്.എം. ക്ലാസ്സ് എടുത്തു. 50 ഓളം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു. 2013 ൽ തണ്ണിത്തോടും വച്ച് പരിസ്ഥിതി ദിനാഘോഷങ്ങൾ സംഘടിപ്പിക്കപ്പെട്ടു. പ്രകൃതിയുടെ മനോഹാരിത അത്രയേറെ വിളിച്ചറിയിക്കുന്ന ആ സ്ഥലങ്ങൾ ആഘോഷങ്ങളെ അർത്ഥപൂർണ്ണമാക്കി.

2014 ൽ പരിസ്ഥിതിദിനത്തോടുനുബന്ധിച്ച് രൂപതാ സമിതിയുടെ നേതൃത്വത്തിൽ എറണാകുളം മംഗളവനം സന്ദർശിക്കുകയും വൃക്ഷത്തൈ വച്ചുപിടിപ്പിക്കുകയും ചെയ്തു.

"ഭൂമിക്കൊരു തണൽ" എന്ന പേരിൽ 2020-2021 ഭദ്രാസന സമിതിയുടെ പരിസ്ഥിതി ദിനാഘോഷങ്ങളും പ്രവർത്തനങ്ങളും തുടരുന്നു. യുവകർഷകരെ കണ്ടെത്തുവാനും കൃഷിയെ പ്രോത്സാഹിപ്പിക്കുവാനും പ്രകൃതിയെ സംരക്ഷിക്കുവാനും ആഹ്വാനം ചെയ്തുകൊണ്ട് ഓരോ വർഷത്തെയും പരിസ്ഥിതിദിനാഘോഷം നടന്നു വരുന്നു. യൂണിറ്റുകളിൽ പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ ഭദ്രാസന സമിതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## ക്യാമ്പുകൾ

എം.സി.വൈ.എം പ്രസ്ഥാനത്തിലെ യുവജനങ്ങളെ മികച്ച നേതൃപാടവം ഉള്ളവരാക്കുക എന്ന ലക്ഷ്യവുമായി നേതൃപരിശീലന ക്യാമ്പുകൾ നടത്തപ്പെട്ടിരുന്നു. 2016 മെയ് 13, 14, 15 തീയതികളിൽ താബോർ ബഥനി ആശ്രമത്തിൽവച്ച് ജില്ലാ - രൂപതാ ഭാരവാഹികൾക്കുവേണ്ടി 'ജ്വാല' എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിച്ചു. 2018 ഏപ്രിൽ 14, 15 തീയതികളിൽ ഉള്ളന്നൂർ ദൈവാലയത്തിൽവച്ചും 2019 ഏപ്രിൽ 26, 27, 28 തീയതികളിൽ സീതത്തോട് വച്ചും (ദിശ) നേതൃപരിശീലന ക്യാമ്പുകൾ നടത്തപ്പെട്ടു.

## ക്വിസ് മത്സരങ്ങൾ

സഭയെയും സഭാചരിത്രത്തെയും വി.ബൈബിളിനെയും ആഴത്തിൽ മനസിലാക്കുവാനും സാമൂഹിക- രാഷ്ട്രീയ- സാംസ്കാരിക മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാനും ക്വിസ് മത്സരങ്ങൾ ഏറെ സഹായമാകുന്നു. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പ്രധാനമായും സമസ്യ ക്വിസും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അനുസ്മരണാർത്ഥം മാർ ഈവാനിയോസ് ക്വിസും നടത്തി വരുന്നു. ആഗസ്റ്റ് മാസങ്ങളിലെ രചനാ മത്സരങ്ങളോട് ചേർന്ന് സമസ്യ ക്വിസ് നടത്തുന്നു. ജില്ലാതലങ്ങളിൽ നിന്നും വിജയിച്ചവർ ഭദ്രാസനതലത്തിലും അവിടെ വിജയികളായവർ സഭാതലത്തിലും മത്സരിക്കുന്നു. സഭാതല സമസ്യാ ക്വിസ്സിൽ പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങൾ കൃത്യമായി പങ്കെടുക്കുന്നു. 2012 ൽ വാഴമുട്ടം യൂണിറ്റ് ഒന്നാം സ്ഥാനവും 2013, 2014 വർഷങ്ങളിൽ സഭാതലത്തിൽ രൂപതയിലെ ഇലന്തൂർ യൂണിറ്റ് മൂന്നാം സ്ഥാനവും 2020 ൽ കാട്ടൂർ യൂണിറ്റ് രണ്ടാം സ്ഥാനവും നേടിയത് അഭിമാനകരമായ നേട്ടമായി ഇവിടെ പരാമർശിക്കുകയാണ്.

www.malankaralibrary.com



ജൂൺ മാസങ്ങളിൽ മാർ ഈവാനിയോസ് ക്വിസ് നടത്തപ്പെടുന്നു. രൂപതാ സമിതികളുടെ നേതൃത്വത്തിൽ മറ്റ് ക്വിസ് മത്സരങ്ങളും സംഘടിപ്പിക്കപ്പെടുന്നു. 2017ൽ മാർ ഈവാനിയോസ് ക്വിസ് മത്സരങ്ങളുടെ ചോദ്യങ്ങൾ എം.സി.ക്യൂ. ആയി ക്രമീകരിക്കപ്പെട്ടു. 2018 ൽ ഒ.എം.ആർ. സംവിധാനവും ക്വിസിൽ കൊണ്ടു വന്നു. 2020 ൽ ക്വിസ് മത്സരം ഭദ്രാസന ഔദ്യോഗിക ആപ്പ് വഴിയും ഗൂഗിൾ ഫോമിലും ക്രിയാത്മകമായി സജ്ജീകരിക്കപ്പെട്ടു.

## രചനാമത്സരങ്ങൾ

എഴുത്തിലൂടെ സാമൂഹികവും ആത്മീയവും സാംസ്കാരികവുമായ അവബോധം സൃഷ്ടിച്ചെടുക്കുവാൻ സാധിക്കുന്നു എന്ന ബോധ്യത്തിലാണ് യുവജനങ്ങളിലെ സാഹിത്യവാസനകളെ കണ്ടെത്തുവാൻ 'തൂലിക' എന്ന പേരിൽ രചനാമത്സരങ്ങൾ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നത്. ആഗസ്റ്റ് മാസത്തിലാണ് രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നത്. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലും (2020-21) ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ സാധ്യത ഉപയോഗിച്ച് രചനാമത്സരങ്ങൾ നടത്തപ്പെടുന്നു. എല്ലാ വർഷവും രചനാമത്സരങ്ങളോടൊപ്പം കൈയ്യെഴുത്ത് മാസിക മത്സരവും സംഘടിപ്പിക്കുന്നു. 2021 ൽ നടത്തപ്പെട്ട യൂണിറ്റ് ചരിത്ര കൈയ്യെഴുത്ത് മാസികാ മത്സരം വ്യത്യസ്തമായ ആശയമായിരുന്നു. സാഹിത്യ പ്രതിഭ, സാഹിത്യതിലകം എന്നീ പുരസ്കാരങ്ങൾ യുവജനങ്ങളിലെ മികച്ച മത്സരാർത്ഥികൾക്ക് നൽകുന്നു.

## ബാഡ്മിന്റൺ ടൂർണമെന്റ്

യുവജനങ്ങളിലെ കായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുവാൻ ആദ്യ നാളുകൾ മുതൽ എല്ലാ വർഷങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്നതാണ് ബാഡ്മിന്റൺ ടൂർണമെന്റ്. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുസ്മരണാർത്ഥം സംഘടിപ്പിക്കുന്ന ടൂർണമെന്റ് ആദ്യകാലഘട്ടങ്ങളിൽ 'സ്മാഷ്' എന്ന പേരിലും 'ഗ്രിഗോറിയൻ' ബാഡ്മിന്റൺ എന്ന പേരിലും നടത്തപ്പെടുന്നു. ജില്ലാ തലങ്ങളിലെ മത്സരങ്ങൾക്കുശേഷം രൂപതാ തലത്തിൽ സിംഗിൾസ്, ഡബിൾസ് എന്നിവയിൽ പ്രത്യേകം മത്സരം ക്രമീകരിക്കുന്നു.

## പദയാത്ര ഒരുക്കധ്യാനം & പദയാത്ര

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം, പുനരൈക്യ ശില്പി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്ര ഹൃദയസ്പർശിയായ അനുഭവമാണ്. പട്ടം കത്തീഡ്രലിലേക്ക് റാന്നി-പെരുനാട് കുരിശുമലയിൽ നിന്നും ആരംഭിക്കുന്ന പദയാത്ര, അതിന്റെ ഓരോ ദിവസങ്ങളും ഓരോ അനുഭവങ്ങളാണ്. പദയാത്രയ്ക്ക് മുന്നോടിയായി ഭദ്രാസന സമിതി പദയാത്ര ഒരുക്കധ്യാനം ക്രമീകരിക്കുന്നു. റാന്നി-പെരുനാട് കുരിശുമല ദൈവാലയത്തിലാണ് ധ്യാനം നടത്തപ്പെടുന്നത്.

പദയാത്രയ്ക്ക് ആദ്യ രണ്ട് ദിവസങ്ങളിൽ പ്രത്യേകം നേതൃത്വം നൽകുന്നത് പത്തനംതിട്ട ഭദ്രാസന സമിതിയാണ്. പദയാത്രയ്ക്കുള്ള അലങ്കരിച്ച പൈലറ്റ് വാഹനം,

www.malankaralibrary.com



അനൗൺസ്മെന്റ്, പദയാത്രമഞ്ജരി, ബാഡ്ജ് എന്നിവ രൂപതാ സമിതി ക്രമീകരിച്ചു നൽകുന്നു. പദയാത്രയുടെ ആരംഭത്തിൽ അഭിവന്ദ്യ കാതോലിക്കാ ബാവായിൽ നിന്നും വള്ളിക്കുരിശ്, ഭദ്രാസനത്തിന്റെ പ്രസിഡന്റും പതാക ഭദ്രാസന ജനറൽ സെക്രട്ടറിയും ഏറ്റുവാങ്ങുന്നു. ഭദ്രാസനത്തിലെ അഞ്ച് വൈദികജില്ലകളും ജില്ലാ പദയാത്രയായി പ്രധാന പദയാത്രയ്ക്ക് ഒപ്പം അണിച്ചേരുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റ നിലയ്ക്കൽ വനത്തിൽ നിന്ന് വെട്ടിയെടുത്ത് ഒരുക്കിയ വള്ളിക്കുരിശ് ആങ്ങമുഴിയിൽ നിന്ന് പദയാത്രയ്ക്കായി എത്തിച്ചു നൽകുന്നതാണ്. 'വള്ളിക്കുരിശ്' എന്ന ആശയം മുന്നോട്ടു വച്ചതും പ്രചാരം നൽകിയതും വന്ദ്യ നടമല അച്ചനായിരുന്നു.

2012 ൽ റാന്നി-പെരുനാട് വൈദികജില്ലയുടെ നേതൃത്വത്തിൽ നിലയ്ക്കലിൽ നിന്ന് വള്ളിക്കുരിശ് പ്രയാണം നടത്തപ്പെടുകയുണ്ടായി. 2013 ൽ ഭദ്രാസന സമിതി ഏറ്റെടുത്ത് വള്ളിക്കുരിശ് പ്രയാണം നടത്തി.

## പുനരൈക്യം & യുവജന കൺവൻഷൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഏറ്റവും ബൃഹത്തായ ആഘോഷമാണ് പുനരൈക്യ വാർഷികാഘോഷം. ഓരോ വർഷവും ഓരോ രൂപതകളുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്ന വാർഷികാഘോഷങ്ങൾക്ക് 2012 ൽ പത്തനംതിട്ട ഭദ്രാസനം ആതിഥേയത്വം വഹിച്ചു. പുനരൈക്യ വാർഷികാഘോഷങ്ങൾ 2012 ൽ നടത്തപ്പെട്ടു. രൂപതയിലെ യുവജനനേതൃത്വം ആഘോഷങ്ങളുടെ ക്രമീകരണങ്ങളെല്ലാം മനോഹരമായി ഒരുക്കി. യുവജന കൺവൻഷൻ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട ആലോചനായോഗം ജൂലൈ 29-ാം തീയതി സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് നടന്നിരുന്നു. 2900 യുവജനങ്ങൾ പങ്കെടുത്ത യുവജന കൺവൻഷൻ കുമ്പഴ മൗണ്ട് ബഥനി സ്കൂൾ അങ്കണത്തിൽ ഭദ്രാസന സമിതി ക്രമീകരിച്ചത് ചരിത്രത്താളുകളിൽ സ്മരണീയ സംഭവമായി നിലകൊള്ളുന്നു. ആഗസ്റ്റ് 29 ന് ആണ് 'ഈവാനിയൻ' എന്ന പേരിൽ യുവജന കൺവൻഷൻ നടന്നത്. പുനരൈക്യ വാർഷികാഘോഷങ്ങളുടെ ഭാഗമായി ഭദ്രാസന സമിതി യുവജനങ്ങളുടെ ആഭിമുഖ്യത്തിൽ വിളംബരറാലി, ദീപശിഖാ പ്രയാണം എന്നിവ നടത്തപ്പെട്ടു. യൂത്ത് കൺവൻഷൻ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവയും ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ യും വിശിഷ്ട സാന്നിധ്യങ്ങളായിരുന്നു. അന്നേ ദിവസം യുവജനങ്ങൾക്കായി ക്ലാസ് നയിച്ചത് റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ഒ.എഫ്.എം. ആയിരുന്നു. പുനരൈക്യ വാർഷികാഘോഷങ്ങളുടെ ഭാഗമായി 'അനാബ്' എന്ന പേരിൽ ഭദ്രാസന സമിതി ഭദ്രാസന മാസിക പുറത്തിറക്കിയത് ഏറെ അഭിനന്ദനാർഹമായ വസ്തുതയായി പരാമർശിക്കട്ടെ.

www.malankaralibrary.com



## യുവജനദിനം

എം.സി.വൈ.എം ന്റെ സ്വർഗീയ മദ്ധ്യസ്ഥൻ വിശുദ്ധ ഫ്രാൻസിസ് അസ്സീയുടെ തിരുനാൾ യുവജനദിനമായി ആഘോഷിക്കുന്നു. ഭദ്രാസനസമിതി സമുചിതമായി കൊണ്ടാടുന്ന ഈ ദിനം യൂണിറ്റുകളും ജില്ലാ സമിതികളും ഒന്നുചേർന്ന് ആഘോഷിക്കുന്നു. തിരുനാൾ ദിനം ഒക്ടോബർ 4 ആണെങ്കിലും ഏറ്റവും അടുത്തു വരുന്ന ഞായറാഴ്ചകളിൽ യുവജന ദിനം ആചരിക്കുന്നു. യുവജന ധ്യാനങ്ങൾ സെമിനാറുകൾ ഇവ സംഘടിപ്പിക്കുകയും ആത്മീയതലത്തിലും എം.സി.വൈ.എം പ്രവർത്തന മേഖലയിലും യുവജനങ്ങളെ കൂടുതൽ ശക്തിയുളളവരാക്കുവാൻ ഓരോ യുവജനദിന ആഘോഷങ്ങളും സഹായമാകുന്നു.

ഓരോ വർഷത്തെയും യുവജനദിനത്തിന്റെ ഭാഗമായി 2016 മുതൽ 'ഹെസദ്' എന്ന പേരിൽ സഭാതല യുവജനദിനാഘോഷം നടത്തപ്പെടുന്നു.

## ഹെസദ് 2016 – സഭാതല യുവജനദിനാഘോഷം

2016 ൽ സഭാതല യുവജനദിനാഘോഷം 'ഹെസദ്' എന്ന പേരിൽ തുടക്കം കുറിച്ചത് പത്തനംതിട്ടയിലെ കാർമല ദൈവാലയത്തിലാണ്. യുവജനദിനാഘോഷങ്ങൾക്ക് കൂടുതൽ നിറവും ആഘോഷവും നല്കുവാൻ യുവജനസഭ ഒന്നാകെ ഒഴുകിയെത്തുന്ന വലിയ സമ്മേളനം എന്ന ആശയം ആദ്യമായി പകർന്നതും പത്തനംതിട്ട ഭദ്രാസന സമിതിയാണ്. ഹെസദിനു മുന്നോടിയായി സ്വാഗതസംഘം രൂപീകരിക്കുകയും വേണ്ട ക്രമീകരണങ്ങൾക്ക് യുവജനങ്ങൾ നേതൃത്വം നൽകുകയും ചെയ്തു. ഹെസദിന്റെ ലോഗോ തയ്യാറാക്കിയത് പത്തനംതിട്ട ഭദ്രാസനത്തിലെ അജോഷ് എം.തോമസ് കടമ്മനിട്ട ആയിരുന്നു. ഫാ.അരുൺ ഏറത്ത് സംഗീതം നൽകിയ തീം സോംങ്ങും പുറത്തിറക്കി. ഹെസദിനുള്ള ഒരുക്കമായി 2016 ഓഗസ്റ്റ് 21, സെപ്റ്റംബർ 4, സെപ്റ്റംബർ 10 തീയതികളിൽ മീറ്റിംഗുകൾ ചേർന്നു. 2016 ഒക്ടോബർ 4 ന് കാർമല ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട യുവജന സംഗമത്തിൽ യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ വി.കുർബാന അർപ്പിക്കുകയും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

പുനരൈക്യ വാർഷികാഘോഷങ്ങൾ പുത്തൂരിൽ വച്ച് നടത്തപ്പെട്ടപ്പോൾ അന്നത്തെ അന്തർദേശീയ യുവജനസമ്മേളനത്തിൽ വച്ചാണ് ഹെസദ് 2015 ന്റെ തീം സോംങ്ങ് അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തത്.

യുവജനധ്യാനത്തിന് ബഹു.ഫാ.ഡാനിയേൽ പൂവണ്ണത്തിൽ നേതൃത്വം നല്കി. 1800 ൽ പരം യുവജനങ്ങൾ പ്രഥമ ഹെസദിൽ പങ്കെടുത്തത് ഏറെ അഭിമാനകരമായ കാര്യമാണ്. തുടർന്ന് യുവജന റാലിയും നടത്തപ്പെട്ടു.

ഹെസദിന്റെ തുടർച്ചയിലും പത്തനംതിട്ടയിലെ യുവജനങ്ങളുടെ സാന്നിധ്യം ശ്ലാഘനീയമായിരുന്നു. 2017 ൽ ബത്തേരിയിൽ വച്ച് നടന്ന ഹെസദിലും അൻപത്തിയെട്ട് യുവജനങ്ങളും 2018 ൽ പാറശ്ശാലയിൽ വച്ച് നടന്ന ഹെസദിലും രണ്ട് വാഹനങ്ങളിൽ നൂറ്റിപ്പത്ത് യുവജനങ്ങളും 2019 ൽ പുത്തൂരിൽ വച്ച് നടന്ന ഹെസദിലും പത്തനംതിട്ട പുതുചരിത്രം

www.malankaralibrary.com



എഴുതി. പുത്തൂരിലെ ഹെസദിൽ 100 ൽ പരം യുവജനങ്ങൾ സംബന്ധിക്കുകയും ഓരോ ദിവസത്തെയും എം.സി.വൈ.എം ടീ ഷർട്ടുകളും പിൽഗ്രിം കിറ്റും വ്യത്യസ്ത പകർന്ന അനുഭവമാവുകയും ചെയ്തു.

## യുവജനധ്യാനങ്ങൾ

യുവജനങ്ങളിൽ പ്രാർത്ഥനാനുഭവവും വിശ്വാസ ചൈതന്യവും വളർത്തുന്നതിനായി ഭദ്രാസന സമിതി എല്ലാ വർഷങ്ങളിലും യുവജനധ്യാനങ്ങൾ ക്രമീകരിക്കുന്നു. ജില്ലാതലത്തിലും രൂപതാതലത്തിലും ക്രമീകരിക്കപ്പെടുന്ന ധ്യാനങ്ങൾ യുവജനങ്ങളിൽ ആത്മീയ ഉണർവ് സൃഷ്ടിക്കുന്നു. കോവിഡ് മഹാമാരിയുടെ 2021 കാലഘട്ടത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമായ ഗൂഗിൾ മീറ്റിൽ 'യൂത്ത് റീട്രിറ്റ്' എന്ന യുവജനധ്യാനം നടത്തിയത് ഏറെ ശ്രദ്ധ നേടി. റവ.ഫാ.ജിനു പള്ളിപ്പാട് ധ്യാനചിന്തകൾ പങ്കുവച്ചു. യുവജന ധ്യാനങ്ങളിൽ ഏറെ ശ്രദ്ധ നേടിയ ഒന്നായിരുന്നു 2015 മെയ് 9-ാം തീയതി പത്തനംതിട്ട കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ട 'കർമ്മേൽ' ഏകദിനധ്യാനം. പ്രശസ്ത വചനപ്രഘോഷകൻ റവ.ഫാ.ജിഫിൻ മൂലക്കുഴി നയിച്ച ധ്യാനം ഒരു ആത്മീയ അനുഭവം തന്നെയായിരുന്നു.

## മുഖപത്രങ്ങൾ & മാസികകൾ

ഓരോ ഭദ്രാസന സമിതികളും അതാതു വർഷങ്ങളിൽ മുഖപത്രങ്ങളും മാസികകളും പുറത്തിറക്കാറുണ്ട്. 2012 മുതൽ ഓരോ വർഷങ്ങളിലും മാഗസിനുകൾ പ്രസിദ്ധീകരിക്കുന്നു. കർമ്മപദ്ധതികളെ ചേർത്തു കൊണ്ടുള്ള ബുക്ക്ലെറ്റുകളും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ടുള്ള മാസികകളും ഈ പ്രസിദ്ധീകരണങ്ങളിൽപ്പെടുന്നു.

പുനരൈക്യ വാർഷികവുമായി ബന്ധപ്പെട്ട് ഭദ്രാസന സമിതി 'അനാബ്' എന്ന പേരിൽ മാഗസിൻ പ്രസിദ്ധീകരിച്ചു. ഇതിന്റെ പ്രസിദ്ധീകരണകർമ്മം നിർവഹിച്ചത് ബഹു. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ ആയിരുന്നു.

ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മത്തിരുനാളിനോട് അനുബന്ധിച്ച് നടക്കുന്ന പദയാത്രയുടെ ആദ്യദിവസം, റാന്നി-പെരുനാട് കുരിശുമല ദൈവാലയത്തിൽവച്ച് പദയാത്ര അനുഭവ സാക്ഷ്യങ്ങൾ ചേർത്ത് ബുക്ക് പബ്ലിഷ് ചെയ്യുന്നു. 'നുഹ്റോ ദി മലങ്കര' എന്ന ഈ പ്രസിദ്ധീകരണം 2016 മുതൽ തുടർച്ചയായ 5 വർഷങ്ങളിലും പുറത്തിറക്കുവാൻ സാധിച്ചു. വലിയൊരു അനുഭവസാക്ഷ്യമായി ഇത് മാറുകയും ചെയ്യുന്നു എന്നത് സ്മരണീയമാണ്.

## ഭദ്രാസന അസംബ്ലി

ഭദ്രാസന രൂപീകരണത്തിനുശേഷം പ്രഥമ അസംബ്ലി 2011 ജൂൺ 16, 17, 18 തീയതികളിൽ മൈലപ്ര ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. 'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ' എന്നതായിരുന്നു അസംബ്ലിയുടെ വിഷയം. യുവജനങ്ങളുടെ സാന്നിധ്യം ഏറെ ശ്രദ്ധയാകർഷിച്ചു. എം.സി.വൈ.എം പ്രതിനിധികളായി ഡയറക്ടർ ഫാ. വർഗീസ് വിളയിൽ, സിസ്റ്റർ ആനിമേറ്റർ സി.ലീന എസ്.സി.വി, പ്രസിഡന്റ് അജു തോമസ്, കെ.സി.വൈ.എം പ്രസിഡന്റ് അജി ഡാനിയേൽ എന്നിവർ പങ്കെടുത്തിരുന്നു.

www.malankaralibrary.com



ഭദ്രാസനത്തിന്റെ ദ്വിതീയ അസംബ്ലിക്ക് മുന്നോടിയായി യുവജന അസംബ്ലി 2019 ജൂൺ 16-ാം തീയതി ഓമല്ലൂർ ഉപാസന ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്നതായിരുന്നു വിഷയം. സഭാതലത്തിൽ തന്നെ ഇത്തരമൊരു യുവജന അസംബ്ലി ആദ്യമായിരുന്നു. തുടർന്ന് ജൂൺ 21, 22 തീയതികളിൽ നടന്ന ഭദ്രാസന അസംബ്ലിയിൽ യുവജനങ്ങളെ പ്രതിനിധീകരിച്ച് 10 പേർ പങ്കെടുത്തു.

## കുരിശുമല തീർത്ഥാടനം

വലിയ നോമ്പിന്റെ ആത്മീയചൈതന്യം വിളിച്ചോതിക്കൊണ്ട് പകുതിനോമ്പിനോടനുബന്ധിച്ച് കുരിശുമല തീർത്ഥാടനം ക്രമീകരിക്കപ്പെടുന്നു. 2013 ൽ 'ക്രൂശിതന്റെ പിന്നാലെ' എന്ന പേരിൽ കുരിശുമല തീർത്ഥാടന വിളംബരം ചെയ്തുകൊണ്ട് ബൈക്ക് റാലി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും കുരിശുമല ദൈവാലയത്തിലേക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 2014, 2015, 2016, 2017 വർഷങ്ങളിൽ പാതിനോമ്പ് ദിവസത്തിൽ എം.സി.എ സംഘടനയോടൊപ്പം എം.സി.വൈ.എം ചേർന്ന് കത്തീഡ്രലിൽ നിന്ന് കുരിശുമലയിലേക്ക് കുരിശിന്റെ വഴി ക്രമീകരിച്ചു. കാൽവരി സഹനത്തിന്റെ ആ ഓർമ്മപുതുക്കൽ എന്നും ആത്മീയ ഉണർവായി നിലകൊള്ളുന്നു.

## കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ

വിദ്യാഭ്യാസ മേഖലയിൽ യുവജനങ്ങൾക്ക് കൃത്യമായ ദിശാബോധം നൽകേണ്ടത് വളരെ അത്യാവശ്യമാണ്. കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ ക്രമീകരിക്കുന്നതും അത്തരമൊരു ഉദ്ദേശലക്ഷ്യത്തിലാണ്. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഓരോ വർഷങ്ങളിലും കരിയർ ഗൈഡൻസ് ക്യാമ്പുകൾ നടത്തുന്നു. 2010 ജൂൺ 2, 3 തീയതികളിൽ കത്തീഡ്രലിൽ വച്ച് 'ജ്യോതിർഗമയ' എന്ന പേരിൽ നടന്ന കരിയർ ഗൈഡൻസ് ഏറെ ശ്രദ്ധിക്കപ്പെട്ടു. 2011 ൽ മൈലപ്ര ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട കരിയർ ഗൈഡൻസ് ക്യാമ്പ് നയിച്ചത് പ്രശസ്ത കരിയർ ഗൈഡൻസ് വിദഗ്ധൻ ഡോ.റൂബിൾ രാജ് ആയിരുന്നു. 2021 ആയപ്പോഴേക്കും ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തി 'മെറ്റിയർ' എന്ന പേരിൽ വിവിധ മേഖലകളിൽ നൈപുണ്യമുള്ള യുവജനങ്ങൾ, അൽമായർ എന്നിവർ കോഴ്സുകളെപ്പറ്റിയും ജോലി സാധ്യതകളെപ്പറ്റിയും നൽകുന്ന വീഡിയോകൾ യുവജനങ്ങളിലേക്ക് എത്തിച്ചു തുടങ്ങി. ഭദ്രാസനത്തിലെ വിവിധ കോളേജുകളെയും കോഴ്സുകളെയും പരിചയപ്പെടുത്തുവാനും 'മെറ്റിയറിലൂടെ' സാധിച്ചു.

## ഫിയാത്ത് - സ്ക്രിപ്ച്ചൂര & ലൂമെൻ

2015-16 ഭദ്രാസന സമിതിയുടെ കാലയളവിൽ ശ്രദ്ധേയമായ ഒരു പ്രോഗ്രാമായിരുന്നു ബൈബിൾ പകർത്തിയെഴുത്ത്. ഫിയാത്ത് മിഷനുമായി ചേർന്ന് 'സ്ക്രിപ്ച്ചൂര 2015' ബൈബിൾ പകർത്തിയെഴുത്ത് മത്സരത്തിൽ രൂപതയിൽ നിന്നു 63 പേർ പങ്കെടുത്ത് ഏറെ അനുഗ്രഹപ്രദമായ കാര്യമാണ്. 2016 ഏപ്രിൽ മാസത്തിൽ 'ലൂമെൻ' എന്ന പേരിൽ സണ്ടേ സ്കൂൾ പ്രസ്ഥാനവുമായി സഹകരിച്ച് ബൈബിൾ അച്ചടിക്കുന്നതിനായി 9 ടൺ പഴയ നോട്ടുബുക്കുൾ, പേപ്പറുകൾ ശേഖരിച്ചു ഫിയാത്ത് മിഷനു കൈമാറി. 2017 ലും ഫിയാത്ത് മിഷനുവേണ്ടി പേപ്പർ കളക്ഷൻ നടത്തപ്പെട്ടിരുന്നു.

www.malankaralibrary.com



## യൂണിറ്റ് സന്ദർശനങ്ങൾ

ഓരോ യൂണിറ്റ് വിസിറ്റുകളും യുവജനങ്ങളുടെ ഹൃദയസ്പന്ദനം അടുത്തറിയുവാനും നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും ആശയങ്ങൾ കൈമാറാനും പ്രവർത്തനങ്ങൾ വിലയിരുത്തുവാനും സഹായകമാണ്. ആയതിനാൽ തന്നെ എല്ലാ വർഷവും യൂണിറ്റ് വിസിറ്റുകൾ നടത്തപ്പെടുന്നു. 2016-18 സമിതിക്ക് ഭദ്രാസനത്തിലെ എല്ലാ യൂണിറ്റുകളും വിസിറ്റ് ചെയ്യുവാൻ സാധിച്ചു. 2021 ൽ ഓൺലൈൻ പ്ലാറ്റ്ഫോം സാധ്യത ഉപയോഗിച്ച് 35 ദിവസങ്ങൾക്കൊണ്ട് രൂപതയിലെ മുഴുവൻ യൂണിറ്റുകളും രൂപതാസമിതി വിസിറ്റ് ചെയ്തു.

## വെബ്സൈറ്റ് ഉദ്ഘാടനം & മൊബൈൽ ആപ്ലിക്കേഷൻ

സാങ്കേതികവിദ്യയുടെ സാധ്യതകൾ യുവജന പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യമാണ്. പത്തനംതിട്ട രൂപത യുവജന പ്രസ്ഥാനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് 2015 ഫെബ്രുവരി 22-ാം തീയതി ഇലന്തൂരിൽ വച്ച് നടന്ന കർമ്മപദ്ധതി ഉദ്ഘാടന യോഗത്തിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

2018 ൽ പത്തനംതിട്ട എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചു. ആപ്പിന്റെ സാധ്യത ഉപയോഗിച്ച് കോവിഡ് കാലഘട്ടത്തിൽ ക്വിസ് മത്സരങ്ങൾ ക്രമീകരിച്ചത് അഭിമാനാർഹമായ വസ്തുതയാണ്.

## രക്തദാനം

രക്തദാനത്തിന്റെ മാഹാത്മ്യത്തെ ഉയർത്തിക്കാട്ടുവാൻ വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും ഓരോ സമിതികളും പരിശ്രമിക്കുന്നു. 2016 വർഷങ്ങളിൽ രക്തദാന ക്യാമ്പുകളും ഫോറം രൂപീകരണങ്ങളും പ്രത്യേകമായി നടന്നിരുന്നു. 2021 സമിതി ഓരോ ജില്ലയിലും രക്തദാന ഫോറത്തിനു രൂപം നൽകുകയും അതിന്റെ പ്രവർത്തനങ്ങൾ കൃത്യമായി നടത്തുകയും ചെയ്തു.

## ലഹരി വിരുദ്ധ സന്ദേശ കൂട്ടയോട്ടം

ലഹരിക്ക് എതിരേ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട വ്യത്യസ്തമായ ഒരു പരിപാടിയായിരുന്നു ലഹരി വിരുദ്ധ സന്ദേശ കൂട്ടയോട്ടം. 2014 ജൂൺ 28-ാം തീയതി 'രക്ഷ' എന്ന പേരിൽ ഇത് നടത്തപ്പെട്ടു. പത്തനംതിട്ട ടൗൺ കേന്ദ്രീകരിച്ച് നടന്ന കൂട്ടയോട്ടം ഫ്ളാഗ് ഓഫ് ചെയ്തത് രൂപതാ മുഖ്യവികാരി ജനറാൾ മോൺ.ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ ആയിരുന്നു. കേരള ഫുട്ബോൾ ടീം ക്യപ്റ്റൻ ശ്രീ.ജീൻ ക്രിസ്റ്റ്യൻ കൂട്ടയോട്ടത്തിനു നേതൃത്വം നല്കി. ഗാന്ധി ജംഗ്ഷനിൽ എത്തിച്ചേർന്ന കൂട്ടയോട്ടത്തിനു ആശംസകൾ അറിയിച്ചത് ശ്രീ.ശിവദാസൻ നായർ എം.എൽ.എ ആയിരുന്നു. പത്തനംതിട്ട നഗരത്തിനു പുതിയ സന്ദേശം വിളംബരം ചെയ്യുവാൻ കൂട്ടയോട്ടത്തിനു സാധിച്ചു.

www.malankaralibrary.com



## അന്തർദേശീയ പരിപാടികളിലെ സാന്നിധ്യം

അന്തർദേശീയ തലങ്ങളിൽ നടത്തപ്പെട്ട യുവജന സംഗമങ്ങളിൽ പത്തനംതിട്ടയുടെ യുവത്വവും ഭാഗഭാക്കായി. 2017 ൽ ഇന്തോനേഷ്യയിൽ നടന്ന 7-ാമത് ഏഷ്യൻ യുവജന സമ്മേളനത്തിൽ ഭദ്രാസന പ്രസിഡന്റ് ശ്രീ.ജോബിൻ ഈനോസ് പങ്കെടുത്തു. 2017 ലെ നാഷണൽ യൂത്ത് കൺവൻഷൻ, മംഗലാപുരം, 2019 വേൾഡ് യൂത്ത് ഡേ പനാമ ഇവിടങ്ങളിലും യുവജനങ്ങൾ പങ്കെടുത്തു. പനാമയിലെ സംഗമത്തിൽ ശ്രീ.ജോബിൻ ഈനോസ്, സോൾ.റ്റി.പണിക്കർ എന്നിവർ സംബന്ധിച്ചു. 2010 ൽ എം.സി.വൈ.എം മേഘാലയ ഷില്ലോങിൽ വച്ച് നടത്തിയ യൂത്ത് കൺവൻഷനിൽ സി. ലീന എസ്.സി.വി, ജോജി തോമസ് വർഗീസ്, സ്കോട്ട് സ്ലീബാ എന്നിവർ സംബന്ധിക്കുകയുണ്ടായി.

## എം.സി.വൈ.എം സുവർണ്ണജൂബിലി

എം.സി.വൈ.എം സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2018 മാർച്ച് 25 ന് ഭദ്രാസനതല ഉദ്ഘാടനം ഉള്ളന്നൂർ ദൈവാലയത്തിൽവച്ച് എം.സി.വൈ.എം പതാക ഉയർത്തി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ നിർവഹിച്ചു. ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി 100 ഇടവകകളിലേക്കും വള്ളിക്കുരിശ്, എം.സി.വൈ.എം പതാക, ജൂബിലി ലോഗോ എന്നിവയുടെ പ്രയാണവും നടത്തപ്പെട്ടു.

സുവർണ്ണ ജൂബിലിയുടെ സമാപനം 2019 ജനുവരി 12 ന് ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽവച്ച് നടത്തി. ഇരുചക്ര വാഹനറാലിയുടെ അകമ്പടിയോടെ യൂത്ത് ക്രോസ് പ്രയാണം നടത്തപ്പെട്ടു. സുവർണ്ണ ജൂബിലി സ്മാരകമായി ഭദ്രാസന സമിതിയുടെ മൊബൈൽ ആപ്പും പ്രകാശനം ചെയ്തു. ഭവന നിർമ്മാണ പദ്ധതിയിലേക്ക് കുവൈറ്റ് എം.സി.വൈ.എം നൽകിയ 1,00,000/- രൂപയും സമിതിക്ക് നൽകി. സമ്മേളനം ഉദ്ഘാടനം നിർവഹിച്ചത് ബഹു. കോന്നി എം.എൽ.എ അഡ്വ.അടൂർ പ്രകാശ് ആയിരുന്നു.

'ലൂമെൻ 2018' എന്ന പേരിൽ അന്നേദിവസം വൈകിട്ട് യുവജനങ്ങളും കലാ-സാംസ്കാരിക പരിപാടികൾ സംഘടിക്കപ്പെട്ടത് ഊഷ്മളമായ ഓർമ്മയായി നിലനിൽക്കുന്നു.

## ഏകീകൃത രജിസ്റ്റർ, ഏകീകൃത യൂണിഫോം

എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി ഭദ്രാസനത്തിലെ മുഴുവൻ യൂണിറ്റുകൾക്കും ഏകീകൃത രജിസ്റ്റർ, ഏകീകൃത യൂണിഫോം എന്നിവ 2018-19 കാലയളവിൽ നൽകപ്പെട്ടു. പത്തനംതിട്ട ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തയായി അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ സ്ഥാനമേറ്റപ്പോൾ ആയിരത്തിലധികം യുവജനങ്ങൾ ഏകീകൃത യൂണിഫോമിൽ ചടങ്ങിൽ സംബന്ധിച്ചു. തികച്ചും വ്യത്യസ്തവും പുതുമയാർന്നതുമായ അനുഭവമായിരുന്നു അത്.

www.malankaralibrary.com



## ഗ്ലോബൽ മീറ്റ്

2018 ജനുവരി 27, 28 ശനി, ഞായർ ദിവസങ്ങളിലായി ഗ്ലോബൽ മീറ്റ് നടത്തപ്പെട്ടു. ഡൽഹി-ഗുഡ്ഗാവ് രൂപതയിൽ നിന്നുൾപ്പെടെ ഭദ്രാസന പ്രതിനിധികൾ ശനിയാഴ്ച കടന്നു വന്നു. മൈലപ്രാ ദൈവാലയത്തിലേക്ക് രൂപതാ വികാരി ജനറാൾ.റൈറ്റ്.റവ.മോൺ.ജോസഫ് കുരുമ്പിലേത്ത് യുവജനങ്ങളെ സ്വാഗതം ചെയ്തു. വോളണ്ടിയർ ടീം പ്രത്യേക യൂണിഫോമിൽ പരിപാടികൾക്ക് നേതൃത്വം നൽകുകയും സഹായങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് മണ്ണീറ ദൈവാലയത്തിൽ വച്ച് സംഘടനാ ചർച്ച നടത്തപ്പെട്ടു. രണ്ടാം ദിനം അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ വിശുദ്ധ ബലിയർപ്പിച്ചു. എം.സി.വൈ.എം.ൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെ പ്രായപരിധി 35 വയസ്സിൽ നിന്ന് 30 വയസ്സാക്കി തീരുമാനം അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ പ്രഖ്യാപിക്കുകയും, അതിൻ പ്രകാരം പ്രായപരിധി 35 ൽ നിന്ന് 30തായി നിജപ്പെടുത്തിയത് ഗ്ലോബൽ മീറ്റിൽ വച്ചാണ്. മണ്ണീറയിൽ ക്രമീകരിച്ച ഔട്ടിങ്, കുട്ടവഞ്ചി സവാരി തുടങ്ങിയവ യുവജനങ്ങൾക്ക് ഹൃദ്യമായ അനുഭവമായിരുന്നു.

## ഓണാഘോഷങ്ങൾ

ആഘോഷങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. ഓരോ ആഘോഷങ്ങളും പങ്കുവയ്ക്കപ്പെടുമ്പോൾ സന്തോഷം നിറഞ്ഞതായി മാറുന്നു. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഓരോ വർഷവും ഓണാഘോഷം ക്രമീകരിക്കപ്പെടുന്നു. യുവജനങ്ങൾ ഒത്തുചേർന്ന് ദൈവാലയത്തിലും അനാഥാലയങ്ങൾ, ആശ്വാസഭവനങ്ങൾ എന്നിവിടങ്ങളിൽ ആയിരിക്കുകയും അവർക്കു വേണ്ട സഹായങ്ങൾ നൽകുകയും ഒരുമിച്ച് ഓണം ആഘോഷിക്കുകയും ചെയ്യുന്നു. 2013 ലും 2015 ലും 'തുമ്പപ്പൂ' എന്ന പേരിൽ ഓണാഘോഷം സംഘടിപ്പിച്ചു. 2013 ലെ ഓണം യുവജനങ്ങൾ പത്തനംതിട്ട ജില്ലാ ജയിലിലെ തടവുകാർക്കൊപ്പം ആഘോഷിച്ചത് ഏറെ ഹൃദ്യവും സ്മരണീയവുമായ ഓർമ്മയാണ്. 2014 മുളന്തറയിൽ വച്ചും 'തുമ്പപ്പൂ-13' ഓണാഘോഷ പരിപാടികൾ നടത്തപ്പെട്ടു.

## അംഗീകാരം

മികച്ച പ്രവർത്തനങ്ങൾ കാഴ്ച വച്ച് സഭയ്ക്കും യുവജന പ്രസ്ഥാനത്തിനും അഭിമാനമായി മാറുന്ന നിരവധി യുവജനങ്ങൾ നമുക്കു ചുറ്റും ഉണ്ട്. പത്തനംതിട്ടയുടെ മണ്ണിൽ നിന്നും പ്രവർത്തനങ്ങളിലൂടെ ശ്രദ്ധ നേടിയ രണ്ടു വ്യക്തിത്വങ്ങൾ രൂപതയ്ക്ക് അഭിമാനമായി മാറി. 2014 ലെ എം.സി.എ. സഭാതല സമിതിയുടെ മികച്ച യുവജന പ്രവർത്തകനുള്ള അവാർഡ് ശ്രീ. ഷിജോ വി.വർഗ്ഗീസ് ഉള്ളന്നൂരും 2016 ൽ സി.ബി.സി.ഐ യുടെ കേരള റീജിയൺ ഉള്ള മികച്ച പ്രവർത്തകനുള്ള പുരസ്കാരം ശ്രീ.റെന്നി രാജ് തണ്ണിത്തോടും കരസ്ഥമാക്കി.

www.malankaralibrary.com



## വിനോദയാത്രകൾ

യുവജനങ്ങൾക്കിടയിൽ മാനസിക ഉന്മേഷത്തിനും പരസ്പര സൗഹദ്യങ്ങൾ സൃഷ്ടിക്കുന്നതിനും ഏറ്റവും ഉചിതമാണല്ലോ വിനോദയാത്രകൾ. ഓരോ കാലഘട്ടത്തിലും ഭദ്രാസന സമിതികൾ യാത്രകൾ ക്രമീകരിക്കാറുണ്ട്. 2011 ഡിസംബർ 8 ന് നടത്തപ്പെട്ട വാഗമൺ കുരിശുമല യാത്ര, 2017-2018 മെയ് 20 ന് നടത്തപ്പെട്ട വാഗമൺ കുരിശുമല യാത്ര, 2017-2015 മെയ് 20 ന് നടത്തപ്പെട്ട വാഗമൺ, രാമക്കൽ മേട് യാത്രകൾ എന്നിവയൊക്കെ ഓർമ്മകൾ ഉണർത്തുന്നതാണ്. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി 2014 ൽ എറണാകുളം മംഗളവനത്തിലേക്കു നടത്തിയ യാത്രയും ഇതിലേറെ പ്രധാനപ്പെട്ടതു തന്നെ.

## സാമൂഹ്യമാധ്യമങ്ങളിൽ

സാമൂഹ്യമാധ്യമങ്ങളുടെ ആവശ്യകതയും ഉപയോഗവും വർദ്ധിച്ച ഒരു കാലഘട്ടത്തിൽ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലും സമൂഹ്യ മാധ്യമങ്ങളുടെ ഇടപെടൽ ഒരു അനിവാര്യതയാണ്. വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻ, യുട്യൂബ് ചാനൽ, ഫേസ്ബുക്ക് പേജ്, വാട്സ്ആപ്പ് മെസേജ് സംവിധാനം, മീഡിയ ടീം, ഡിജിറ്റൽ റിപ്പോർട്ടിംഗ് എന്നീ നൂനത സംവിധാനങ്ങൾ ഉപയോഗിച്ച് സൈബർ ഇടങ്ങളിൽ കൃത്യമായ സാന്നിധ്യമാണ് കഴിഞ്ഞ 11 വർഷങ്ങളായി ഓരോ സമിതികളും.

## കാരുണ്യപ്രവർത്തനങ്ങൾ

ജീവിക്കുന്ന ചുറ്റുപാടുകളിലേക്ക് കണ്ണുകൾ തുറന്ന് വച്ച് ജീവിക്കുമ്പോൾ ഒരുപാട് വ്യക്തികളെ നാം കണ്ടുമുട്ടുന്നു. നമ്മുടെ കരുണയും കരുതലും എത്തേണ്ട ചില ഇടങ്ങളെ കൃത്യമായി മനസിലാക്കി പ്രവർത്തിക്കുമ്പോഴാണ് ഏതൊരു പ്രസ്ഥാനവും അതിന്റെ പൂർണതയിൽ എത്തുക. എം.സി.വൈ.എം ഓരോ വർഷവും ഭദ്രാസന സമിതിയായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. 2012 ൽ 'കരുതൽ' എന്ന പേരിൽ വിവാഹ ധനസഹായം നൽകി. കൊക്കത്തോട് - ആങ്ങമുഴി ആദിവാസി ഊരുകളിൽ സഹായം എത്തിക്കുകയും ചെയ്തു. മൈലപ്രായിൽവച്ച് നടന്ന കർമ്മപദ്ധതി ഉദ്ഘാടനത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായ്ക്ക് രൂപതാ സമിതി വിവാഹ ധനസഹായമായി തുക നല്കി. 2013 ലെ പിസ്തോസ് യുവജന സംഗമത്തിൽ വച്ച് പിതാവിന്റെ ഭവനനിർമാണ പദ്ധതിയിലേക്ക് സമിതി 50,000/- രൂപ കൈമാറി. വിവാഹധന സഹായമായി ഓരോ വൈദികജില്ലയിലും 50,000/- രൂപ വീതം നൽകിയ കാരുണ്യപ്രവർത്തനവും 2 വർഷങ്ങളിൽ നടത്തപ്പെട്ടു. 2015 ൽ 4 ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം നൽകപ്പെട്ടു. 2016 ൽ കാരുണ്യവർഷാചരണത്തിന്റെ ഭാഗമായി ആദിവാസി ഊരുകളിൽ ഭക്ഷണകിറ്റ് എത്തിച്ചു നല്കി. കാരുണ്യ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നവരെ കാരുണ്യവർഷത്തിൽ ഡിസംബർ 4-ാം തീയതി പുത്തൻപീടിക ദൈവാലയത്തിൽ വച്ച് ആദരിച്ചു. കാരുണ്യവർഷത്തോടനുബന്ധിച്ച് 460000/- രൂപയുടെ സഹായങ്ങൾ ചെയ്യുവാൻ സാധിച്ചു.

www.malankaralibrary.com



'എഡ്-ഐഡിഡ്', 'കൈത്താങ്ങ്' എന്നീ പേരുകളിൽ വിവിധ സമിതികളുടെ നേതൃത്വത്തിൽ പഠനോപകരണ വിതരണവും നടത്തപ്പെട്ടു. ആലപ്പാട് കടൽക്ഷോഭം മൂലം ദുരിതമനുഭവിച്ചിരുന്ന സഹോദരങ്ങൾക്ക് ഭദ്രസന സമിതി സഹായവുമായെത്തി. 2020 – 21 കാലയളവിൽ ചെല്ലാനം കടലോര മേഖലയിൽ കടൽക്ഷോഭത്താൽ പ്രയാസപ്പെടുന്ന വർക്കായി സമിതിയുടെ സഹായം എത്തി.

2020–21 സമിതിയുടെ കാലയളവിൽ 'ലെന്റൻ ചാലഞ്ച്' എന്ന പരിപാടി വലിയ നോമ്പിനോടനബന്ധിച്ച് നടത്തപ്പെട്ടു. അതിൽ നിന്നു സമാഹരിച്ച തുക നിരവധി കാരുണ്യപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കപ്പെട്ടു. ഭദ്രാസന സമിതിയുടെ അഭിമാനാർഹമായ പ്രവർത്തനമായിരുന്നു 'എഡ്-യൂത്ത്' വിദ്യാഭ്യാസ സ്കോളർഷിപ്പ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠനമികവു പുലർത്തുന്ന രൂപതയിലെ 10 വിദ്യാർത്ഥികൾക്ക് അക്കാഡമിക് വർഷത്തേക്ക് മാസം 1000 രൂപ വീതം നൽകുന്ന പദ്ധതി.

രൂപതയുടെ പ്രത്യാശഭവൻ കോന്നി, ആശ്വാസഭവൻ ചീക്കനാൽ, കാരുണ്യഭവൻ ളാക്കൂർ, മരിയഭവൻ സീതത്തോട്, ബഥനി ശാന്തിഭവൻ കടമ്മനിട്ട എന്നിവിടങ്ങളിൽ ഓരോ വർഷങ്ങളിലും നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു.

## മിഷൻ വിസിറ്റ്

ഭദ്രാസന സമിതിയുടെ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഭദ്രാസനത്തിന്റെ മിഷൻ ദൈവാലയമായ പാറശാല ഭദ്രാസനത്തിലെ ദൈവാലയം 2020 ഡിസംബർ 19 ന് സന്ദർശിക്കുകയും ഭക്ഷ്യധാന്യകിറ്റുകൾ ഉൾപ്പെടെ 50000/- രൂപയുടെ സഹായം നൽകുകയും ചെയ്തു.

## പ്രതിഷേധങ്ങൾ

സഭയെയും സമൂഹത്തെയും വേട്ടയാടുന്ന പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ഉറച്ച നിലപാടുമായി മുന്നോട്ടു വരുവാൻ എം.സി.വൈ.എം പ്രസ്ഥാനം എന്നും ശക്തമായി നിലകൊള്ളുന്നു. വിശുദ്ധ മദർതെരേസയ്ക്ക് എതിരെ ഉയർന്ന ആക്ഷേപങ്ങൾക്കും മുല്ലപ്പെരിയാർ പ്രശ്നങ്ങൾക്കും അന്ത്യത്താഴത്തെ വികലമായി ചിത്രീകരിച്ച വിഷയത്തിലും കൃത്യമായ ഇടപെടലുകളും പ്രതിഷേധങ്ങളും അതാതു കാലഘട്ടത്തിലും സമിതികൾ നടത്തി.

2020–21 കാലയളവിൽ പെട്രോൾ വില വർദ്ധനവിനെതിരെയും കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും 2021 ഫെബ്രുവരി 14 ന് ചിറ്റാറിൽ പ്രതിഷേധം സംഘടിപ്പിച്ചു. മനുഷ്യാവകാശ പ്രവർത്തകൻ ഫാ.സ്റ്റാൻസ്വാമിയുടെ അറസ്റ്റുമായി ബന്ധപ്പെട്ട് 2020 ഒക്ടോബർ 18 ന് കാർമലയിൽ പ്രതിഷേധം സംഘടിപ്പിക്കുകയും 2000 യുവജനങ്ങളുടെ ഒപ്പം ശേഖരിച്ച് പ്രധാനമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തു.

ക്രൈസ്തവ വിശ്വാസങ്ങളെ അവഹേളിച്ച പത്രമാസികകൾക്കെതിരേയും ഇ.ഐ.എ. ഡ്രാഫ്റ്റ് പിൻവലിക്കുന്നതിനുവേണ്ടിയും പ്രതിഷേധങ്ങൾ നടത്തപ്പെട്ടു. വിശുദ്ധ വസ്തുക്കളെ അവഹേളിച്ചവർക്കെതിരെ 2019 ജൂൺ 16 ന് പത്തനംതിട്ടയിൽ പ്രതിഷേധിച്ചു.

www.malankaralibrary.com



2020 ജൂലൈ 24 ന് ഹാഗിയ സോഫിയ വിഷയത്തിലും സമിതിയുടെ ഖേദവും പ്രതിഷേധവും അറിയിച്ചു. വനപാലകരുടെ കസ്റ്റഡിയിൽ മരണപ്പെട്ട പി.പി.മത്തായിയുടെ മരണത്തിലെ ദുരൂഹതകൾക്കെതിരെ അന്വേഷണം ആവശ്യപ്പെട്ടുള്ള ആഗസ്റ്റ് 13 ലെ ഐക്യദാർഢ്യവും പ്രതിഷേധവും മറ്റൊരു സംഭവമാണ്.

മുകളിൽ വിവരിച്ച ഓരോ പ്രതിഷേധങ്ങളും ശക്തമായ നിലപാടുകളും എം.സി.വൈ.എം ഭദ്രാസന സമിതിയുടെ സാമൂഹിക ഇടപെടലുകളെ ശക്തിപ്പെടുത്തി.

## പ്രളയ പ്രവർത്തനങ്ങൾ

2018, 2019 വർഷങ്ങൾ കേരളം വലിയ പ്രളയത്തെ നേരിട്ടപ്പോൾ ഒരുമനസ്സോടെ എല്ലാവരും സഹായഹസ്തങ്ങളുമായി ഒന്നിച്ചു പ്രവർത്തിച്ചു. യുവജനങ്ങളുടെ പ്രവർത്തനങ്ങൾ വിസ്മരിക്കാവുന്നതല്ല. സാമ്പത്തികമായും അല്ലാതെയും നിരവധി സഹായങ്ങളുമായി യുവജനങ്ങൾ ദുരന്തമുഖത്തേക്കെത്തി. 26 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിച്ചു. ജില്ലാ കളക്ടറായിരുന്ന ബഹു. പി. ബി. നൂഹ് ഐ.എ.എസ്നൊപ്പം യുവജനങ്ങൾ എല്ലാ പ്രവർത്തനങ്ങൾക്കും മുന്നിട്ടിറങ്ങി. അദ്ദേഹം നല്കിയ പിന്തുണയും യുവാക്കളുടെ പ്രവർത്തനങ്ങൾക്കു നല്കിയ പരിഗണനയും നന്ദിയോടെ ഓർക്കുന്നു.

## കോവിഡ് -19 പ്രവർത്തനങ്ങൾ

2019, 2020-21 കാലഘട്ടത്തിൽ നാം നേരിട്ട ഏറ്റവും വലിയ മഹാമാരിയാണ് കോവിഡ്-19. പുറത്തേക്ക് ഇറങ്ങുവാൻ പോലും കഴിയാതെ സമൂഹത്തിന്റെ എല്ലാ മേഖലകളും സ്തംഭിച്ചു പോയ ഒരു കാലം. ഈ കാലയളവിൽ എം.സി.വൈ.എം സജീവ പ്രവർത്തനങ്ങളാണ് മുന്നോട്ടു വച്ചത്. 128 അംഗങ്ങളുമായി കോവിഡ് ടാസ്ക് ഫോഴ്സിനു രൂപം നല്കുകയും കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്തു. 28 ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. കോവിഡിന്റെ ആദ്യഘട്ടങ്ങളിൽ മാസ്കുകൾ നിർമ്മിച്ച് ജില്ലാ ഭരണകൂടത്തിനു കൈമാറി. ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്ക് ടെലിവിഷനും മൊബൈൽ ഫോണുകളും വിതരണം ചെയ്ത 'റൂത്ത് ചാലഞ്ച്' എന്ന പരിപാടിയും നടത്തപ്പെട്ടു.

## ഭരണഘടന ഭേദഗതി

2011 ൽ രൂപീകൃതമായ പത്തനംതിട്ട ഭദ്രാസനം എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ ഭരണഘടനയിൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഭേദഗതികൾ വരുത്തുവാൻ 2020-21 സമിതി ആഗ്രഹിക്കുകയും അതിന്റെ ഭാഗമായി ഒരു ഓൺലൈൻ മീറ്റിംഗും ഓഫ് ലൈൻ മീറ്റിംഗും സംഘടിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ഭേദഗതികൾ ഉൾപ്പെടുത്തി അന്തിമരൂപം അഭിവന്ദ്യ രൂപതാദ്ധ്യക്ഷനു കൈമാറി.

www.malankaralibrary.com



## എം.സി.വൈ.എം. ചരിത്രം

ഭദ്രാസനത്തിലെ എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ചരിത്രം രേഖപ്പെടുത്തുവാൻ 2020–21 സമിതി 'ചരിത്രത്താളുകളിലൂടെ' എന്ന ആശയം കൊണ്ടുവരികയും അതനുസരിച്ച് രൂപതയുടെ ചരിത്രം ശേഖരിക്കുകയും തയ്യാറാക്കുകയും ചെയ്തു. ഭദ്രാസന സമിതിയുടെ ആഹ്വാനപ്രകാരം ജില്ലാസമിതികളും ചരിത്രം തയ്യാറാക്കുന്നു. യൂണിറ്റുകളിൽ ചരിത്ര രചനാമത്സരവും നടത്തപ്പെട്ടു.

## പ്രാർത്ഥനയിലൂടെ

പ്രാർത്ഥനയുടെ ചൈതന്യം സ്വീകരിച്ച് മുന്നേറുന്നവരാണ് എം.സി.വൈ.എം പ്രസ്ഥാനത്തിലെ യുവജനങ്ങൾ. എല്ലാ പ്രവർത്തനങ്ങൾക്കും ഊർജ്ജമാകുന്നതും പ്രാർത്ഥനയിലുള്ള നിലനിൽപ്പു തന്നെ. എല്ലാ സമിതികളും ആത്മീയമായ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്നു. ഓരോ വർഷവും നടത്തപ്പെടുന്ന കുരിശിന്റെ വഴി, ഓരോ പരിപാടികൾക്കും മുന്നോടിയായി നടത്തപ്പെടുന്ന ദിവ്യകാരുണ്യ ആരാധനകൾ, ജപമാല പ്രാർത്ഥനകൾ, വിശുദ്ധ കുർബാനകൾ എന്നിവ സംഘടനയുടെ ആത്മീയത വിളിച്ചോതുന്നു. 2010 ൽ നാല് ജില്ലകളിലും പ്രത്യേകമായി നടത്തപ്പെട്ട യുവജനധ്യാനങ്ങൾ, 2017 ഏപ്രിൽ 29 ന് കത്തീഡ്രലിൽ വച്ച് നടന്ന സ്പിരിച്ചൽ ഫെസ്റ്റ്, 2018 ൽ മൈലപ്രായിൽ വച്ച് നടന്ന നൈറ്റ് വിജിൽ, 2019 മെയ് 4 ന് കാരയ്ക്കാട് വച്ചു നടത്തിയ ആരാധന, 2021 ൽ ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനപ്രകാരം രൂപതയിലെ മുഴുവൻ യൂണിറ്റുകളിലും നടത്തപ്പെട്ട അഖണ്ഡ ജപമാല ഇവയെല്ലാം പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻ യുവജനങ്ങളെ ഒരുക്കി. ശക്തമായി പ്രവർത്തിക്കുന്ന ഒരു പ്രയർ വിംഗ് നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥനയിൽ ആയിരിക്കുന്നു.

## വൈദിക ജില്ലകളെ അറിയാം

2010 ൽ നാല് വൈദികജില്ലകളുമായി രൂപീകൃതമായ പത്തനംതിട്ട ഭദ്രാസനം പിന്നീട് സബ്ജില്ലയായ സീതത്തോടു കൂടി ചേർന്ന് 100 ഇടവകകളും അഞ്ച് വൈദികജില്ലകളുമുള്ള രൂപതയായ മാറി. എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ ചരിത്രത്താളുകൾ മറിക്കുമ്പോൾ മാറ്റി വയ്ക്കാനാവാത്ത സ്ഥാനം ഓരോ വൈദികജില്ലയ്ക്കുമുണ്ട്.

## കോന്നി വൈദിക ജില്ല

തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഭാഗമായി രൂപീകൃതമായ വൈദികജില്ലയാണ് കോന്നി. കോന്നി വൈദികജില്ല ആരംഭിച്ചത് 30 ഇടവകകൾ ചേർന്നാണ്. പത്തനംതിട്ട രൂപത ആരംഭിച്ചപ്പോൾ ജില്ലാ ഘടനയിൽ മാറ്റമില്ലാതെ തന്നെ കോന്നി വൈദികജില്ല അതിന്റെ ഭാഗമായി. വകയാർ ദൈവാലയം കോന്നി വൈദികജില്ലയുടെ ആസ്ഥാന ദൈവാലയമാണ്.

തണ്ണിത്തോട്, കോന്നി, അരുവാപ്പുലം, കലഞ്ഞൂർ, പ്രമാടം പഞ്ചായത്തുകളിലായി വൈദിക ജില്ലയിലെ ദൈവാലയങ്ങൾ സ്ഥിതി ചെയ്യുന്നു.

www.malankaralibrary.com



കൂടൽ മുതൽ കിഴവള്ളൂർ, വലഞ്ചുഴി ഭാഗങ്ങളിലായി കോന്നി വൈദികജില്ല വ്യാപിച്ചു കിടക്കുന്നു.

തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഭാഗമായിരിക്കെ തന്നെ അതിഭദ്രാസനതല കലാമത്സരങ്ങളിൽ ഏറെ ശ്രദ്ധ നേടിയ ജില്ലയാണ് കോന്നി. എം.സി.വൈ.എം, കെ.സി. വൈ.എം സംസ്ഥാന-അതിരൂപതാ നേതാക്കന്മാരെ പ്രദാനം ചെയ്യുവാനും കോന്നിയുടെ മണ്ണിനു സാധിച്ചു. 2018 ൽ സീതത്തോട് വൈദികജില്ല രൂപീകരിച്ചപ്പോൾ കോന്നിയുടെ നാല് ദൈവാലയങ്ങൾ (മണ്ണീറ, തണ്ണിത്തോട്, തേക്കുതോട്, കരിമാൻതോട്) ഇടവകകൾ പുതിയ വൈദികജില്ലയോട് ചേർത്തു. നിലവിൽ കോന്നി വൈദികജില്ലയിൽ 26 ഇടവകക ളാണുള്ളത്.

## സീതത്തോട് വൈദികജില്ല

പത്തനംതിട്ട ഭദ്രാസനത്തിൽ ഏറ്റവും അവസാനമായി രൂപം കൊണ്ട വൈദികജില്ല യാണ് സീതത്തോട് വൈദിക ജില്ല. പത്തനംതിട്ടയുടെ മലയോര പ്രദേശമായ ഭൂഭാഗമാണ്. ഈ വൈദിക ജില്ലയുടെ ഭൂരിഭാഗവും. 2018 മെയ് 27-ാം തീയതി ജില്ലയുടെ ആസ്ഥാന ദൈവാലയമായ സീതത്തോട് ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ വൈദിക ജില്ലയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. സഹായ മെത്രാനായിരുന്ന അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മഹനീയ സാന്നിധ്യവും ഉണ്ടായിരുന്നു.

14 ഇടവകകൾ ചേർന്നാണ് വൈദികജില്ല. സബ്ജില്ലയായിരുന്ന സീതത്തോട് ജില്ലാ പദവിയിലേക്ക് ഉയർത്തിയപ്പോൾ വൈദികജില്ലയിൽ, റാന്നി-പെരുനാട് വൈദികജില്ലയിലെ 10 ദൈവാലയങ്ങളും കോന്നി വൈദികജില്ലയിലെ 4 ദൈവാലയങ്ങളും കൂട്ടിച്ചേർന്നു.

പ്രശസ്ത തീർത്ഥാടന ദൈവാലയങ്ങളായ നിലയ്ക്കൽ പള്ളിയും ആങ്ങമൂഴി ദൈവാ ലയവും ഈ വൈദികജില്ലയിൽ ഉൾപ്പെടുന്നു. കരുത്തരായ യുവജന നേതാക്കന്മാരും അവ രുടെ പ്രവർത്തനങ്ങളുമായി സീതത്തോട് വൈദികജില്ല അതിന്റെ ശുശ്രൂഷകളിൽ മുന്നേ റുന്നു.

## റാന്നി-പെരുനാട് വൈദികജില്ല

മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അഭിമാനകരമായി നിലകൊള്ളുന്ന വൈദി കജില്ലയാണ് റാന്നി-പെരുനാട് വൈദികജില്ല. പുനരൈക്യ പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ പെരുനാട് കുരിശുമല ജില്ലയുടെ ഭാഗമാണ്. പെരുനാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ജില്ലയ്ക്ക് തുടക്കത്തിൽ 29 ഇടവകകളാണ് ഉണ്ടായിരുന്നത്. 2018 ൽ സീതത്തോട് വൈദിക ജില്ല രൂപീകരിച്ചപ്പോൾ റാന്നി - പെരുനാടിന്റെ 10 ഇടവകകൾ സീതത്തോടിനു നൽകി. ഇപ്പോൾ വൈദികജില്ലയിൽ 19 ഇടവകകളാണാള്ളത്. മലയോര പ്രദേശത്തിന്റെ മനോഹാ രിതയിൽ നിലകൊള്ളുന്ന ദൈവാലയങ്ങളാണ് ജില്ലയിൽ ഭൂരിഭാഗവും.

www.malankaralibrary.com



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അനുസ്മരണ പദയാത്ര സഭാതലത്തിൽ ആരംഭിക്കുന്നത് പെരുനാട്-കുരിശുമല ദൈവാലയത്തിൽ നിന്നുമാണ്.

തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഭാഗമായിരിക്കെ, മലയോര മേഖലയായിരുന്നിട്ടും കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് റാന്നി-പെരുനാട് വൈദികജില്ല അതിഭദ്രാസനതല രചനാമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് അഭിമാനകരമായ നേട്ടമായിരുന്നു. വൈദികജില്ലയുടെ ധീര യുവജനങ്ങളിലൂടെ എം.സി.വൈ.എം ശക്തിയോടെ പ്രവർത്തിക്കുന്നു.

## പത്തനംതിട്ട വൈദിക ജില്ല

കാട്ടൂർ, ഇലന്തൂർ മുതൽ പത്തനംതിട്ട, ഓമല്ലൂർ ഭാഗം വരെ വ്യാപിച്ചു കിടക്കുന്ന വൈദികജില്ലയാണ് പത്തനംതിട്ട. 21 ഇടവകകളാണ് ജില്ലയിലുള്ളത്. തിരുവനന്തപുരം അതിഭദ്രാസന ഭാഗമായിരിക്കെ തന്നെ ആദ്യകാല നേതാക്കന്മാരെ സംഭാവന ചെയ്യുവാൻ ജില്ലയ്ക്ക് സാധിച്ചു. പത്തനംതിട്ട ജില്ലയുടെ കേന്ദ്രഭാഗത്തായാണ് വൈദികജില്ല നിലകൊള്ളുന്നത്. പത്തനംതിട്ട രൂപതയുടെ കത്തീഡ്രൽ ദൈവാലയവും അരമനയും മൈനർ സെമിനാരിയും ജില്ലാ പരിധിക്കുള്ളിലാണ്.

മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ കാട്ടൂർ ദൈവാലയം ജില്ലയുടെ അഭിമാന ദൈവാലയമാണ്. കാട്ടൂർ പഴയപള്ളിയിൽ നിന്നുമാണ് ജില്ലയുടെ പദയാത്ര ആരംഭിക്കുന്നത്. പത്തനംതിട്ട രൂപതയുടെ ജനറൽ സെക്രട്ടറിയായി സേവനം ചെയ്തിരുന്ന സ്കോട്ട് സ്ലീബാ പുളിമൂടൻ ദൈവവിളി സ്വീകരിച്ച് വൈദികപഠനത്തിനായി പോയത് യുവജനങ്ങളെ സംബന്ധിച്ചിടത്തോളം അഭിമാനകരവും അനുഗ്രഹപ്രദവുമായിരുന്ന മറ്റൊരു വസ്തുതയാണ്.

പുനരൈക്യ വാർഷികാഘോഷങ്ങളോട് അനുബന്ധിച്ച് നടത്തപ്പെടുന്ന സഭാതല ക്വിസ് മത്സരങ്ങളിൽ രൂപതയെ പ്രതിനിധീകരിച്ച് പത്തനംതിട്ട വൈദികജില്ലയിലെ യുവജനങ്ങൾ സംബന്ധിക്കുകയും ജില്ലയിലെ വാഴമുട്ടം യൂണിറ്റ് 2012 ൽ സഭാതലത്തിൽ ഒന്നാം സ്ഥാനവും 2013, 2014 വർഷങ്ങളിൽ ഇലന്തൂർ യൂണിറ്റ് മൂന്നാം സ്ഥാനവും 2020 ൽ കാട്ടൂർ യൂണിറ്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കുകയും ചെയ്തു.

എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകരായി പത്തനംതിട്ട വൈദിക ജില്ലയിലെ എല്ലാ യൂണിറ്റുകളിലും യുവജനങ്ങൾ പ്രവർത്തിച്ചു വരുന്നു.

## പന്തളം വൈദിക ജില്ല

തിരുവനന്തപുരം വൈദികജില്ലയുടെ ഭാഗമായി 2007 ൽ ആണ് പന്തളം വൈദികജില്ല രൂപീകൃതമായത്. 2006-2007 കാലഘട്ടത്തിൽ മാവേലിക്കര ഭദ്രാസനം നിലവിൽ വന്നപ്പോൾ, കൂടുതൽ ദൈവാലയങ്ങൾ ചെങ്ങന്നൂർ വൈദികജില്ലയിൽ വരികയും എന്നാൽ പത്തനംതിട്ട റവന്യു ജില്ലയിൽപ്പെടുന്ന പള്ളികൾ തിരുവനന്തപുരം അതിരൂപതയിൽ തന്നെ തുടരുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. ഈ ദൈവാലയങ്ങൾക്ക് വൈദികജില്ല ഇല്ലാതെ വന്ന അവസരത്തിലാണ് പന്തളം വൈദികജില്ല രൂപീകരിക്കുന്നത്. മാവേലിക്കര ഭദ്രാസനത്തിലെ

www.malankaralibrary.com



ചെങ്ങന്നൂർ വൈദികജില്ലയിൽ നിന്നും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഭാഗമായിരുന്ന പത്തനംതിട്ട, അടൂർ വൈദികജില്ലയിൽ നിന്നും ഉള്ള ദൈവാലയങ്ങൾ കൂടിച്ചേർത്താണ് പന്തളം വൈദികജില്ല ആരംഭിച്ചത്.

തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായിരിക്കെ തന്നെ അതിരൂപതാ തല നേതാക്കന്മാരെ സംഭാവന ചെയ്യുവാൻ പന്തളം വൈദികജില്ലയ്ക്ക് സാധിച്ചു. 2010 ൽ പത്തനംതിട്ട രൂപത രൂപീകൃതമായപ്പോൾ പന്തളം അതിന്റെ ഭാഗമായി. 19 ദൈവാലയങ്ങളാണ് വൈദികജില്ലയിലുള്ളത്.

## ഉപസംഹാരം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം പത്തനംതിട്ടയുടെ ചരിത്രമുറങ്ങുന്ന മണ്ണിൽ വേരൂന്നി ആഴത്തിൽ വളർന്നു വന്നത് സർവ്വേശ്വരന്റെ അനുഗ്രഹത്തിനപ്പുറം മറ്റൊന്നുമല്ല. യുവജനങ്ങൾ ഒരു മനസ്സോടെ സഭയുടെയും സമൂഹത്തിന്റെയും വിവിധ മേഖലകളിൽ പ്രവർത്തനങ്ങളും സേവനങ്ങളുമായി സജീവ സാന്നിധ്യമായി നിലകൊള്ളുന്നു. തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഭാഗമായിരിക്കെ തന്നെ പത്തനംതിട്ടയുടെ യുവജനങ്ങളുടെ സാന്നിധ്യവും പങ്കാളിത്തവും കർമ്മധീരമായ പ്രവർത്തനങ്ങളും  യുവജന സഭയ്ക്ക് മുതൽക്കൂട്ടായിരുന്നു.

2010 ൽ പത്തനംതിട്ട ഭദ്രാസനം നിലവിൽ വരികയും എം.സി.വൈ.എം പ്രസ്ഥാനം അതിന്റെ പ്രവർത്തനങ്ങൾ രൂപതയായി ആരംഭിക്കുകയും ചെയ്തു. അഡ്ഹോക്ക് കമ്മറ്റിയിൽ തുടങ്ങി 2011 ൽ പ്രഥമ ഭദ്രാസന സമിതി നിലവിൽ വന്നതു മുതൽ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് കർമ്മ മേഖലകളിൽ യുവജനത ശക്തിയോടെ മുന്നേറി. യുവജനങ്ങളുടെ മാത്രമല്ല സഭയുടെ സമൂഹത്തിന്റെ ഒന്നാകെ ആത്മീയവും, ഭൗതികവും സാംസ്കാരികവും രാഷ്ട്രീയവുമായ ഇടങ്ങളിൽ ക്രിയാത്മക പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. രൂപതയിൽ നിന്നും എം.സി.വൈ.എം. സഭാതലം, കെ.സി.വൈ.എം. സംസ്ഥാനതലം, ദേശീയ തലങ്ങളിലേക്ക് നേതാക്കന്മാരെ സംഭാവന ചെയ്യുവാൻ രൂപതയ്ക്കു സാധിച്ചു. ഇപ്പോഴും കരുത്തരായ നേതാക്കന്മാരെ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു.

2016 മുതൽ ഒക്ടോബർ 4 യുവജനദിനാഘോഷം ആഘോഷമായി രൂപതാസമിതി നടത്തി വരുന്നു. യുവജനദിനം ഇത്രയേറെ പ്രസക്തി നല്കി ആഘോഷിച്ചു തുടങ്ങിയത് പത്തനംതിട്ട രൂപതാസമിതി ആണെന്ന് അഭിമാനത്തോടെ പറയട്ടെ. ചരിത്രത്താളുകളിൽ ഇടം പിടിക്കുന്ന നിരവധി പ്രവർത്തനങ്ങൾ രൂപതാസമിതി യുവജനങ്ങളോട് ചേർന്ന് ചെയ്യുന്നു.

2016 ൽ കരുണയുടെ വർഷത്തോടനുബന്ധിച്ച് 4600000/രൂപയുടെ കാരുണ്യ പ്രവർത്തനങ്ങൾ ചെയ്തതും ഏറെ അഭിമാനാർഹമായ നേട്ടമാണ്. 2018-19 വർഷങ്ങളിൽ പ്രളയം പ്രതികൂലമായി ബാധിച്ച ജില്ലകളിൽ ഒന്നായിരുന്നു പത്തനംതിട്ടയും. രൂപതയിലെ യുവജനങ്ങൾ ഒന്നാകെ സന്നദ്ധ പ്രവർത്തകരായി പ്രളയ മുഖത്ത് സജീവ സേവകരായി.

www.malankaralibrary.com



സീതത്തോട് മേഖലയിലുണ്ടായ മണ്ണിടിച്ചിലിൽ അനേക കുടുംബങ്ങൾ നിസഹായരായി നിന്ന ഇടങ്ങളിലേക്ക് രൂപതയുടെ യുവജനങ്ങൾ സഹായഹസ്തവുമായി എത്തി. അനേകം ആളുകളിലേക്ക് ഇറങ്ങി ചെല്ലാനും പൊതുസമൂഹത്തിന്റെ അവസ്ഥകളെ മനസിലാക്കി പ്രവർത്തിക്കുവാനും ഈ കാലയളവിൽ യുവജനങ്ങൾ ശ്രമിച്ചു.

2020-2021 കാലഘട്ടത്തിൽ നേരിട്ട വലിയ വെല്ലുവിളിയായിരുന്നു കോവിഡ്-19 മഹാമാരി. പുറത്തേക്കിറങ്ങുവാൻ പോലും കഴിയാതിരുന്ന സാഹചര്യങ്ങളിൽ പ്രവർത്തനങ്ങളെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ഏകോപിപ്പിക്കുവാൻ സമിതിക്കു സാധിച്ചു. അത്തരമൊരു ചിന്തയ്ക്കു നാന്ദിക്കുറിച്ചതും പത്തനംതിട്ട രൂപത തന്നെയാണ്. ക്വിസ്, രചനാമത്സരങ്ങൾ എന്നിവ ഓൺലൈൻ സാധ്യതകളിലൂടെ നടത്തപ്പെട്ടു. ഭദ്രാസനസമിതിയുടെ വെബ്സൈറ്റ്, ആപ്പ് ഇവ വഴി പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടത്തുന്നു. യൂണിറ്റുകളെ ചേർത്തു നിർത്താൻ യൂണിറ്റ് വിസിറ്റുകൾ നടത്തപ്പെടുന്നു. ഈ കാലയളവിൽ ഓൺലൈൻ യൂണിറ്റ് വിസിറ്റുകളിലൂടെ യുവജനങ്ങളിലേക്ക് എത്തിച്ചേർന്നു.

സാഹചര്യങ്ങൾ അനുകൂലമാകുന്ന അവസരങ്ങളിൽ ഓഫ്ലൈൻ പരിപാടികളും നടത്തപ്പെട്ടു. യുവതികൾ ഒന്നുചേർന്ന് നടത്തപ്പെട്ട വനിതാസംഗമം ഏറെ അനുഗ്രഹപ്രദമായ പരിപാടിയായിരുന്നു.

നൂതനമായ ചിന്തകളും ആശയങ്ങളും നടപ്പിലാക്കിക്കൊണ്ട് യുവജനങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പത്തനംതിട്ട ഭദ്രാസന സമിതി അതിന്റെ ജൈത്രയാത്ര തുടരുകയാണ്. ചരിത്രത്താളുകളിൽ നിന്നും ഉൾക്കൊണ്ട ഊർജ്ജം ഹൃദയത്തിൽ സ്വീകരിച്ച് പത്തനംതിട്ടയുടെ യുവജനങ്ങൾ പ്രവർത്തന പന്ഥാവിൽ സജീവമാകുന്നു.

---

തയ്യാറാക്കിയത് : ജിഫിൻ സാം, സുബിൻ തോമസ്, അജോഷ് എം.തോമസ്,
അലീന എലിസബത്ത് മാത്യു, സ്വേത മാത്യൂ

fellesskap എന്ന ഈ പ്രസിദ്ധീകരണത്തിലെ, എം.സി.വൈ.എം.ന്റെ മുൻകാല
ചരിത്രം ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് തയ്യാറാക്കപ്പെട്ടതാണ്.
രേഖപ്പെടുത്താതെ വിട്ട് പോയതോ, മറ്റ് എന്തെങ്കിലും
വിവരങ്ങളോ ലഭ്യമാകുന്ന പക്ഷം തുടർ സമിതികൾക്ക് കൂട്ടിച്ചേർക്കാവുന്നതാണ്.

www.malankaralibrary.com
























































www.malankaralibrary.com
































www.malankaralibrary.com



# മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.)

## പത്തനംതിട്ട ഭദ്രാസനം

## വാർഷിക റിപ്പോർട്ട് – 2020



ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കാലഘട്ടത്തിന് ദിശാബോധം പകർന്ന് നൽകികൊണ്ട് കാലത്തിന്റെ ചുവരെഴുത്ത് വായിച്ചെടുത്ത് *''യുവത്വം : ധീര പ്രേഷിതരാകുവാനുള്ള ഒരു വിളി''* എന്ന ആപ്ത വാക്യത്തെ മുൻനിർത്തി, പച്ചമരക്കുരിശിൽ പച്ചിരുമ്പാണികളാൽ ക്രൂശിതനായ നിത്യയുവാവായ ക്രിസ്തുവിന്റെ കാൽപ്പാടുകളെ അനുധാവനം ചെയ്ത് എം.സി.വൈഎം. പത്തനംതിട്ട ഭദ്രാസന സമിതി സാമൂഹികവും, ആത്മീയവും, സാംസ്കാരികവും ആയ മേഖലകളിൽ പുത്തൻ ഉണർവിന്റെ സങ്കേതം തീർത്തുകൊണ്ട് പ്രവർത്തന പന്ഥാവിൽ അതിവേഗം മുന്നേറുന്നു. ഭദ്രാസന സമിതിയുടെ 2020-21 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട്.

### ഭദ്രാസന സമിതി തെരഞ്ഞെടുപ്പ്

2020-21 വർഷത്തെ ഭദ്രാസന സമിതിയെ തെരഞ്ഞെടുക്കുന്നതിനായി മെയ് 30-ാം തീയതി അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ പത്തനംതിട്ട ബിഷപ്പ് ഹൗസിൽ വച്ച് ഭദ്രാസന സിൻഡിക്കേറ്റ് അംഗങ്ങൾ, ജില്ലാ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ യോഗം ചേരുകയും പുതിയ വർഷത്തേക്കുള്ള ഭദ്രാസന സമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

### ഭദ്രാസന സമിതി

| | | |
|---|---|---|
| പ്രസിഡന്റ് | : | ജിഫിൻ സാം, മൈലപ്രാ |
| വൈസ് പ്രസിഡന്റ് | : | സോൾ പണിക്കർ, പറന്തൽ<br>അലീന എലിബത്ത് മാത്യു, ഇലന്തൂർ |
| ജനറൽ സെക്രട്ടറി | : | സുബിൻ തോമസ്, തണ്ണിത്തോട് |
| സെക്രട്ടറി | | ലിബിൻ സി. മാത്യൂ, കത്തീഡ്രൽ |
| | | ലിനു വി. ഡേവിഡ്, കരിമാൻതോട് |
| | | ട്രീസാ തോമസ് ആങ്ങമൂഴി |
| ട്രഷറാർ | : | അജോഷ് എം. തോമസ് കടമ്മനിട്ട |
| സഭാതല സിൻഡിക്കേറ്റ് | : | ജെയിംസ് ജോസ്, പൊന്നമ്പ് |
| | | സ്വേത മാത്യൂ, കോന്നി |
| കെ.സി.വൈ.എം. സിൻഡിക്കേറ്റ് | : | അജോയി പി. തോമസ്, വയലത്തല |
| കെ.സി.വൈ.എം. സെനറ്റ് | : | സിറിൾ വർഗ്ഗീസ്, ഊട്ടുപാറ |

www.malankaralibrary.com



## സത്യപ്രതിജ്ഞ

എം.സി.വൈഎം. പ്രസ്ഥാനത്തെ 2020-21 വർഷം നയിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ സത്യപ്രതിജ്ഞ 2020 മെയ് 30, ശനിയാഴ്ച 3 മണിക്ക് പത്തനംതിട്ട അരമനയിൽ വച്ച് നടന്നു. പ്രസ്ഥാനത്തിന്റെ രക്ഷാധികാരി അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെയും, ഭദ്രാസന വികാരി ജനറാൾ വന്ദ്യ. ഷാജി മാണികുളം അച്ചന്റെയും സാന്നിദ്ധ്യത്തിൽ ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത് സത്യപ്രതിജ്ഞാ വാചകം ചൊല്ലി തന്നു. തുടർന്ന് അഭി. പിതാവ് ഭദ്രാസന സമിതിക്ക് എല്ലാവിധ ആശംസകളും അറിയിച്ചു. സത്യപ്രതിജ്ഞയ്ക്ക് ശേഷം സമിതിയുടെ ആദ്യ സെക്രട്ടറിയേറ്റ് മീറ്റിംഗ് കൂടുകയും ചെയ്തു.

## കർമ്മപദ്ധതി ഉദ്ഘാടനം

ഭദ്രാസന സമിതിയുടെ കർമ്മപദ്ധതി ഉദ്ഘാടനം ജൂൺ 27-ാം തീയതി പത്തനംതിട്ട ബിഷപ്പ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന വൈസ് പ്രസിഡന്റ് അലീനാ എലിസബത്ത് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഭദ്രാസനാധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവ് കർമ്മപദ്ധതി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സുബിൻ തോമസ് സ്വാഗതം ആശംസിക്കുകയും, ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത് ആമുഖസന്ദേശം നൽകുകയും ചെയ്തു. വികാരി ജനറാൾ വന്ദ്യ. ഷാജി മാണികുളം അച്ചൻ മുഖ്യസന്ദേശം നൽകി. ആനിമേറ്റർ സി. തമീം എസ്.ഐ.സി. ആശംസ അറിയിക്കുകയും, ഭദ്രാസന ട്രഷറാർ അജോഷ് എം. തോമസ് നന്ദി അറിയിക്കുകയും ചെയ്തു. ജില്ലാ ഡയറക്ടറന്മാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ജില്ലാ പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

## മിഷൻ മാസ്ക്ക്

ജൂൺ 3-ാം തീയതി ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ പി.ബി.നൂഹിന് 3000 മാസ്ക്ക് കൈമാറി. ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത്, ഫാ. മാത്യൂ കുന്നുംപുറം, ഭദ്രാസന പ്രസിഡന്റ് ജിഫിൻ സാം, മറ്റ് ഭദ്രാസന ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മാസ്ക്ക് നിർമ്മിച്ച നൽകിയ കാർമ്മല, കരിമാൻതോട് യൂണിറ്റുകളോടും സാമ്പത്തിക സഹായം നൽകിയ എല്ലാ യൂണിറ്റുകളോടും, ജില്ലാ സമിതികളോടുമുള്ള നന്ദി അറിയിക്കുന്നു.

## ദിവ്യകാരുണ്യ ആരാധന

ജൂൺ 3-ാം തീയതി വൈകുന്നേരം 7 മണിക്ക് സൂം ആപ്പ് വഴി ആരാധന നടത്തപ്പെട്ടുകയും, ഭദ്രാസന ഭാരവാഹികൾ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് ജില്ലാ ഡയറക്ടന്മാരുമായി മീറ്റിംഗ് നടത്തപ്പെടുകയും ചെയ്തു.

www.malankaralibrary.com



## ഭൂമിക്കൊരുതണൽ പരിസ്ഥിതി വാരാഘോഷം

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ജൂൺ മാസം 5 മുതൽ 15 വരെ നീണ്ടുനിൽക്കുന്ന പരിസ്ഥിതി വാരാഘോഷം നടത്തപ്പെട്ടു. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ ആശയങ്ങൾ സമൂഹമദ്ധ്യത്തിൽ അവതിരിപ്പിക്കുന്ന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആണ് പരിസ്ഥിതി വാരാഘോഷം നടത്തപ്പെട്ടത്. 23 യൂണിറ്റുകൾ പങ്കെടുത്തു. വിജയികളായ യൂണിറ്റുകൾ

1. തെക്കുംമല – റാന്നി പെരുന്നാട് വൈദിക ജില്ല
2. ഊട്ടുപാറ – കോന്നി വൈദിക ജില്ല

പ്രത്യേക പരാമർശം

1. വകയാർ – കോന്നി വൈദിക ജില്ല
2. കാരയ്ക്കാട് – പന്തളം വൈദിക ജില്ല
3. കടമ്മനിട്ട – പത്തനംതിട്ട വൈദിക ജില്ല

വിജയികൾക്കും പങ്കെടുത്ത എല്ലാ യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ...

## പരിസ്ഥിതി ദിനാഘോഷം

ഭദ്രാസനതല പരിസ്ഥിതി ദിനാഘോഷം ജൂൺ 5–ാം തീയതി കോന്നി കാർമ്മല പ്രത്യാശ ഭവനിൽ വച്ച് നടത്തപ്പെട്ടു. പ്രത്യാശ ഭവനിലെ അമ്മമാർ ഭദ്രാസന ഭാരവാഹികൾക്ക് വൃക്ഷതൈ കൈമാറുകയും, ഭദ്രാസന ഡയറക്ടറും രൂപതാ ഭാരവാഹികളും ചേർന്ന് വൃക്ഷതൈ നട്ട് പിടിപ്പിക്കുകയും ചെയ്തു.

## സാന്ത്വനം

പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി കാർമ്മല പ്രത്യാശ ഭവൻ സന്ദർശിക്കുകയും അമ്മാരൊടൊപ്പം സമയം ചെലവഴിക്കുകയും അമ്മമാർക്ക് ആവശ്യമായ സാധനങ്ങൾ അടങ്ങിയ ഒരു കിറ്റ് കൈമാറുകയും ചെയ്തു.

## റൂത്ത് ചാലഞ്ച്

ഓൺലൈൻ പഠനത്തിന് ടിവിയോ, മൊബൈൽ ഫോണുകളോ ഇല്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുവാൻ ഭദ്രാസന സമിതി നടപ്പിലാക്കിയ പ്രോഗ്രാം ആണ് റൂത്ത് ചാലഞ്ച്. ഊട്ടുപാറ യൂണിറ്റ് 5 ടിവികളും, കാർമ്മല പ്രത്യാശ ഭവൻ ഒരു ടിവിയും ആദ്യഘട്ടത്തിൽ ഭദ്രാസന സമിതിക്ക് കൈമാറി. ഈ ടിവികൾ യൂണിറ്റുകളിൽ നിന്ന് ജൂൺ 9–ാം തീയതി പത്തനംതിട്ട ബിഷപ്പ് ഹൗസിൽ വച്ച് അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവ് ഏറ്റുവാങ്ങുകയും ഭദ്രാസന സമിതിക്ക് കൈമാറുകയും ചെയ്തു. ഭദ്രാസന സമിതിയുടെ നിർദ്ദേശപ്രകാരം നിരവധി യൂണിറ്റുകൾ ടിവി ചലഞ്ചുമായി മുന്നോട്ട് പോയി അനേകം വിദ്യാർത്ഥികൾക്ക് കൈത്താങ്ങ് ആയി മാറി. അഭിനന്ദങ്ങൾ.

www.malankaralibrary.com



## ടെലിവിഷൻ വിതരണം

ജൂൺ 15-ാം തീയതി രാവിലെ 9 മണിക്ക് ഓമല്ലൂർ ആര്യഭാരതി സ്കൂളിലേക്ക് 3 ടിവികൾ ഭദ്രാസന സമിതി കൈമാറി. ഭദ്രാസന ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്തിൽ നിന്നും സ്കൂൾ ഹെഡ്മാസ്റ്റർ ലിജു ജോർജ്ജ് ഏറ്റുവാങ്ങി. ഭദ്രാസന ഭാരവാഹികളും ഒപ്പം ഉണ്ടായിരുന്നു. അപേക്ഷ ലഭിച്ച ബാക്കി ഉള്ളവർക്കും ഭദ്രാസന സമിതി ടിവികൾ എത്തിച്ചുനൽകി. ഒപ്പം പ്രവർത്തിച്ച എല്ലാവർക്കും നന്ദി.

## ധീര ജവാന്മാർക്ക് ആദരാഞ്ജലികൾ

ചൈനീസ് ആക്രമണത്തിൽ രാജ്യത്തിനുവേണ്ടി വീരമൃത്യൂ വരിച്ച ധീര ജവാന്മാർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ജൂൺ 17-ാം തീയതി വൈകുന്നേരം 5.30ന് കോന്നി കാർമ്മല ദൈവാലയത്തിൽ വച്ച് അനുശോചനവും പ്രാർത്ഥനയും നടത്തപ്പെട്ടു. ഭദ്രാസന ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത്, ഫാ. മാത്യൂ കുന്നുംപുറം, ഭദ്രാസന ഭാരവാഹികൾ കോന്നി ജില്ലാ ഭാരവാഹികൾ കാർമ്മല യൂണിറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. രാജ്യസമാധാനത്തിനായി പ്രത്യേകം പ്രാർത്ഥനയും നടത്തപ്പെട്ടു.

## മാർ ഈവാനിയോസ് ഓർമ്മ തിരുന്നാൾ - റാന്നി - പെരുന്നാട് കുരിശുമല

ജൂലൈ 1-ാം തീയതി റാന്നി - പെരുന്നാട് കുരിശുമല ദേവാലയത്തിൽ അഭി. കർദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമ്മീസ് കതോലിക്കാ ബാവാ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയിൽ ഭദ്രാസന സമിതിയുടെ പ്രതിനിധികളായി ഭദ്രാസന സെക്രട്ടറിമാരായ ലിബിൻ സി. മാത്യൂവും, ട്രീസാ തോമസും പങ്കെടുത്തു.

## മാർ ഈവാനിയോസ് പദയാത്ര - വീഡിയോ സീരിസ്

ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തിരുന്നാളിനോടനുബന്ധിച്ച് ജൂലൈ 10 മുതൽ 20 വരെ ***പദയാത്ര ധീര പ്രേഷിതരാകുവാനുള്ള നമ്മുടെ വിളിയെ എങ്ങനെ സ്വാധീനിക്കുന്നു***, എന്ന വിഷയവുമായി ബന്ധപ്പെടുത്തി യുവജനങ്ങൾ അനുഭവങ്ങൾ ഓൺലൈൻ വഴി പങ്കുവെച്ചു.

## ഈശോയ്ക്കൊപ്പം

2020 ജൂൺ 27-ാം തീയതി അരമന ചാപ്പലിൽ വച്ച് രാവിലെ 9 മണി മുതൽ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. അഭി. ഐറേനിയോസ് പിതാവ് വചന സന്ദേശം നൽകി. ഭദ്രാസന ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത് ആരാധനയ്ക്ക് നേതൃത്വം നൽകി. ജില്ലാ ഡയറക്ടർ അച്ചന്മാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഭദ്രാസന, ജില്ലാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## നാമഹേതുക തിരുന്നാൾ ആഘോഷം

നാമഹേതുക തിരുന്നാൾ ആഘോഷിച്ച പത്തനംതിട്ട ഭദ്രാസാനാധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവിന് ഭദ്രാസന സമിതിയുടെ ആശംസകൾ അറിയിക്കുകയും സമിതിയുടെ സ്നേഹസമ്മാനം നൽകുകയും ചെയ്തു.

www.malankaralibrary.com



## മാർ ഈവാനിയോസ് അനുസ്മരണവും പുതിയ ഡയറക്ടർ അച്ചന്മാർക്ക് സ്വാഗതവും

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തിരുന്നാളിനോടനുബന്ധിച്ച് ജൂലൈ മാസം 15-ാം തീയതി കോന്നി കാർമ്മല ദേവാലയത്തിൽ വച്ച് മാർ ഈവാനിയോസ് അനുസ്മരണവും ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു. പന്തളം വൈദിക ജില്ലാ ഡയറക്ടർ ഫാ. റോബിൻ തൈക്കൂട്ടത്തിൽ അനുസ്മരണ പ്രഭാഷണം നടത്തി. ഫാ. മാത്യൂ കുന്നുംപുറം ധൂപപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് റാന്നി - പെരുന്നാട് വൈദിക ജില്ലയുടെ പുതിയ ഡയറക്ടറായി ചുമതലയേറ്റ ഫാ. തോമസ് നെടുമാംങ്കുഴിയേയും സീതത്തോട് വൈദിക ജില്ലയുടെ പുതിയ ഡയറക്ടറായി ചുമതലയേറ്റ ഫാ. ഫിലിപ്പോസ് ചരിവുപുരയിടത്തിലിനേയും ഭദ്രാസന സമിതിയ്ക്കുവേണ്ടി ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത് എം.സി.വൈ.എം. ഷാൾ അണിയിച്ച് സ്വീകരിച്ചു.

## നുഹ്റോ ദ് മലങ്കര പ്രകാശനം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തിരുന്നാളിനോടനുബന്ധിച്ച് ഭദ്രാസന സമിതി പ്രസിദ്ധീകരിച്ചുവരുന്ന നുഹ്റോ ദ് മലങ്കര പദയാത്ര അനുഭവക്കുറിപ്പുകളുടെ 5-ാം പതിപ്പ് പ്രകാശനം ചെയ്യപ്പെട്ടു. ജൂലൈ മാസം 15-ാം തീയതി കോന്നി കാർമ്മല ദൈവാലയത്തിൽ വച്ച് ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത്, പന്തളം വൈദിക ജില്ലാ ഡയറക്ടർ ഫാ. റോബിൻ തൈക്കൂട്ടത്തിൽ, റാന്നി - പെരുന്നാട് വൈദിക ജില്ലാ ഡയറക്ടർ ഫാ. തോമസ് നെടുമാംങ്കുഴി, സീതത്തോട് ജില്ലാ ഡയറക്ടർ ഫാ. ഫിലിപ്പോസ് ചരിവുപുരയിടത്തിൽ കാർമ്മല ഇടവക സഹ വികാരി ഫാ. മാത്യൂ കുന്നുംപുറം എന്നിവർ ചേർന്ന് ഭദ്രാസന ജനറൽ സെക്രട്ടറി സുബിൻ തോമസിന് നൽകികൊണ്ട് പ്രകാശനം ചെയ്തു.

## പ്രതിഷേധ ജ്വാല

ക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസങ്ങളെ അവഹേളിക്കുന്ന രീതിയിൽ വിശുദ്ധ വസ്തുക്കളെ ഉപയോഗിച്ച് ഫോട്ടോ ഷൂട്ട് നടത്തിയ ഗൃഹലക്ഷ്മി മാസികക്കെതിരെയും ഫോട്ടോ സമൂഹ മാധ്യമങ്ങളിൽ പങ്കുവെച്ച വ്യക്തികൾക്കെതിരെയും ഭദ്രാസന സമിതി ഒന്നായി സമൂഹ മാധ്യമങ്ങൾ വഴി പ്രൊഫൈൽ പിക്ച്ചർ ക്യാംപയ്ൻ നടത്തി. ഒപ്പം ഭദ്രാസന സമിതിയുടെ പ്രതിഷേധം മാസികയെ അറിയിക്കുകയും, പത്രാധിപസമിതി ഖേദം രേഖപ്പെടുത്തുകയും ഇനിയും ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. തുടർന്ന് ഫോട്ടോ സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ച വ്യക്തികൾ അടക്കം പ്രസ്തുത ഫോട്ടോ നീക്കം ചെയ്യുകയും ചെയ്തു. നിരവധി യുവജനങ്ങൾ ഈ പ്രതിഷേധത്തിൽ പങ്കെടുക്കുകയും നേരിട്ട് വിളിച്ച് പ്രതിഷേധം അറിയിക്കുകയും ചെയ്തു. ഏവർക്കും അഭിവാദ്യങ്ങൾ.

## കോവിഡ് ടാസ്ക് ഫോഴ്സ്

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ പ്രത്യേക നിർദ്ദേശത്താൽ കോവിഡുമായി ബന്ധപ്പെട്ട് ശവസംസ്കാര

www.malankaralibrary.com



ശുശ്രൂഷയിൽ നമ്മുടെ രൂപതയിൽ എന്തെങ്കിലും പ്രതികൂല സാഹചര്യം ഉണ്ടായാൽ യഥോചിതം അഭിമുഖീകരിക്കാനും മരണപ്പെടുന്ന വ്യക്തികൾക്ക് ക്രൈസ്തവോചിതമായ സംസ്കാര ശുശ്രൂഷ ലഭ്യമാക്കുവാനും ആയി 26 വൈദികരും 82 യുവജനങ്ങളും ആയി 108 പേർ അടങ്ങുന്ന ടാസ്ക് ഫോഴ്സ് ജൂലൈ 22ന് രൂപീകരിച്ചു. ഈ ബാച്ചിന്റെ ആദ്യഘട്ട പരിശീലനം ആഗസ്റ്റ് 4-ാം തീയതി രാവിലെയും, ഉച്ചയ്ക്കുമായി പത്തനംതിട്ട ഗവ. ഹോസ്പിറ്റലിൽ വച്ച് നടത്തപ്പെട്ടു. ഡെപ്യൂട്ടി ഡി.എം.ഒ. പത്മകുമാരിയും, ഡോ. ജിബി വർഗ്ഗീസും പരീശീലന പരിപാടിക്ക് നേതൃത്വം നൽകി.

## ഹാഗിയ സോഫിയ പ്രതിഷേധം

ഹാഗിയ സോഫിയ മോസ്ക്കാക്കി മാറ്റിയ തുർക്കിഷ് ഭരണകൂടത്തിന്റെ തീരുമാനത്തിനെതിരെ ജൂലൈ 24-ാം തീയതി കെ.സി.വൈ.എം. നടത്തിയ വിലാപദിനത്തിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയും പ്രതിഷേധം അറിയിച്ചു. വൈകുന്നേരം 5.45 മുതൽ കെ.സി.വൈ.എം. ഒഫിഷ്യൽ ഫെയിസ്ബുക്ക് പേജിലൂടെ ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിഫിൻ സാം ഭദ്രാസനത്തിന്റെ പ്രതിഷേധം രേഖപ്പെടുത്തി സംസാരിച്ചു.

## മാർ ഈവാനിയോസ് ക്വിസ്

ആഗസ്റ്റ് 2-ാം തീയതി മാർ ഈവാനിയോസ് ക്വിസ് ഭദ്രാസന തല ഗ്രാന്റ് ഫിനാലെ നടത്തപ്പെട്ടു. ഓൺലൈൻ വഴിയാണ് മത്സരം നടത്തപ്പെട്ടത്. അഞ്ച് ജില്ലകളിലെ പ്രാഥമിക മത്സരങ്ങൾക്ക് ശേഷം വിജയികളായി വന്ന 10 ടീമുകൾ ആണ് ഗ്രാന്റ് ഫിനാലെയിൽ മാറ്റുരച്ചത്. ഭദ്രാസന ഭാരവാഹികൾ നേരിട്ട് മത്സരാർത്ഥികൾക്കൊപ്പം ഉണ്ടായിരുന്നു. ഭദ്രാസനത്തിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് മത്സരം നടത്തപ്പെട്ടത് മത്സരത്തിൽ വി. കോട്ടയം യൂണിറ്റ് ഒന്നാം സ്ഥാനവും, വയ്യാറ്റുപുഴ, ളാക്കൂർ യൂണിറ്റുകൾ യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങളും നേടി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

## ഇടയനും ശിക്ഷ്യരും

അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവ് പരിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ തിരുനാളിനോടനുബന്ധിച്ച് ഭദ്രാസനത്തിന്റെ യൂടൂബ് ചാനൽ വഴി **പരിശുദ്ധ അമ്മ ധീരപ്രേഷിതത്വത്തിന്റെ മാതൃക** എന്ന വിഷയത്തിൽ ധ്യാന ചിന്തകൾ പങ്കുവച്ചു. നോമ്പിന്റെ വലിയ അരൂപി ഈ പ്രോഗ്രാം വഴി നമുക്ക് ലഭിക്കുവാനിടയായി.

## വിയാനി ദിനാഘോഷം

ഇടവക വൈദീകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ദിവസം എല്ലാ വൈദീകർക്കും ഭദ്രാസന സമിതിയുടെ തിരുന്നാൾ ആശംസകൾ അറിയിച്ചു.

## ആശംസാ കാർഡ് മത്സരം

വിയാനി ദിനത്തോടനുബന്ധിച്ച് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഇടവക വൈദീകർക്ക് ആശംസാ കാർഡ് തയ്യാറാക്കാം എന്ന പ്രോഗ്രാം നടത്തപ്പെട്ടു. വിവിധ

www.malankaralibrary.com



ഭദ്രാസനങ്ങളിൽ നിന്നായി നിരവധി യുവജനങ്ങൾ പങ്കെടുത്തു. അട്ടച്ചാക്കൽ യൂണിറ്റ് അംഗം നിതിൻ ഷാജി ഒന്നാം സ്ഥാനം നേടി, ആശംസകൾ.

## കരുതൽ ഒന്നാം ഘട്ടം

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കടൽക്ഷോഭവും, പ്രകൃതി ദുരന്തങ്ങളും കൊറോണയും മൂലം ദുരിതം അനുഭവിക്കുന്ന സഹോദങ്ങൾക്കുള്ള ഭക്ഷ്യ-ധാന്യ-നിത്യോപയോഗ സാധനങ്ങൾ അടങ്ങിയ കിറ്റ് ചെല്ലാനം, അഴീക്കൽ, പാട്ടം ഭാഗങ്ങളിൽ നൽകപ്പെട്ടു. കെ.സി.വൈ.എം. ആലപ്പുഴ രൂപത ഭാരവാഹികളുടെയും, ഭദ്രാസന ട്രഷറാർ അജോഷ് എം. തോമസ്, കെ.സി.വൈ.എം. സെനറ്റ് അംഗം സിറിൾ വർഗ്ഗീസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത് അഴീക്കൽ പാട്ടം ഇടവക വികാരി ഫാ. ജോസ് അറയ്ക്കലിന് കൈമാറി. 23000/- രൂപയുടെ സാധന സാമഗ്രികളാണ് സുമനസ്സുകളുടെ സഹായത്തോടെ കൈമാറിയത്. ഒപ്പം ആയിരുന്ന് സഹായിച്ച കെ.സി.വൈ.എം. ആലപ്പുഴ രൂപത പ്രസിഡന്റ് ഇമ്മാനുവേൽ, വാഹന സൗകര്യം സൗജന്യമായി നൽകിയ അടൂർ ഓൾ സെയിന്റ്സ് സ്കൂൾ മാനേജർ ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ, സാധനങ്ങൾ മൊത്ത വ്യാപര വിലയിൽ എടുത്ത് നൽകിയ വകയാർ യൂണിറ്റ് സെക്രട്ടറി വിശാഖ്, വിരിപ്പ് പദ്ധതിലൂടെ സമാഹരിച്ച തുകയിൽ ഒരുഅംശം കരുതൽ പദ്ധതിലേക്ക് സംഭാവന നൽകിയ റാന്നി - പെരുന്നാട് വൈദിക ജില്ലാ സമിതി എന്നിവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

## ഇ.ഐ.എ. ഡ്രാഫ്റ്റ് 2020

കേന്ദ്ര സർക്കാരിന്റെ പുതിയ പാരിസ്ഥിതി ആഘാത വിലയിരുത്തൽ (ഇ.ഐ.എ 2020) വിജ്ഞാപനം മാറ്റുക എന്ന മുദ്രാവാക്യമുയർത്തി ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഓൺലൈൻ പ്രതിഷേധം നടത്തുകയും, ഇ.ഐ.എ. ഡ്രാഫ്റ്റിനെ പറ്റി കൂടുതൽ മനസ്സിലാക്കാൻ ഒരു ബോധവത്കരണം സംഘടിപ്പിക്കുകയും ചെയ്തു. ആനന്ദപ്പള്ളി യൂണിറ്റ് അംഗം ജിതിൻ വിനോദ് ഭദ്രാസന സമിതിയുടെ യൂടൂബ് ചാനൽ വഴി ഇ.ഐ.എ. ഡ്രാഫ്റ്റിന്റെ നേട്ടങ്ങളെയും കോട്ടങ്ങളെയും പറ്റി സംസാരിച്ചു.

## നീതിയ്ക്ക് വേണ്ടിയുള്ള പോരാട്ടത്തിന് ഐക്യദാർഢ്യം

ചിറ്റാറിൽ വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ പി.പി.മത്തായിയുടെ മരണത്തിൽ അന്വേഷണം ശരിയായി നടത്തി കുറ്റക്കാർക്കെതിരെ എത്രയും വേഗം ശിക്ഷാനടപടികൾ സ്വീകരിക്കുക എന്ന ആവശ്യവുമായി കുടുംബാംഗങ്ങൾ നടത്തുന്ന സമരത്തിന് പിൻന്തുണയും, അനുശോചനവും അറിയിച്ചുകൊണ്ട് ആഗസ്റ്റ് 13-ാം തീയതി ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഭവനം സന്ദർശിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത്, സീതത്തോട് ജില്ലാ ഡയറക്ടർ ഫാ. ഫിലിപ്പോസ് ചരുവുപുരയിടത്തിൽ, വയ്യാറ്റുപുഴ ഇടവക വികാരി ഫാ. ഗീവർഗ്ഗീസ് പുതുപ്പറമ്പിൽ, ഭദ്രാസന ഭാരവാഹികളായ ലിനു വി. ഡേവിഡ്, സിറിൾ വർഗ്ഗീസ്, സീതത്തോട് ജില്ലാ പ്രസിഡന്റ് ജിജോ സി.വൈ., സെക്രട്ടറി മറിയാമ്മ എന്നിവർ ഒപ്പം ഉണ്ടായിരുന്നു.

www.malankaralibrary.com



## തൂലിക 2020 ഓൺലൈൻ രചനാത്സരം

ഈ വർഷത്തെ തൂലികാ രചനാത്സരങ്ങൾ ഓൺലൈൻ വഴി ആഗസ്റ്റ് 24 മുതൽ 28 വരെ വിവിധ ജില്ലകളിൽ നടത്തപ്പെട്ടു. ഓരോ ദിവസവും ഓരോ മത്സരങ്ങൾ എന്ന ക്രമത്തിൽ വൈകുന്നേരം 7 മണി മുതൽ ആയിരുന്നു മത്സരങ്ങൾ നടത്തപ്പെട്ടത്. മത്സരങ്ങൾ ഭംഗിയായി നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാ ജില്ലാ സമിതികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## സമസ്യ ക്വിസ്

സമസ്യ ക്വിസിന്റെ പ്രാഥമിക ഘട്ട മത്സരങ്ങൾ ഓൺലൈനായി ആഗസ്റ്റ് 30-ാം തീയതി 2 മണി മുതൽ നടത്തപ്പെട്ടു. ഈ വർഷം ഭദ്രാസന സമിതി നേരിട്ടാണ് മത്സരങ്ങൾ ക്രമീകരിച്ചത്. 5 വൈദിക ജില്ലകളിൽ നിന്നായി 50 യൂണിറ്റുകൾ പങ്കെടുത്തു. പ്രാഥമിക ഘട്ടത്തിന് ശേഷം രണ്ടാം ഘട്ടവും അതിനുശേഷം സെപ്റ്റംബർ 13-ാം തീയതി ഗ്രാന്റ് ഫിനാലെയും നടത്തപ്പെട്ടു. ഓൺലൈൻ ആയി ആണ് മത്സരങ്ങൾ നടത്തപ്പെട്ടത്. ഗ്രാന്റ് ഫിനാലെയിൽ കാട്ടൂർ യൂണിറ്റ് ഒന്നാം സ്ഥാനവും ഉള്ളന്നൂർ, ചിറ്റാർ യൂണിറ്റുകൾ യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങളും നേടി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## കെ.സി.വൈ.എം. അർദ്ധ വാർഷിക സെനറ്റ്

ആഗസ്റ്റ് 30-ാം തീയതി നടന്ന കെ.സി.വൈ.എം. അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ ഭദ്രാസന സമിതി പങ്കെടുക്കുകയും റിപ്പോർട്ട് വീഡിയോ ഫോർമാറ്റിൽ അവതരിപ്പിക്കുകയും ചെയ്തു. ഓൺലൈൻ വഴിയായിരുന്നു സെനറ്റ് സമ്മേളനം നടത്തപ്പെട്ടത്.

## കരുതൽ രണ്ടാം ഘട്ടം

ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് 30-ാം തീയതി ഭദ്രാസന സമിതിക്ക് അംഗങ്ങൾ, കോന്നി ളാക്കൂർ കാരുണ്യ ഭവനിലേക്ക് നിത്യോപയോഗ സാധനങ്ങളടക്കം ആവശ്യമായ കിറ്റ് കൈമാറുവാൻ സാധിച്ചു. ഭദ്രാസന പ്രസിഡന്റ് ജിഫിൻ സാം, ജനറൽ സെക്രട്ടറി സുബിൻ തോമസ് എന്നിവർ ചേർന്ന് കാരുണ്യ ഭവൻ ഡയറക്ടർ ഫാ. മാത്യൂ പേഴുംമൂട്ടിലിന് കൈമാറി. സഹായിച്ച ഏവർക്കും നന്ദി.

## ഓണാഘോഷം

കോവിഡ് പ്രതിസന്ധിമൂലം ലോകം വിറങ്ങലിച്ച് നിൽക്കുന്ന ഈ അവസരത്തിൽ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ആഘോഷങ്ങളില്ലാതെ ഓണാഘോഷം നടത്തപ്പെട്ടു. കോന്നി - കാർമ്മല പ്രത്യാശ ഭവനിലെ അമ്മമാർക്ക് ഒപ്പം ആണ് ഉത്രാടദിവസം സമിതി അംഗങ്ങൾ ഓണം ആഘോഷിച്ചത്. ഓണസദ്യയും ക്രമീകരിച്ചിരുന്നു. പ്രത്യാശ ഭവൻ ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത്, സിസ്റ്റേഴ്സ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

www.malankaralibrary.com



## യുവജ്വാല പ്രകാശനം

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഓൺലൈൻ മുഖപത്രമായ യുവജ്വാലയുടെ പ്രകാശനകർമ്മം ആഗസ്റ്റ് 30-ാം തീയതി നടത്തപ്പെട്ടു. ആദ്യ പ്രതിയുടെ പ്രകാശനം ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത് നിർവ്വഹിച്ചു. ഭദ്രാസന - ജില്ലാതല വാർത്തകൾ ചേർത്ത് എല്ലാ രണ്ട് മാസത്തിലും യുവജ്വാല പുറത്തിറക്കുന്നു.

## മരിയൻ യൂത്ത് ടോക്സ്

പരിശുദ്ധ ദൈവമാതാവിന്റെ ജനനതിരുന്നാളിനോടനുബന്ധിച്ച് ആഗസ്റ്റ് മാസം 31-ാം തീയതി മുതൽ സെപ്റ്റംബർ 8-ാം തീയതി വരെ ഭദ്രാസന ജില്ലാ ഭാരവാഹികളായ യുവതികളെ ചേർത്ത് സമൂഹമാധ്യമങ്ങൾ വഴി ധ്യാനചിന്തകൾ പങ്കുവെച്ചു. ഭദ്രാസന ആനിമേറ്റർ സി. തമീം എസ്.ഐ.സി. മരിയൻ യൂത്ത് ടോക്സിനു വേണ്ടിയുള്ള കാര്യങ്ങൾക്ക് നേതൃത്വം നൽകി.

## നിങ്ങളാണ് താരം

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നമ്മുടെ സഭയിലെ യുവസംരംഭകരെ കണ്ടെത്തുവാനും അവർക്ക് വേണ്ട പ്രോത്സാഹനം നൽകുവാനുമായി നിങ്ങളാണു താരം പ്രോഗ്രാം നടത്തപ്പെട്ടു. നിരവധി യുവസംരംഭകർ അവരുടെ സംരഭങ്ങളെ പറ്റി സംസാരിക്കുകയും അവ ഭദ്രാസന സമിതിയുടെ ഔദ്യോഗിക നവമാധ്യമങ്ങൾ വഴി മറ്റുള്ളവരിലേക്ക് പങ്കുവയ്ക്കുകയും ചെയ്തു.

## കെ.സി.വൈ.എം. വനിതാ മീറ്റ്

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 10-ാം തീയതി ഓൺലൈൻ വഴി നടത്തപ്പെട്ട വനിതാ മീറ്റിൽ ഭദ്രാസന വനിതാ ഭാരവാഹികൾ പങ്കെടുത്തു.

## ഉത്സവ് 2020

കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിന് മുന്നോടിയായി തൂലിക രചനാ മത്സരങ്ങളിൽ നടത്താൻ സാധിക്കാതെ പോയ രചനാ മത്സരങ്ങൾ നടത്തുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട പ്രോഗ്രാം ആണ് ഉത്സവ് 2020. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട മത്സരങ്ങൾ ഒക്ടോബർ 2,3,5 തീയതികളിലായി ഓൺലൈൻ വഴി നടത്തപ്പെട്ടു. ഉത്സവിന്റെയും തൂലികയുടെയും ഒന്നാം സ്ഥാനക്കാരായ വിജയികൾ കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ യോഗ്യത നേടി.

## യുവജന ദിനാഘോഷം

ഒക്ടോബർ 4-ാം തീയതി ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഓൺലൈനായി യുവജന ദിനാഘോഷം നടത്തപ്പെട്ടു. വൈകുന്നേരം 6 മണിക്ക് മാർത്താണ്ഡം ഭദ്രാസന ത്തിന്റെ മുൻ എം.സി.വൈ.എം. ഡയറക്ടർ ഫാ. ക്രിസ്തുസ് ഡാർബല്ലോ യുവജന ധ്യാനം നയിച്ചു. തുടർന്ന് നടന്ന മീറ്റിംഗിൽ ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിഫിൻ സാം അദ്ധ്യക്ഷത

www.malankaralibrary.com



വഹിച്ചു. അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവ് യുവജന ദിനസന്ദേശം നൽകി. ഭദ്രാസന ഡയറ്കടർ, ജനറൽ സെക്രട്ടറി, സി. ആനിമേറ്റർ, ഭദ്രാസന ട്രഷറാർ എന്നിവർ പ്രസംഗിച്ചു. യുവജന ദിനത്തിന്റെ ഭാഗമായി പത്തനംതിട്ട ഭദ്രാസനം നേതൃത്വം നൽകുന്ന സാന്തോം ഹൗസിംഗ് പദ്ധതിയിലേക്ക് 50,000/- രൂപാ ഭദ്രാസന സമിതി നൽകാമെന്ന് അഭി. പിതാവിനെ അറിയിക്കുകയും ചെയ്തു. യുവജനദിനം ഭദ്രാസന സമിതിയുടെ നിർദ്ദേശ പ്രകാരം എല്ലാ യൂണിറ്റുകളും പ്രാർത്ഥനാദിനമായി ആചരിക്കുകയും ചെയ്തു. യുവജന ദിന മീറ്റിംഗിൽ, ഭദ്രാസന ഭാരവാഹികൾ ജില്ലാ ഡയറക്ടർ അച്ചന്മാർ, ആനിമേറ്റർ സിസ്റ്റേഴ്സ് ജില്ലാ ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## കോവിഡ് ടാസ്ക് ഫോഴ്സ് ശവസംസ്കാരശുശ്രൂഷ

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ രൂപീകരിച്ച കോവിഡ് ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ മെഴുവേലി വെസ്റ്റ് ദൈവാലയത്തിൽ മരണപ്പെട്ട വ്യക്തിയുടെ ശവസംസ് കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പ്രത്യേക പരിശീലനം നേടിയ ടീമാണ് ഈ ശുശ്രൂഷ നിർവ്വഹിച്ചത്. ഫാ. ഏബ്രഹാം മേപ്പുറത്ത്, ഫാ. ബിനോയി പുതുപ്പറമ്പിൽ, ഫാ. സ്കറിയ പതാലിൽ, ഫാ. ജോഷ്വാ മാവേലിൽ, ഭദ്രാസന സെക്രട്ടറി ലിബിൻ സി. മാത്യൂ, ഫ്രൺസൺ ബിജു, ബനതി ആൻഡ്രൂസ്, ഷാൽവിൻ സജി, ലബറ്റ് എന്നിവരാണ് ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. പി.പി.ഇ. കിറ്റ് ഇടുവാൻ സഹായിച്ചതും വേണ്ട ക്രമീകരണങ്ങൾ നൽകിയതും ഫാ. വർഗ്ഗീസ് ചാമക്കാലായിൽ, ഫാ. വർഗ്ഗീസ് സാമുവേൽ, ശ്രീമതി ഷീജ എന്നിവർ ചേർന്നാണ്. ഏവരെയും നന്ദിയോടെ ഓർക്കുന്നു.

## നീതിയ്ക്കുവേണ്ടി ഫാ. സ്റ്റാൻ സ്വാമിക്ക് ഒപ്പം

ജാർഖണ്ഡിലെ ആദിവാസി ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിച്ച ഫാ. സ്റ്റാൻ സ്വാമിയെ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്ത് നടപടിയിൽ പ്രതിഷേധിച്ചും, രാജ്യത്ത് സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെയും ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 18-ാം തീയതി കോന്നി കാർമ്മല ദേവാലയത്തിൽ വച്ച് പ്രതിഷേധ സംഗമം നടത്തപ്പെട്ടു. ഭദ്രാസന വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച പ്രതിഷേധയോഗത്തിൽ അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവ് പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. എം.സി.വൈ.എം. സഭാതല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്ത്, ഭദ്രാസന ഭാരവാഹികളായ അജോഷ് എം. തോമസ്, അജോയി തോമസ്, സോൾ പണിക്കർ, കോന്നി വൈദിക ജില്ലാ പ്രസിഡന്റ് ബിബിൻ ഏബ്രഹാം, ജില്ലാ ഭാരവാഹി സുസ്മി അന്ന തോമസ്, ഭദ്രാസന മുൻ ജനറൽ സെക്രട്ടറി ശ്രീ. ജെസ്സൻ മാത്യൂ കയ്യാലക്കൽ എന്നിവർ സംസാരിച്ചു. ബഹു. അച്ചനുവേണ്ടി ദേവാലയത്തിൽ ദിവ്യകാരുണ്യ ആരാധനയോടെയാണ് മീറ്റിംഗ് ആരംഭിച്ചത്. ബഹു. വൈദീകർ, സിസ്റ്റേഴ്സ്, ജില്ലാ ഭാരവാഹികൾ, യുവജനങ്ങൾ എന്നിവർ ഈ പ്രതിഷേധ സംഗമത്തിൽ സംബന്ധിച്ചു.

www.malankaralibrary.com



## ഒപ്പ് ശേഖരണം

ഫാ. സ്റ്റാൻ സ്വാമിക്ക് നീതി ഉറപ്പാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. പ്രധാന മന്ത്രിയ്ക്കും, കേന്ദ്ര മനുഷ്യാവകാശ, ന്യൂനപക്ഷ കമ്മീഷനും രണ്ടായിരം യുവജനങ്ങളുടെ ഒപ്പുകൾ ശേഖരിച്ച് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നിവേദനം അയച്ചു. നിവേദ ത്തിന്റെ ആദ്യ ഒപ്പ് രേഖപ്പെടുത്തി ഉദ്ഘാടനം ചെയ്തത് അഭി. സാമുവേൽ മാർ ഐറേനി യോസ് പിതാവ് ആണ്.

## നാമഹേതുക തിരുന്നാൾ

പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമാധ്യക്ഷൻ അഭി. യൂഹാനോൻ മാർ ക്രിസ്റ്റോസ്റ്റം പിതാവിന്റെ നാമഹേതുക തിരുന്നാൾ ദിവസമായ നവംബർ 13-ാം തീയതി ഭദ്രാസന സമിതി അംഗങ്ങൾ അഭിവന്ദ്യ പിതാവിനെ സന്ദർശിക്കുകയും പിതാവിനോടൊപ്പം ആയിരിക്കുകയും, സമിതിയുടെ സ്നേഹസമ്മാനം കൈമാറുകയും ഭദ്രാസനത്തിലെ എല്ലാ യുവജനങ്ങളുടെയും പേരിലുള്ള ആശംസകൾ അഭി. പിതാവിനെ അറിയിക്കുകയും ചെയ്തു.

## ആക്ഷൻ കട്ട്

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ടാബ്ലോ മത്സരം ആണ് ആക്ഷൻ കട്ട്. വിശുദ്ധ ബൈബിളിലെ സംഭവങ്ങളെ നിശ്ചല ദൃശ്യമായി ചിത്രീകരിക്കുക എന്നതായിരുന്നു ലക്ഷ്യം. വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള 13 യൂണിറ്റുകൾ പങ്കെടുത്തു.

ഒന്നാം സ്ഥാനം നെല്ലിയാടി യൂണിറ്റ്, പുത്തൂർ ഭദ്രാസനം, രണ്ടും, മൂന്നും സ്ഥാനങ്ങൾ യഥാക്രമം പത്തനംതിട്ട ഭദ്രാസനത്തിലെ ചിറ്റാർ, വയ്യാറ്റുപുഴ യൂണിറ്റുകൾ നേടി. അഭിനന്ദനങ്ങൾ.

## കൈയ്യെഴുത്ത് മാസിക

രചനാ മത്സരങ്ങളോട് ചേർന്ന് നടത്തപ്പെട്ട കൈയ്യെഴുത്ത് മാസിക മത്സരങ്ങൾ ജില്ലാ തലത്തിൽ നടത്തപ്പെടുകയും ജില്ലാ തല വിജയികളെ രൂപതയിൽ അറിയിക്കുകയും, രൂപതയിലെ വിധി നിർണ്ണയത്തിനുശേഷം ഭദ്രാസനതല വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. ഒന്നാം സ്ഥാനം ചിറ്റാർ യൂണിറ്റും, രണ്ടാം സ്ഥാനം കാട്ടൂർ യൂണിറ്റും, മൂന്നാം സ്ഥാനം തേക്കുതോട് യൂണിറ്റും നേടി, അഭിനന്ദനങ്ങൾ.

## ഉത്സവ് 2020 കെ.സി.വൈ.എം. രചനാ മത്സരങ്ങൾ

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഉത്സവ് സംസ്ഥാന കലോത്സവത്തിൽ, നവംബർ 29-ാം തീയതി നടന്ന രചനാ മത്സരങ്ങളിൽ ഭദ്രാസനത്തെ പ്രതിനിധികരിച്ച് യുവജനങ്ങൾ പങ്കെടുത്തു. അഭിനന്ദനങ്ങൾ.

## മീറ്റ് ദി യൂണിറ്റ്

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ വാർഷിക സെനറ്റിന് വേദി ആകുന്ന തട്ട യൂണിറ്റ് ഡിസംബർ 6-ാം തീയതി സന്ദർശിക്കുകയും വേണ്ട ക്രമീകരണങ്ങളെപ്പറ്റി

www.malankaralibrary.com



സംസാരിക്കുകയും ചെയ്തു. ഒപ്പം, പന്തളം വൈദിക ജില്ലാ ഭാരവാഹികളുമായി മീറ്റിംഗ് കൂടുകയും ചെയ്തു. ഭദ്രാസന ഡയറക്ടർ, പ്രസിഡന്റ്, മറ്റ് ഭദ്രാസന ഭാരവാഹികൾ, പന്തളം വൈദിക ജില്ലാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## പ്രയർ വിംഗ്

ഭദ്രാസന ആനിമേറ്റർ സി. തമീം എസ്.ഐ.സിയുടെയും, ഭദ്രാസന വനിതാ ഭാരവാഹികളുടെയും നേതൃത്വത്തിൽ ഒരു പ്രയർ ഗ്രൂപ്പ് പ്രവർത്തിച്ചുവരുന്നു.

## ലോഷൻ നിർമ്മാണം

കോവിഡ് മൂലം സാമ്പത്തിക പ്രതിസന്ധിയിലായ യൂണിറ്റുകൾക്കും, ജില്ലകൾക്കും, കൈത്താങ്ങ് ആകുക എന്ന ലക്ഷ്യവുമായി ഭദ്രാസന സമിതി നടത്തുന്ന സംരംഭമാണ് ലോഷൻ നിർമ്മാണം. ഇതിൽ നിന്നുമുള്ള ലാഭവിഹിതം, യൂണിറ്റുകൾക്കും, ജില്ലകൾക്കും പ്രവർത്തന ഫണ്ടായി ലഭിക്കുന്നു. ആദ്യഘട്ടം പൂർത്തിയാക്കി രണ്ടാം ഘട്ടം ജില്ലകൾക്ക് വിതരണത്തിനായി തയ്യാറാക്കുന്നു. ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന ഏവരെയും നന്ദിയോടെ ഓർക്കുന്നു.

## മിഷൻ വിസിറ്റ്

പത്തനംതിട്ട ഭദ്രാസനത്തിന്റെ മിഷൻ ദൈവാലയമായ പാറശ്ശാല ഭദ്രാസനത്തിലെ ആനക്കുഴി ഇടവക എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഡിസംബർ 19-ാം തീയതി ശനിയാഴ്ച സന്ദർശിച്ചു. ഭദ്രാസന സമിതിയുടെ ക്രിസ്തുമസ് സമ്മാനമായി 30,000/- രൂപ ഇടവക വികാരി ഫാ. ജോർജ്ജ് കുരിയക്കോട്ടിലിന് കൈമാറി. ഒപ്പം, ഇടവകയിലെ മുഴുവൻ കുടുംബങ്ങൾക്കും അരിയും, ക്രിസ്തുമസ് കേക്കും അടങ്ങിയ കിറ്റും നൽകി. കിറ്റുകളും, പൈസയും ആയി 50,000/- രൂപയുടെ സഹായം മിഷനുവേണ്ടി കണ്ടെത്തി നൽകുവാൻ ഈ ക്രിസ്തുമസ് കാലത്ത് സാധിച്ചു എന്നത് ഏറെ സന്തോഷം നൽകുന്നു. സാന്നിധ്യം കൊണ്ട് ഞങ്ങൾക്ക് ഒപ്പം ആയിരുന്ന എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, സഭാതല സമിതിയംഗം ശ്രീ. ശരത്, ചെമ്പൂർ വൈദിക ജില്ലാ പ്രസിഡന്റ് ശ്രീ. അനു, മറ്റ് ഭദ്രാസന-ജില്ലാ ഭാരവാഹികൾ എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാ ക്രമീകരണങ്ങളോടും കൂടി സമിതി അംഗങ്ങളെ സ്വീകരിച്ച ഇടവക വികാരി ഫാ. ജോർജ്ജ് കുരിയക്കോട്ടിലിനും, ആനക്കുഴി ദൈവാലയത്തിലെ എല്ലാ ഇടവക മക്കൾക്കും ഹൃദയപൂർവം കൃതജ്ഞത.

ഈ മിഷൻ വിസിറ്റിനായി കുറെയധികം പ്രിയപ്പെട്ടവർ സാമ്പത്തികമായി സഹായിച്ചു ഏവരെയും നന്ദിയോടെ ഓർക്കുന്നു. ഒപ്പം പത്തനംതിട്ട, റാന്നി-പെരുനാട്, പന്തളം വൈദിക ജില്ലാ സമിതികൾ ഈ സംരംഭത്തിലേക്ക് നൽകിയ സംഭാവനയ്ക്ക് ആത്മാർത്ഥമായ നന്ദി.

## അഭി. യൗസേബിയൂസ് പിതാവിനോടൊപ്പം

മിഷൻ വിസിറ്റിനോടനുബന്ധിച്ച് ഭദ്രാസന സമിതി അംഗങ്ങൾ ഒന്നിച്ച് കൂദാശയ്ക്കായി ഒരുങ്ങുന്ന പാറശ്ശാല ഭദ്രാസനത്തിന്റെ കത്തീഡ്രൽ ദൈവാലയം സന്ദർശിക്കുകയും, തുടർന്ന്

www.malankaralibrary.com



ഭദ്രാസനാധ്യക്ഷ്യൻ അഭി. തോമസ് മാർ യൗസേബിയൂസ് പിതാവിനോടൊപ്പം ആയിരിക്കുകയും ചെയ്തു. അഭി. പിതാവ് സ്നേഹപൂർവ്വം സമിതി അംഗങ്ങളെ സ്വീകരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## മാർ ഈവാനിയോസ് പിതാവിന്റെ കബർ ചാപ്പലിൽ

മലങ്കര സുറിനായി കത്തോലിക്കാ സഭയുടെ പുണ്യപിതാവിന്റെ കബർ സ്ഥിതി ചെയ്യുന്ന പട്ടം കത്തീഡ്രൽ ദൈവാലയം സന്ദർശിക്കുകയും, കബർ ചാപ്പലിൽ സമിതി അംഗങ്ങൾ ഒന്നിച്ച് പ്രാർത്ഥന നടത്തി പ്രത്യേക മാദ്ധ്യസ്ഥം തേടുകയും ചെയ്തു.

## എം.സി.വൈ.എം. സഭാതലം

സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട എല്ലാ പ്രോഗ്രാമുകൾക്കും സാന്നിദ്ധ്യം കൊണ്ടും സഹകരണം കൊണ്ടും ഭദ്രാസന സമിതിക്ക് പൂർണ്ണ പിന്തുണ്ണ നൽകുവാൻ സാധിച്ചു.

## ഗ്രീൻ മന്ത് ഡ്രൈവ്

സഭാതല സമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്തിയ ഒരു മാസം നീണ്ടു നിൽക്കുന്ന പ്രോഗ്രാം. ഇതിൽ ഭദ്രാസനത്തിലെ എല്ലാ യൂണിറ്റുകളുടെയും പങ്കാളിത്തം ഉണ്ടായിരുന്നു.

## ഓൺലൈൻ വെബ്ബിനാർ

ജൂൺ 14-ാം തീയതി സഭാതല സമിതി നടത്തിയ ഓൺലൈൻ വെബിനാറിൽ ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

## സഭാതല മീറ്റിംഗുകൾ

സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട എല്ലാ ഓൺ ലൈൻ മീറ്റിംഗുകളിലും ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

## നന്ദി

കഴിഞ്ഞ നാളുകള്ളിൽ വിവിധ ജില്ലകളുടെ ഡയറക്ടർ, ആനിമേറ്റേഴ്സ് ആയി പ്രവർത്തിച്ച് പ്രസ്ഥാനത്തിന് നിർലോഭമായ പിന്തുണ നൽകിയ റാന്നി - പെരുന്നാട് വൈദിക ജില്ലയുടെ ഡയറക്ടർ ആയിരുന്ന ഫാ. റോബിൻ കലതിവിള, സീതത്തോട് വൈദിക ജില്ലാ ഡയറക്ടർ ഫാ. സ്കറിയാ പതാലിൽ,പത്തനംതിട്ട വൈദിക ജില്ലാ ഡയറക്ടർ ഫാ. കുര്യാക്കോസ് കുത്തിനേത്ത്, റാന്നി - പെരുന്നാട് സിസ്റ്റർ ആനിമേറ്റർ സി. ഷാലോം എസ്.ഐ.സി., പന്തളം വൈദിക ജില്ല ആനിമേറ്റർ സി. ദീപ്തി എസ്.ഐ.സി. എന്നിവരെ നന്ദിപൂർവ്വം ഓർക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

www.malankaralibrary.com



## സ്വാഗതം....സുസ്വാഗതം

യുവജന നേതൃത്വത്തിനായി പുതുതായി കടന്നുവന്ന റാന്നി - പെരുന്നാട് വൈദിക ജില്ലയുടെ ഡയറക്ടർ ഫാ. തോമസ് നെടുംമാങ്കുഴിയിൽ, സിസ്റ്റർ ആനിമേറ്റർ സി. ജ്യോതി എസ്.ഐ.സി., സീതത്തോട് വൈദിക ജില്ലാ ഡയറക്ടർ ഫാ. ഫിലിപ്പോസ് ചരിവുപുരയിടത്തിൽ, സിസ്റ്റർ ആനിമേറ്റർ സി. പൗളിൻ എസ്.ഐ.സി.,പത്തനംതിട്ട വൈദിക ജില്ലാ ഡയറക്ടർ ഫാ. സ്കറിയാ പതാലിൽ, പന്തളം വൈദിക ജില്ല സിസ്റ്റർ ആനിമേറ്റർ സി.ഷാരോൺ എസ്.ഐ.സി. എന്നിവരെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

## അഭിനന്ദനങ്ങൾ.. ആശംസകൾ..

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബി.ബി.എ. ബിരുദ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ സീതത്തോട് വൈദിക ജില്ലാ ജോയിന്റ് സെക്രട്ടറിയും ചിറ്റാർ യൂണിറ്റംഗവുമായ സ്നേഹ യോഹന്നാൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബി.എ. എക്കണോമിക്സ് ബിരുദ പരീക്ഷയിൽ ആറാം റാങ്ക് നേടിയ ചിറ്റാർ യൂണിറ്റ് അംഗമായ സിനി സാബു, സഭാതല സമസ്യ ക്വിസ്സിൽ പങ്കെടുത്ത് രണ്ടാം സ്ഥാനം നേടിയ കാട്ടൂർ യൂണിറ്റ് എന്നിവർക്ക് ഹൃദയപൂർവ്വം അഭിനന്ദങ്ങൾ.

## ആശംസകൾ

വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ച സീതത്തോട് വൈദിക ജില്ലാ സെക്രട്ടറി മറിയാമ്മയ്ക്കും റെന്നിയ്ക്കും വിവാഹ മംഗളാശംസകൾ നേരുന്നു.

## ആദരാഞ്ജലികൾ

മരണം മൂലം നമ്മിൽ നിന്ന് വേർപിരിഞ്ഞ വന്ദ്യ. മാത്യു പൊൻമേലിൽ കോർ എപ്പിസ്ക്കോപ്പയുടെ ആത്മാവിന് നിത്യശാന്തി നേരുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. ഒപ്പം ഭദ്രാസന സെക്രട്ടറി ലിനു വി. ഡേവിഡിന്റെ പിതൃമാതാവ്, ഭദ്രാസന സെക്രട്ടറി ട്രീസാ തോമസിന്റെ പിതാവ് എന്നിവരുടെ മരണത്തിലും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## സെക്രട്ടറിയേറ്റ്, ജില്ലാ മീറ്റിംഗുകൾ

ഈ റിപ്പോർട്ട് കാലയളവിൽ നേരിട്ടും,ഓൺലൈൻ വഴിയുമായി 7 സെക്രട്ടറിയേറ്റ് മീറ്റിംഗുകൾ കൂടുവാൻ സാധിച്ചു. ജില്ലാ സമിതികളുമായി 4 മീറ്റിംഗുകൾ കൂടുവാനും സാധിച്ചു. ഒപ്പം സഭാതല മീറ്റിംഗുകൾ, പ്രോഗ്രാമുകൾ എന്നിവയിലും ഭദ്രാസന സമിതിയുടെ സാന്നിധ്യം ഉണ്ടായിരുന്നു.

## നവമാധ്യമങ്ങളിലൂടെ

നവമാധ്യമങ്ങളുടെ എല്ലാ സാധ്യതകളും ഈ സമിതി പ്രയോജനപ്പെടുത്തി മുന്നോട്ട് പോകുന്നു. ഭദ്രാസന സമിതിയുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് അക്കൗണ്ട്, പേജ്, ഗ്രൂപ്പ് വഴി ഓരോ പ്രോഗ്രാമിന്റെയും ചിത്രങ്ങളും വാർത്തകളും നൽകുന്നു. ഒപ്പം, സമിതിയുടെ

www.malankaralibrary.com



ഇൻസ്റ്റാഗ്രാം, യൂട്യൂബ് അക്കൗണ്ടുകളും സജീവമായി മുന്നോട്ട് പോകുന്നു. ഭദ്രാസന സമിതിയുടെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷൻ കൂടുതൽ ഉപയോഗപ്പെടുത്തി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഒപ്പം, വെബ്സൈറ്റും ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകുന്നു.

## ഐഡി കാർഡ് ക്യാമ്പയിൻ

പുതുതായി പ്രസ്ഥാനത്തിലേക്ക് കടന്നുവരുന്ന യുവജനങ്ങൾക്കായി ജില്ലകളുടെയും ഭദ്രാസന സമിതിയുടെയും നേതൃത്വത്തിൽ ഐ.ഡി. കാർഡ് ക്യാമ്പയ്നിംഗ് നടത്തപ്പെടുകയും ആവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുകയും ചെയ്തു. വിവിധ ജില്ലകളിൽ നിന്നായി ഈ വർഷം 270 ഐ.ഡി കാർഡ് അപേക്ഷകൾ ലഭിച്ചു.

## ഉപസംഹാരം

മഹാവ്യാധികളും ജലപ്രളയങ്ങളും പ്രതികൂല സാഹചര്യങ്ങളും പ്രതിബന്ധങ്ങൾ തീർക്കുമ്പോൾ പിതൃഹിതം നിറവേറ്റുവാൻ, അനേകരുടെ പാപപൊറുതിക്കായി ധീരതയോടെ ക്രൂശിൻ ചുവട്ടിലേക്ക് ഉറയ്ക്കാത്ത കാലടികളോടെ, വിറയ്ക്കുന്ന ശരീരത്തോടെ നടന്നു കയറിയ മുപ്പത്തിമൂന്നുകാരന്റെ മാതൃക ജീവിതചര്യയായി സ്വീകരിക്കാം. കുറവുകൾ നിറവുകളാകട്ടെ.

പ്രത്യാശ നഷ്ടപ്പെട്ട് ആടിയുലയുന്ന സഹോദരങ്ങൾക്ക് താങ്ങായി, സമൂഹത്തിൽ മാറ്റത്തിന്റെ വക്താകളായി, ഇന്നലകളിൽ നിന്ന് പാഠം ഉൾക്കൊണ്ട് നമുക്കൊരുമിച്ചു മുന്നേറാം... കഴിഞ്ഞ നാളുകളിൽ പ്രവർത്തന പാതയിൽ വളരെ ധീരതയോടെ മുന്നോട്ട് പോയപ്പോൾ ഒപ്പം ആയിരുന്ന ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും ധാർമ്മിക യുവജന പ്രസ്ഥാനത്തിന്റെ  ഭാഗമായി നമ്മുക്ക് ഒന്നിച്ച് ശക്തമായി മുന്നേറാം..

www.malankaralibrary.com



## മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.)
## പത്തനംതിട്ട ഭദ്രാസനം
# കർമ്മവീഥിയിൽ – 2021

അഭി. പിതാവേ, ബഹു. വൈദികരെ, സിസ്റ്റേഴ്സ്, പ്രിയപ്പെട്ട യുവജന സുഹൃത്തുക്കളെ,

നിത്യയുവാവായ ക്രിസ്തുവിന്റെ കാൽപ്പാടുകളെ അനുധാവനം ചെയ്ത്... അസീസ്സിയിലെ തെരുവോരങ്ങളിൽ ക്രിസ്തുവിനുവേണ്ടി കത്തിജ്വലിച്ച്.. മറ്റൊരു ക്രിസ്തുവായി മാറിയ വി. ഫ്രാൻസിസ് അസീസിയുടെ മാതൃകകളെ പിൻപറ്റി... "യുവജനങ്ങൾ സഹോദര്യത്തിന്റെ അപ്പോസ്തോലർ" എന്ന ആപ്തവാക്യത്തിൽ ആഴത്തിൽ ചുവടുറപ്പിച്ച്... സമൂഹത്തിന്റെ മാറ്റങ്ങളെയും, സപ്ന്ദനങ്ങളെയും തൊട്ടറിഞ്ഞ്.. സഭയുടെ കരുത്തായി, കാവലായി... പ്രസ്ഥാനത്തിന്റെ മൂവർണ്ണ കൊടിക്ക് കീഴിൽ അണിചേർന്ന് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം പത്തനംതിട്ട ഭദ്രാസന സമിതി അതിന്റെ പ്രവർത്തന പാതയിൽ അതിവേഗം മുന്നേറുന്നു. ഭദ്രാസന സമിതിയുടെ 2021 പ്രവർത്തന വർഷത്തെ കർമ്മവീഥിയിലൂടെ....

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി 2021 പ്രവർത്തന വർഷം പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തിന് കൂടുതൽ ഊന്നൽ നൽകികൊണ്ട് സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും, യുവജനങ്ങളുടെ സമഗ്രവികസനവും ലക്ഷ്യം വെച്ച് അതിന്റെ 5 തലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആണ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത്.

## ബൗദ്ധികം

യുവജനങ്ങളുടെ സമഗ്ര വികസന പരിപാടികളും പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കാവശ്യമായ പൊതുപരിപാടികളും ഉൾക്കൊള്ളുന്ന തലം.

### :::: വാർഷിക സെനറ്റ് സമ്മേളനം

ഭദ്രാസന സമിതിയുടെ 2020 വർഷത്തെ വാർഷിക സെനറ്റ് സമ്മേളനം തട്ട സെന്റ് ആന്റണീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വച്ച് ഡിസംബർ 27-ാം തീയതി നടത്തപ്പെട്ടു. ഉച്ചയ്ക്ക് 1.30ന് ആരംഭിച്ച സമ്മേളനത്തിന് ഭദ്രാസന സിസ്റ്റർ ആനിമേറ്റർ സി. തീമം എസ്.ഐ.സി. പതാക ഉയർത്തി. തുടർന്ന് നടന്ന സെനറ്റ് സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത് ഭദ്രാസനാദ്ധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തയാണ്. തുടർന്ന് ജില്ലകളുടെ റിപ്പോർട്ട് അവതരണം, ഭദ്രാസന റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. സംഘടനാചർച്ചകൾ, പൊതുചർച്ചകൾ എന്നിവ നടത്തപ്പെട്ടു. ആതിഥേയത്വം വഹിച്ച തട്ട യൂണിറ്റിന് ഭദ്രാസന സമിതിയുടെ ഉപഹാരം കൈമാറുകയും ചെയ്തു.

www.malankaralibrary.com



## :::: ഗ്ലോബൽ മീറ്റ്

സഭാതലസമിതിയുടെ വാർഷിക സെനറ്റ് സമ്മേളനം 2021 ജനുവരി 16–ാം തീയതി തിരുവനന്തപുരം കതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന പ്രതിനിധികൾ പങ്കെടുക്കുകയും, റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഡിജിറ്റൽ ഫോർമാറ്റിൽ ആണ് റിപ്പോർട്ട് അവതരിപ്പിച്ചത്.

## :::: കെ.സി.വൈ.എം. വാർഷിക സെനറ്റ്

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ 43–ാമത് വാർഷിക സെനറ്റ് സമ്മേളനം 2021 ജനുവരി 30,31 തീയതികളിൽ എറണാകുളം പി.ഒ.സിയിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന അംഗങ്ങൾ പങ്കെടുക്കുകയും, ഡിജിറ്റൽ ഫോർമാറ്റിൽ തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## :::: ഫ്രത്തല്ലാൻസ – കർമ്മ പദ്ധതി ഉദ്ഘാടനം

ഭദ്രാസന സമിതിയുടെ 2021 വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനം 2021 ഫെബ്രുവരി 7–ാം തീയതി 1.30ന് മുതൽ കാർമ്മല ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. കർമ്മപദ്ധതി ഉദ്ഘാടനം ഭദ്രാസനാദ്ധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. യുവജന സെമിനാർ നയിച്ചത് ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ പിതാവാണ്. വിശിഷ്ടാതിഥികളായി ഭദ്രാസന വികാരി ജനറാൾ മോൺ. ഷാജി മാണികുളം, കോന്നി ജില്ലാ വികാരി ഫാ. വർഗ്ഗീസ് കൈതോൺ, അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുമാരി രേഷ്മാ മറിയം റോയി, കോന്നി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. റോജി ഏബ്രഹാം, മുൻ കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റും, സഭാതല പ്രസിഡന്റുമായ റെന്നി രാജ് തേവർതോട്ടത്തിൽ എന്നിവർ പങ്കെടുത്തു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുത്ത ശ്രീ. അജോയ് പി. തോമസിന് ആദരവും നിൽകി. 147 യുവജനങ്ങൾ പങ്കെടുത്തു.

## :::: കെട്ട്യോനും കെട്ട്യോളും

ഫെബ്രുവരി 14 വാലന്റയിൻസ് ദിനത്തോട് അനുബന്ധിച്ച് യുവജന പ്രസ്ഥാനത്തിലും, സഭാ പ്രവർത്തനങ്ങളിലും ഒന്നിച്ച് ആയിരുന്ന് കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ച ദമ്പതികളെ പരിചയപ്പെടുത്തുകയും അവരുടെ ജീവിതാനുഭവങ്ങൾ പങ്ക് വെയ്ക്കുകയും ചെയ്ത പ്രോഗ്രാം. ഓൺലൈൻ വഴി നടത്തപ്പെട്ടു.

## :::: ചിത്രരചനാ മത്സരം

ആഗോള സഭ വിശുദ്ധ യൗസേഫ് പിതാവിന്റെ വർഷമായി ആചരിക്കുമ്പോൾ ഭദ്രാസന സമിതിയും അതിനോടുചേർന്ന് തിരുകുടുംബത്തിൽ *വിശുദ്ധ യൗസേഫ് പിതാവിന്റെ പ്രാധാന്യം* എന്ന വിഷയത്തിൽ ചിത്രരചനാ മത്സരം നടത്തി. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി നിരവധി യുവജനങ്ങൾ പങ്കെടുത്തു. അബയ് വിൽസൺ മൈലപ്രാ ഒന്നാം സ്ഥാനവും, മിലൻ മോൻസി തോട്ടുപുറം രണ്ടാം സ്ഥാനവും നേടി. വിജയികൾക്ക് ക്യാഷ് അവാർഡ് നൽകി.

www.malankaralibrary.com



### :::: മീറ്റ് ദ യൂണിറ്റ്

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തി ഭദ്രാസനത്തിലെ മുഴുവൻ യൂണിറ്റുകളും സന്ദർശിച്ചു. 2021 മെയ് 8-ാം തീയതി സീതത്തോട് വൈദിക ജില്ലയിൽ നിന്നും ആരംഭിച്ച വിസിറ്റ് സെപ്റ്റംബർ 16-ാം തീയതി റാന്നി പെരുന്നാട് വൈദിക ജില്ലയിൽ സമാപിച്ചു. 5 മാസത്തോളം നീണ്ടുനിന്ന വിസിറ്റിൽ 1300ഓളം യുവജന ങ്ങളെ പങ്കെടുപ്പിക്കുവാനും സാധിച്ചു. എല്ലാ യൂണിറ്റുകളുടെയും റിപ്പോർട്ട് നേരിട്ട് കേൾക്കു കയും, അവരുടെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ സ്വീകരിക്കുകയും, നിർജ്ജീവമായ യൂണിറ്റുകളിൽ പ്രവർത്തനങ്ങൾ സജ്ജീവമാക്കുന്നതിന് വേണ്ട ഇടപെടലകുൾ നടത്തു കയും ചെയ്തു. എല്ലാ വൈദികരുടെയും ആനിമേറ്റർ സിസ്റ്റേഴ്സിന്റെയും, ജില്ലാ ഭാരവാഹി കളുടെയും പൂർണ്ണ സഹകരണം ഉണ്ടായിരുന്നു. കോവിഡ് കാലത്ത് ഭദ്രാസനത്തിലെ മുഴുവൻ യൂണിറ്റുകളും ഓൺലൈൻ സന്ദർശനം എന്നത് ഒരു പുതുചരിത്രം കൂടിയാണ്. ഏവർക്കും നന്ദി.

### :::: ക്യൂ ഡേ ക്യൂ

ലോക്ക്ഡൗൺ കാലത്തെ യുവജനങ്ങളുടെ വിരസത അകറ്റുവാനും ഒപ്പം അറിവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവുമായി ക്യൂ ഡേ ക്യൂ എന്ന പേരിൽ 2021 മെയ് 15, 16, 17 തീയതികളിൽ ക്വിസ് മത്സരം നടത്തപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 53 യുവജനങ്ങൾ പങ്കെടുത്തു. സഭാ, പൊതുവിജ്ഞാനം, എം.സി.വൈ.എം. എന്നിവയായിരുന്നു പഠനഭാഗം, ഒന്നാം ദിവസം ഡെൻസ ആൻ സജി പട്ടം, രണ്ടാം ദിവസം ആഞ്ചലോ ജോൺ മാത്യൂസ് ചുങ്കപ്പാറ, മൂന്നാം ദിവസം ആൻഡ്രിയ മരിയ മാത്യൂ ചുങ്കപ്പാറ എന്നിവർ സമ്മാനം നേടി, വിജയികൾക്ക് ക്യാഷ് പ്രൈസും നൽകി.

### :::: മെറ്റിയർ 2K21

പത്ത്, പ്ലസ്റ്റു പഠനത്തിനുശേഷം ഏത് കോഴ്സ് തിരഞ്ഞെടുക്കണമെന്നും, ഏത് കോളേജ് തെരഞ്ഞെടുക്കണമെന്നും നിരവധി സംശയങ്ങൾ നമ്മുടെ യുവജനങ്ങൾക്കിടയിൽ ഉണ്ട്. അത്തരത്തിലുള്ള സംശയ ദൂരീകരണത്തിനായി നമ്മുടെ പ്രസ്ഥാനത്തിൽ തന്നെ വ്യത്യസ്ത മേഖലകളിൽ ജോലി ചെയ്യുന്നവർ ഓരോ കോഴ്സുകളെയും അതിന്റെ സാധ്യതകളെയും പറ്റി വിശദമായി പറഞ്ഞ് നൽകുന്ന പ്രോഗ്രം. അതിനോടൊപ്പമായി നമ്മുടെ തന്നെ ഒരോ കോളേജുകളെയും കോഴ്സുകളെയും പറ്റിയുള്ള വിശദാംശങ്ങൾ അടങ്ങിയ വീഡിയോ സീരിസും ചെയ്യപ്പെട്ടു.

### :::: തൂലിക 2021

യുവജനങ്ങളുടെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഭദ്രാസന സമിതി നടത്തുന്ന രചന മത്സരമാണ് തൂലിക. കോവിഡ് സാഹചര്യത്തിൽ മുൻ വർഷത്തേത് പോലെ തന്നെ ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തി തൂലിക രചനാ മത്സരങ്ങൾ ജില്ലകളിൽ നടത്തപ്പെട്ടു. 2021 സെപ്റ്റംബർ 18 മുതൽ 23 വരെ വൈകുന്നേരം 7 മണി മുതൽ 8 മണി വരെയാണ് മത്സരങ്ങൾ ക്രമീകരിച്ചത്. വൈദിക ജില്ലകളിൽ ഒന്ന്, രണ്ട് സ്ഥാനം നേടിയവരുടെ പേപ്പറുകൾ ഭദ്രാസനത്തിൽ നൽകുകയും ഭദ്രാസന തലത്തിൽ ഉള്ള വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു.

www.malankaralibrary.com



### :::: സമസ്യ ക്വിസ്

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തിവരുന്ന സമസ്യ ക്വിസ് ഈ വർഷവും നടത്തപ്പെട്ടു. നവംബർ 14-ാം തീയതി ജില്ലാ കേന്ദ്രങ്ങളിൽ വച്ച് മത്സരം ക്രമീകരിക്കപ്പെട്ടു. കോന്നി വൈദിക ജില്ലയിൽ ഓഫ്‌ലൈനായും, ബാക്കിയുള്ള 4 വൈദിക ജില്ലകൾ ഓൺലൈനുമായിട്ടാണ് മത്സരങ്ങൾ നടത്തപ്പെട്ടത്. ഉച്ചയ്ക്ക് 2 മണി മുതൽ 3.30 വരെ ആയിരുന്നു സമയക്രമീകരണം. ജില്ലയിലെ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയ യൂണിറ്റുകളുടെ വിവരങ്ങൾ ഭദ്രാസന സമിതിയിൽ നൽകുകയും, അതിൽ നിന്നും ഭദ്രാസന തല വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. ഒന്നാം സ്ഥാനം കാട്ടൂർ യൂണിറ്റും, രണ്ടാം സ്ഥാനം ഇലന്തൂർ യൂണിറ്റും, മൂന്നാം സ്ഥാനം മേക്കൊഴൂർ യൂണിറ്റും കരസ്ഥമാക്കി. അഭിനന്ദനങ്ങൾ.

### :::: എം.സി.വൈ.എം. ഭരണഘടന വെബ്ബിനാർ

എം.സി.വൈ.എം. ഭരണഘടന യുവജനങ്ങളിൽ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാനും അതനുസരിച്ച് സംഘടന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാനും പ്രചോദനം ആകും വിധത്തിൽ ഭരണഘടനാ വെബ്ബിനാർ നടത്തപ്പെട്ടു. 2021 ജൂൺ 6-ാം തീയതി ഓൺലൈൻ വഴി നടത്തപ്പെട്ട പ്രോഗ്രാമിന്റെ വിശിഷ്ടാതിഥി കെ.സി.വൈ.എം. സംസ്ഥാന ട്രഷറാർ ശ്രീ. ഏബിൻ കുര്യാക്കോസ് ആയിരുന്നു. ക്ലാസ് നയിച്ചത് എം.സി.വൈ.എം. സഭാതല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ ആണ്. 150 ഓളം യുവജനങ്ങൾ വെബിനാറിൽ പങ്കെടുത്തു.

### :::: സഭാതല ഭദ്രാസന സന്ദർശനം

എം.സി.വൈ.എം. സഭാതല സമിതി സഭയിലെ എല്ലാ ഭദ്രാസന സമിതികളും സന്ദർശിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വഴി പത്തനംതിട്ട ഭദ്രാസന സമിതിയും 2021 ജൂൺ 11-ാം തീയതി സന്ദർശിച്ചു. കഴിഞ്ഞ നാളുകളിലെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പങ്ക് വെയ്ക്കുകയും ചെയ്തു. ഭദ്രാസനാദ്ധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവും, യുവജന കമ്മീഷൻ ചെയർമാൻ അഭി. വിൻസെന്റ് മാർ പൗലോസ് പിതാവും മീറ്റിംഗിൽ പങ്കെടുത്തു. സഭാതല-ഭദ്രാസന യുവജന നേതാക്കന്മാരും പങ്കെടുത്തു.

### :::: കെ.സി.വൈ.എം. സംസ്ഥാന സമിതി സന്ദർശനം

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ഓൺലൈൻ വഴി 2021 ജൂലൈ 18-ാം തീയതി ഭദ്രാസന സമിതി സന്ദർശിച്ചു. നേതാക്കന്മാർ പരസ്പരം പരിചയപ്പെടുത്തുകയും, ഭദ്രാസന സമിതിയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന, ഭദ്രാസന നേതാക്കന്മാർ മീറ്റിംഗിൽ പങ്കെടുത്തു.

### :::: അർദ്ധവാർഷിക സെനറ്റ് സമ്മേളനം

ഭദ്രാസന സമിതിയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം കോവിഡ് സാഹചര്യം മൂലം ഓൺലൈൻ വഴി 2021 ജൂലൈ 25-ാം തീയതി 1.30 മുതൽ നടത്തപ്പെട്ടു. ജില്ലകളിൽ

www.malankaralibrary.com



നേരിൽ സെനറ്റുകൾ നടത്തപ്പെടാത്തതുമൂലം റിപ്പോർട്ടുകളുടെ സംക്ഷിപ്ത രൂപം മാത്രമാണ് അവതരിപ്പിച്ചത്. ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളും അത്തരത്തിൽ ആണ് അവതരിപ്പച്ചത്, മുൻ വർഷത്തെ കണക്ക് ഭദ്രാസന ട്രഷറാർ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. തുടർന്ന് ചർച്ചകൾക്കുശേഷം പ്രാർത്ഥനയോടെ സമ്മേളനം അവസാനിച്ചു. അഞ്ച് ജില്ലകളിൽ നിന്നും നേതാക്കന്മാർ പങ്കെടുക്കുകയും പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

### :::: അസാധാരണ സെനറ്റ് സമ്മേളനം

ഭദ്രാസന സമിതിയുടെ അസാധാരണ സെനറ്റ് സമ്മേളനം 2021 ആഗസ്റ്റ് 22-ാം തീയതി 1.30ന് മുതൽ കോന്നി കാർമ്മല ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവ് മുഖ്യസന്ദേശം നൽകി. ഭദ്രാസനത്തിന്റെ ഭരണഘടന ഭേദഗതി സംബന്ധിച്ച ചർച്ചകൾക്കായിട്ടാണ് സെനറ്റ് വിളിച്ച് ചേർത്തത്. ജില്ലകളിൽ നിന്ന് ലഭിച്ച ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങളും, ഭദ്രാസന സെക്രട്ടറിയേറ്റ് കോർ ഗ്രൂപ്പ് നിർദ്ദേശിച്ച നിർദ്ദേശങ്ങളും ചേർത്ത് ഭദ്രാസന ജനറൽ സെക്രട്ടറി കരട് അവതരിപ്പിക്കുകയും ചർച്ചകൾക്കും തിരുത്തലുകൾക്കുശേഷം പ്രസ്തുത കരട് അഭിവന്ദ്യ പിതാവിന് സമർപ്പിക്കുവാനും തീരുമാനം എടുത്തു. കോവിഡ് സാഹചര്യം പരിഗണിച്ച് ജില്ലയിൽ നിന്ന് ഡയറക്ടറും, സിസ്റ്റർ ആനിമേറ്ററും ഉൾപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് സെനറ്റിൽ പങ്കെടുത്തത്.

### :::: ഫോക്കസ് 2k21

യൂണിറ്റ് തലങ്ങൾ മുതൽ ഉപരിഘടകങ്ങൾ വരെ ശക്തിയുക്തം നയിക്കുന്ന തുടർ നാളുകളിൽ നയിക്കുവാൻ പോകുന്ന യുവജന നേതാക്കന്മാരെ ചടുലമായ പ്രവർത്തനങ്ങൾ കലോചിതമായി ചിന്തിച്ചു നടപ്പിലാക്കുവാൻ പ്രാപ്തരാക്കുന്നതായി ഫോക്കസ് 2ഗ21 നേതൃപരിശീലനം നടത്തപ്പെട്ടു. 2021 സെപ്റ്റംബർ 25-ാം തീയതി ഓൺലൈൻ ആരംഭിച്ച പ്രോഗ്രാമിൽ റാന്നി പെരുനാട് വൈദിക ജില്ലയിലെ യുവജനങ്ങൾക്കായിയാണ് ക്രമീകരിക്കപ്പെട്ടത്. വിശിഷ്ടാതിഥികൾ ആയി കെ.സി.വൈ.എം. കൊല്ലം രൂപതാംഗവും, മിജാർക്ക് ഏഷ്യാ പ്രതിനിധിയുമായ ഡെലിൻ ഡേവിഡും, തിരുവനന്തപുരം മേജർ അതിരൂപതാ പ്രസിഡന്റ് ജെറിൻ മാത്യൂവും പങ്കെടുത്തു.

26-ാം തീയതി സീതത്തോട് വൈദിക ജില്ലയിലെ യുവജനങ്ങൾക്കായി നടത്തപ്പെട്ട പ്രോഗ്രാമിൽ കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് എഡ്വേർഡ് രാജുവും , എം.സി.വൈ.എം. പാറശ്ശാല രൂപതാ ജനറൽ സെക്രട്ടറി എയ്ഞ്ചൽ മേരിയും വിശിഷ്ടാതിഥികൾ ആയി പങ്കെടുത്തു.

27-ാം തീയതി പന്തളം വൈദിക ജില്ലയിൽ നടത്തപ്പെട്ട പ്രോഗ്രാമിൽ കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി ഡെനിയ സി.സി. ജയനും, തിരുവല്ല അതിരൂപതാ പ്രസിഡന്റ് ലൈജു കോശി മാത്യൂവും വിശിഷ്ടാതിഥികളായി പങ്കെടുത്തു.

28-ാം തീയതി പത്തനംതിട്ട വൈദിക ജില്ലയിൽ നടത്തപ്പെട്ട പ്രോഗ്രാമിൽ കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി റോസ് മേരിയും, പുത്തൂർ രൂപതാ പ്രസിഡന്റ് ജോയ്ൽ ജോസും വിശിഷ്ടാതിഥികളായി പങ്കെടുത്തു.

www.malankaralibrary.com



ഒക്ടോബർ 16-ാം തീയതി ഓഫ്ലൈനായി കോന്നി വൈദിക ജില്ലയും പൂങ്കാവ് ദൈവാലയത്തിൽ വച്ച് പ്രോഗ്രാം നടത്തപ്പെട്ടു. അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവ് ഉദ്ഘാടനം ചെയ്ത പ്രോഗ്രാമിൽ പാറശാല രൂപതാ ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് ക്ലാസ്സുകൾ നയിച്ചു.

### :::: യുവജന ദിനാഘോഷം 2021

എം.സി.വൈ.എംന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിന് അസ്സീസിയുടെ തിരുനാളിനോടനുബന്ധിച്ച് 2021 ഒക്ടോബർ 2-ാം തീയതി ഭദ്രാസന സമിതി അംഗങ്ങൾ ഒന്നിച്ച് കാരയ്ക്കാട് ദൈവാലയത്തിലെ യുവജനങ്ങൾക്കൊപ്പം യുവജനദിനം ആഘോഷിക്കുകയും മീറ്റിംഗ് കൂടുകയും ചെയ്തു. പന്തളം വൈദിക ജില്ല വികാരിയും, ഇടവക വികാരിയും ആയിരിക്കുന്ന റവ. ഫാ. ജോൺ ജി. വടക്കേപുറം യുവജനദിന സന്ദേശം നൽകുകയും ചെയ്തു. ഭദ്രാസന ഭാരവാഹികൾ പന്തളം വൈദിക ജില്ലാ ഭാരവാഹികൾ, യൂണിറ്റ് അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

### :::: കോവിഡ് ടാക്സ് ഫോഴ്സ് ആദരവ്

കോവിഡ് 19 മൂലം മരണപ്പെടുന്ന ഭദ്രാസനത്തിലെ അംഗങ്ങളുടെ ശവസംസ്കാര ശുശ്രൂഷകർക്ക് നേതൃത്വം നൽകുവാൻ ആണ് കോവിഡ് ടാക്സ് ഫോഴ്സ് രൂപീകരിച്ചത്. ശുശ്രൂഷകളിൽ ഒപ്പം ആയിരുന്ന യുവജന സുഹൃത്തുക്കൾക്ക് ആദരവ് നല്കി. പത്തനംതിട്ട രൂപതയും, അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, ഭദ്രാസന സമിതിയും ചേർന്നതാണ് ആദരവ് ക്രമീകരിച്ചത്. അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. വർഗ്ഗീസ് ചാമക്കാലായിൽ സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. പത്തനംതിട്ട ഭദ്രാസന വികാരി ജനറൾ വന്ദ്യ. ഷാജി മാണികുളം അദ്ധ്യക്ഷ്യത വഹിച്ച മീറ്റിംഗ് അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുകയും, സമരിറ്റൻ അവാർഡ് വിതരണം ചെയ്യുകയും ചെയ്തു. ഒക്ടോബർ 2-ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് ഓമല്ലൂർ ദർശന ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട മീറ്റിംഗിൽ ടാസ്ക്ക് ഫോഴ്സ് അംഗങ്ങളായി 53 പേർ പങ്കെടുത്തു. ഒപ്പം ആയിരുന്ന എല്ലാ പ്രിയപ്പെട്ടവരെയും നന്ദിയോടെ ഓർക്കുന്നു.

### :::: കെ.സി.വൈ.എം. അർദ്ധ വാർഷിക സെനറ്റ്

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം 2 ഘട്ടമായി നടത്തപ്പെട്ടു. ഓഫ്ലൈൻ ആയി നടത്തപ്പെട്ട സെനറ്റ് സമ്മേളനം കൊല്ലം രൂപതയുടെ ആതിഥേയത്വത്തിൽ ഒക്ടോബർ 10-ാം തീയതി ബിഷപ്പ് ജറോം കോളേജിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന പ്രതിനിധികൾ പങ്കെടുത്തു. ഒക്ടോബർ 17-ാം തീയതി ഓൺലൈനായി നടത്തപ്പെട്ട സെനറ്റ് രണ്ടാം ഘട്ടത്തിൽ ഭദ്രാസന സമിതി പങ്കെടുക്കുകയും വീഡിയോ ഫോർമാറ്റിൽ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com



# സാമൂഹികം

സമൂഹത്തിന്റെ നിജസ്ഥിതിയെ കുറിച്ച് അപഗ്രഥിച്ച് പഠിക്കുന്നതിനും, സാമൂഹിക തിന്മകൾക്കെതിരെ ധീരമായി പ്രതികരിക്കുന്നതിനും, ക്രൈസ്ത്രവ ദർശനങ്ങളുടെ അടിസ്ഥാനത്തിലുള്ള ക്രിയാത്മകമായി പ്രവർത്തനങ്ങളിലൂടെ ഒരു പുതിയ സമൂഹിക നിർമ്മിതിക്കായ് പ്രവർത്തിക്കുന്നതിനും യുവജനങ്ങളെ ശക്തരാക്കുന്നു.

## :::: കോവിഡ് ശവസംസ്കാര ശുശ്രൂഷകൾ

കോവിഡ് ടാസ്ക്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ ദൈവാലയങ്ങളിൽ കോവിഡ് മൂലം മരണപ്പെട്ടവരുടെ ശവസംസ്കാര ശുശ്രൂഷകൾ യഥോചിതം നിർവ്വഹിക്കുന്നതിനായി രൂപപ്പെടുത്തിയ ടാസ്ക്ക് ഫോഴ്സ് 28 ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വൈദികരും യുവജനങ്ങളും ആയി 57 പേർ ഈ ടാസ്ക്ക് ഫോഴ്സിന്റെ ഭാഗമായി പ്രവർത്തിച്ചു. നിർഭയം, സേവന സന്നദ്ധതയോടെ ഒപ്പം ആയിരുന്ന എല്ലാ പ്രിയപ്പെട്ടവരെയും നന്ദിയോടെ ഓർക്കുന്നു.

## :::: ലെന്റൻ ചലഞ്ച്

വലിയ നോമ്പിനോടനുബന്ധിച്ച് 50 ദിവസങ്ങളിൽ യുവജനങ്ങൾ നോമ്പ് അനുഷ്ഠിച്ച് മാറ്റി വയ്ക്കുന്ന തുക ശേഖരിച്ച് കാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്ന പദ്ധതി. ലെന്റൻ ചാലഞ്ചിന്റെ ഉദ്ഘാടനം 2021 ഫെബ്രുവരി 7–ാം തീയതി ഭദ്രാസനാദ്ധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനിനോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ഇതിലൂടെ ലഭിച്ച തുക ഭദ്രാസന സമിതിയുടെ വിവിധ കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗിക്കുവാനും സാധിച്ചു.

## :::: രക്തദാന ക്യാമ്പയിൻ

സമൂഹത്തിൽ രക്തദാനത്തിന്റെ ആവശ്യകത മനസ്സിലാക്കിയും, കോവിഡ് വാക്സിനേഷൻ എടുക്കുന്നതുമൂലം ഉണ്ടാകാനിടയുള്ള രക്തദാന ദൗർലഭ്യം തിരിച്ചറിഞ്ഞും രക്തദാന അവബോധം നൽകപ്പെട്ടു. അതോടൊപ്പം യുവജനങ്ങളിൽ നിന്ന് രക്തദാന സന്നദ്ധത ഫോം ഫിൽ ചെയ്ത് വാങ്ങുകയും ചെയ്തു. 120 പേർക്ക് അടങ്ങുന്ന ഒരു രക്തദാന ഡേറ്റാ ബാങ്കും പ്രവർത്തിക്കുന്നു. ചുരുങ്ങിയതെങ്കിലും ആവശ്യമായ കുറേയധികം ആളുകളെ സഹായിക്കുവാൻ ഈ ഒരു ഉദ്യമത്തിനായി എന്നത് അഭിനന്ദനാർഹമാണ്.

## :::: എഡ് യൂത്ത് സ്കോളർഷിപ്പ്

പഠനത്തിൽ ഉന്നതനിലവാരം പുലർത്തുകയും സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുന്ന യുവജനങ്ങൾക്ക് ഒരു കൈത്താങ്ങ് ആകുക എന്ന ലക്ഷ്യവുമായിയാണ് എഡ് യൂത്ത് സ്കോളർഷിപ്പ് നടത്തപ്പെടുന്നത്. ഭദ്രാസനത്തിലെ എല്ലാ യൂണിറ്റിലും അപേക്ഷാ സംബന്ധിച്ച് സർക്കുലർ അയക്കുകയും നൽകിയ അപേക്ഷകളിൽ നിന്ന് അർഹരായ 10 പേരെ കണ്ടെത്തുകയും ചെയ്താണ് സ്കോളർഷിപ്പ് വിതരണം നടത്തപ്പെട്ടത്. വിതരണോദ്ഘാടനം 2021 ജൂലൈ 21–ാം തീയതി പത്തനംതിട്ട ബിഷപ്പ് ഹൗസിൽ വച്ച് അഭി.

www.malankaralibrary.com



സാമുവേൽ മാർ ഐറേനിയോസ് പിതാവ് നിർവ്വഹിച്ചു. സ്കോളർഷിപ്പ് ലഭിച്ച യുവജനങ്ങളും അവരുടെ മാതാപിതാക്കളും സന്നിഹിതരായിരുന്നു. ഒരു വർഷത്തേക്ക് ഒരു വിദ്യാർത്ഥിക്ക് 10,000/- രൂപാ എന്ന ക്രമത്തിൽ സ്കോളർഷിപ്പ് നൽകുന്നത്. അനേകം സുമനസ്സുകൾ സാമ്പത്തികമായി ഈ ഉദ്യമത്തിൽ പങ്കുചേർന്നു. ഏവരെയും നന്ദിയോടെ ഓർക്കുന്നു.

### :::: കോവിഡ് ഹെൽപ്പ് ഡെസ്ക്ക്

കോവിഡ് പ്രതിസന്ധി മൂലം നാം ബുദ്ധിമുട്ടുമ്പോൾ അത്തരം ആളുകളെ സഹായിക്കുവാനും, വാക്സിൻ രജിസ്ട്രേഷൻ വേണ്ട സഹായങ്ങൾ ചെയ്തു നൽകുവാനുമായി ഭദ്രാസന സമിതി എല്ലാ യൂണിറ്റിലും കോവിഡ് ഹെൽപ്പ് ഡെസ്ക്ക് ആരംഭിക്കണം എന്ന നിർദ്ദേശം നൽകുകയും എല്ലാ യൂണിറ്റുകളും ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുകയും, വിവിധ പ്രവർത്തനങ്ങളും ആയി മുന്നോട്ട് പോവുകയും ചെയ്യുന്നു. ഭക്ഷ്യകിറ്റ് വിതരണം, സാമ്പത്തിക സഹായങ്ങൾ എന്നിവ യൂണിറ്റുകൾ ഹെൽപ്പ് ഡെസ്കുകൾ വഴിയാണ് ചെയ്യുന്നത്.

### :::: ദുരന്ത നിവാരണ ഹെൽപ്പ് ഡെസ്ക്ക്

കാലവർഷക്കെടുതി മൂലം അതിഭീകരമായ ഒരു അന്തരീക്ഷം ഈ വർഷവും നമ്മുക്ക് നേരിടേണ്ടിവന്നു. അതിൽ ദുരിതം അനുഭവിക്കുന്നവർക്ക് കൈത്താങ്ങും സഹായവും ആകുവാൻ അടിയന്തരമായി ഭദ്രാസന സമിതി ഹെൽപ്പ് ഡെസ്ക്ക് ആരംഭിക്കുകയും, ഭദ്രാസന ഭാരവാഹികൾ അതിന്റെ വോളന്റിയേഴ്സായി പ്രവർത്തിക്കുകയും ചെയ്തു.

### :::: ചെല്ലാനം ചാലഞ്ച്

കടൽക്ഷോഭവും, പ്രകൃതി ദുരന്തങ്ങളും മൂലം നിരന്തരം വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്ന വലിയൊരു ജനവിഭാഗം നമ്മുടെ ഇടയിൽ ഉണ്ട് അവരെ സഹായിക്കുവാനായി കെ.സി.വൈ.എം. സംസ്ഥാന സമിതി മുന്നോട്ട് വച്ച ചെല്ലാനം ഫണ്ട് കളക്ഷനിൽ ഭദ്രാസന സമിതി പങ്കെടുക്കുകയും, ചലഞ്ചിന്റെ ഭാഗമായി ലഭിച്ച തുക സംസ്ഥാന സമിതിക്ക് കൈമാറുകയും ചെയ്തു.

### :::: കൈത്താങ്ങ്

ഭദ്രാസനത്തിലെ ആതുരാലയങ്ങൾ സന്ദർശിക്കുവാനും ആവശ്യമായ സഹായങ്ങൾ ചെയ്യുവാൻ ഭദ്രാസന സമിതി എപ്പോഴും ശ്രദ്ധവയ്ക്കാറുണ്ട്. ഈ കാലയളവിൽ കോന്നി കാരുണ്യഭവനിലേക്ക് ആവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് കൈമാറുവാനും സാധിച്ചു.

### :::: നാമഹേതുക തിരുന്നാൾ

ഭദ്രാസനാധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ നാമഹേതുക തിരുന്നാൾ 2021 ജൂൺ 27-ാം തീയതി ബിഷപ്പ് ഹൗസിൽ വച്ച് ആഘോഷിച്ചു. അഭി. പിതാവ് തിരുനാൾ ദിനത്തിന്റെ സന്തോഷം പങ്കുവച്ച് കേക്ക് മുറിക്കുകയും ചെയ്തു. ഭദ്രാസന ഭാരവാഹികളും ജില്ലാ ഡയറക്ടർ അച്ചന്മാരും പങ്കെടുത്തു. തുടർന്ന് അഭി. പിതാവ് ഡയറക്ടർ അച്ചന്മാരുമായി സംസാരിക്കുകയും സംഘടനയുടെ തുടർ പ്രവർത്തനങ്ങളും ഇപ്പോഴത്തെ പ്രവർത്തനങ്ങളെ പറ്റിയുള്ള വിലയിരുത്തലും നടത്തി.

www.malankaralibrary.com



### :::: നാമഹേതുക തിരുന്നാൾ

പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമാദ്ധ്യക്ഷനായിരുന്ന അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ നാമഹേതുക തിരുന്നാൾ 2021 നവംബർ 12-ാം തീയതി ബിഷപ്പ് ഹൗസിൽ വച്ച് ആഘോഷിച്ചു. ഭദ്രാസന ഭാരവാഹികൾ തിരുനാൾ ദിനത്തിന്റെ സന്തോഷം പങ്കുവച്ച് കേക്ക് മുറിക്കുകയും, തിരുന്നാൾ ആശംസകൾ നേരുകയും ചെയ്തു.

### :::: കാരിത്താസ് ട്രെയിനിംഗ്

കെ.സി.വൈ.എം. സംസ്ഥാന സമിതിയുമായി ചേർന്ന് കാരിത്താസ് ഇന്ത്യ നേതൃത്വം നൽകുന്ന ദുരന്തനിവാരണ മേഖലയിൽ പ്രവർത്തിക്കുവാൻ യുവജനങ്ങളെ സജ്ജരാക്കുന്നതിനായി 2021 ആഗസ്റ്റ് 9-ാം തീയതി കൊല്ലം ബിഷപ്പ് ജെറോം കോളേജിൽ വച്ച് ട്രെയിനിംഗ് സെഷനുകൾ നടത്തപ്പെട്ടു. ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുത്തു.

### :::: നവജീവൻ ട്രെയിനിംഗ്

കാരിത്താസ് ഇന്ത്യയും അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, പത്തനംതിട്ട ഭദ്രാസന സമിതിയും സംയുക്തമായി ചേർന്ന് ദുരന്തനിവാരണപ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. 2021 സെപ്റ്റംബർ 6-ാം തീയതി ഓൺലൈൻ വഴി സംഘടിപ്പിച്ച ട്രെയിനിംഗ് പ്രോഗ്രാമിൽ 43 യുവജനങ്ങൾ പങ്കെടുത്തു.

## ആത്മീയം

യുവജനങ്ങളെ ക്രൈസ്തവ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും, അനുദിന ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും പരിശീലനം നൽകുന്നു.

### :::: എം.സി.വൈ.എം. തീം പഠനം

എം.സി.വൈ.എം.ന്റെ ഈ വർഷത്തെ തീം ആയി *"യുവജനങ്ങൾ സഹോദര്യത്തിന്റെ അപ്പോസ്തോലർ"* എന്ന ആപ്തവാക്യത്തെ മുൻനിർത്തി, ഇത് യുവജനങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി ഫെബ്രുവരി 7-ാം തീയതി കോന്നി കാർമ്മല ദൈവാലയത്തിൽ വച്ച് തീം പഠനം നടത്തപ്പെട്ടു. 5 വൈദിക ജില്ലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട ടീം അംഗങ്ങളെ ചേർത്താണ് സെഷനുകൾ നടത്തപ്പെട്ടത്. ക്ലാസിന് നേതൃത്വം നിൽകിയത് മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ കുടുംബ പ്രേക്ഷിത കാര്യാലയത്തിന്റെ സിനഡൽ സെക്രട്ടറി ഫാ. കുര്യാക്കോസ് കൂത്തിനേത്ത് ആണ്. 34 യുവജനങ്ങൾ പങ്കെടുത്തു.

### :::: ക്രൂശിതന്റെ പിന്നാലെ

വലിയ നോമ്പിനോടനുബന്ധിച്ച് 2021 മാർച്ച് 13-ാം തീയതി ഭദ്രാസന ഭാരവാഹികൾ ഒന്നിച്ച് റാന്നി -പെരുനാട് കുരിശുമല ദൈവാലയത്തിൽ കുരിശിന്റെ വഴി നടത്തി. കപ്പേളയിൽ നിന്ന് ആരംഭിച്ച് ദൈവാലയത്തിൽ കുരിശിന്റെ വഴി സമാപിച്ചു. ഒപ്പം ആയിരുന്ന കുരിശുമല ദൈവാലയത്തിന്റെ വികാരി ഫാ. ബെന്നി നാരകത്തിനാൽ, എം.സി.വൈ.എം. റാന്നി -

www.malankaralibrary.com



പെരുനാട് വൈദിക ജില്ല ഡയറക്ടർ ഫാ. തോമസ് നെടുമാംങ്കുഴിയിൽ, ജില്ലാ ഭാരവാഹികൾ ഏവരേയും നന്ദിയോടെ ഓർക്കുന്നു.

### :::: ഡെയ്ലീ പ്രെയർ

പ്രാർത്ഥനയിൽ യുവജനങ്ങളെ കൂടുതൽ തീഷ്ണതയോടെ ഒരുക്കുക എന്ന ലക്ഷ്യവുമായി ഓൺലൈൻ വഴി ഡെയ്ലീ പ്രെയർ നൽകപ്പെടുന്നു. വാട്സാപ്പ് വഴി പ്രാർത്ഥന ഗ്രൂപ്പ് ആരംഭിക്കുകയും അതിലൂടെ ഓരോ നിയോഗം സമർപ്പിച്ച് പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. നോമ്പ്, സഭയുടെ വിശേഷ ദിവസങ്ങളിലും പ്രത്യേക പ്രാർത്ഥനകളും യുവജനങ്ങളിലേക്ക് എത്തിക്കുന്നു.

### :::: മദ്ധ്യസ്ഥ പ്രാർത്ഥന

രോഗബാധിതനായി ആശുപത്രിയിൽ ആയിരുന്ന അഭി. ജേക്കബ് മാർ ബർണ്ണബാസ് പിതാവിന്റെ ആരോഗ്യത്തിനായി പ്രത്യേക പ്രാർത്ഥന നടത്തപ്പെട്ടു. ഓൺലൈൻ വഴി നടത്തപ്പെട്ട പ്രാർത്ഥനയിൽ ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

### :::: ഫാത്തിമ ഡിവോഷൻ

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ മാരത്തൺ ജപമാലയുമായി ചേർന്ന് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളെയും യൂണിറ്റുകളെയും ചേർത്ത് നിർത്തി അഖണ്ഡ ജപമാല നടത്തപ്പെട്ടു. 2021 മെയ് 18-ാം തീയതി മുതൽ മെയ് 23-ാം തീയതി വരെ തുടർച്ചയായി 6 ദിവസം ജപമാല പ്രാർത്ഥന നടത്തപ്പെട്ടു. 6 ദിവസവും ഓരോ നിയോഗങ്ങൾ വച്ചാണ് ജപമാല നടത്തപ്പെട്ടത്. കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ വഴിയാണ് പ്രാർത്ഥന നടത്തപ്പെട്ടത്.

### :::: ഈവാനിയൻ അനുസ്മരണം

ദൈവദാസൻ ആർച്ച് ബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമ്മ തിരുന്നാളിന് മുന്നൊരുക്കമായി 2021 ജൂൺ 30-ാം തീയതി വൈകുന്നേരം 7 മണി മുതൽ ഓൺലൈൻ വഴി അനുസ്മരണം നടത്തപ്പെട്ടു. പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത അനുഗ്രഹ സന്ദേശം നൽകി. മുഖ്യപ്രഭാഷണം നാലാഞ്ചിറ ബഥനി നെച്ചർ കെയർ സെന്റർ ഡയറക്ടർ ഫാ. പ്രമോദ് ഒ.ഐ.സി നടത്തി. എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ജിത്ത് ജോൺ, ഫ്രാൻസിസ് കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് റോഷ്ന മറിയം ഈപ്പൻ, കോന്നി വൈദിക ജില്ലാ മുൻ പ്രസിഡന്റ് ശ്രീ. സജി വർഗ്ഗീസ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വൈദികരും യുവജനങ്ങളുമായി 180ഓളം പേർ പങ്കെടുത്തു.

### :::: ഈവാനിയൻ ടോക്ക്സ്

ദൈവദാസൻ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 1 മുതൽ 10 വരെ തീയതികളിൽ പിതാവിന്റെ സുകൃത വചനങ്ങൾ

www.malankaralibrary.com



ഉൾപ്പെടുത്തി വീഡിയോകൾ ചെയ്യുകയും 11 മുതൽ 15 വരെ തീയതികളിൽ പദയാത്രയുടെ അനുഭവങ്ങൾ എം.സി.വൈ.എം. പ്രസ്ഥാനത്തെ മുൻ കാലങ്ങളിൽ നയിച്ച ഡയറക്ടർ അച്ചന്മാരും, മുൻകാല നേതാക്കന്മാരും പങ്കുവെയ്ക്കുകയും ചെയ്തു.

### :::: യൂത്ത് റീട്രീറ്റ് യുവജന ധ്യാനം

യുവജനങ്ങളിൽ കൂടുതൽ ആത്മീയ ഉണർവ്വ് നിറയ്ക്കുവാനായി ജൂലൈ 7-ാം തീയതി വൈകുന്നേരം 7 മണി മുതൽ ഓൺലൈൻ വഴി യൂത്ത് റീട്രീറ്റ് യുവജന ധ്യാനം നടത്തപ്പെട്ടു. അഭി.സാമുവേൽ മാർ ഐറേനിയോസ് പിതാവ് അനുഗ്രഹ സന്ദേശം നൽകി. പ്രശസ്ത ധ്യാന പ്രഘോഷകൻ ഫാ. ജിനു പള്ളിപ്പാട്ട് യുവജന ധ്യാനത്തിന് നേതൃത്വം നൽകി. ധ്യാനത്തിനുശേഷം ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 300 ഓളം യുവജനങ്ങൾ പങ്കെടുത്തു.

### :::: ഫാ. സ്റ്റാൻ സ്വാമിയുടെ ഓർമ്മകൾക്ക് മുൻപിൽ പ്രണാമം

മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്യപ്പെട്ട ഈശോ സഭാ വൈദികൻ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗ വാർത്ത വളരെ ഞെട്ടലോടെയാണ് സമൂഹം കേട്ടത്. അച്ചന്റെ മോചനത്തിനായി ഭദ്രാസന സമിതിയും പ്രതിഷേധവും, പരാതികളും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. സ്റ്റാൻ സ്വാമി അച്ചന്റെ വിയോഗത്തിൽ ഭദ്രാസന സമിതി അനുസ്മരണം രേഖപ്പെടുത്തുകയും, അച്ചന്റെ ആത്മശാന്തിക്കായി ധൂപ പ്രാർത്ഥന നടത്തപ്പെടുകയും ചെയ്തു. ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

### :::: മാർ ഈവാനിയോസ് ഓർമ്മ തിരുന്നാൾ

മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തിരുന്നാളിനോടനുബന്ധിച്ച് കോവിഡ് സാഹചര്യം കണക്കിലെടുത്ത് ഭദ്രാസന സമിതിയുടെ നിർദ്ദേശപ്രകാരം ജില്ല സമിതികൾ റാന്നി - പെരുനാട് ദൈവാലയം സന്ദർശിച്ച് പ്രാർത്ഥന നടത്തി. ജില്ലാ ഡയറക്ടർ അച്ചന്മാരോട് ചേർന്ന്, ജില്ലാ സമിതികളും യൂണിറ്റുകളും നിശ്ചിത സമയ ക്രമീകരണം പാലിച്ച് ദൈവാലയത്തിൽ പ്രത്യേക പ്രാർത്ഥനയും നടത്തി.

### :::: സഭാതല ജപമാല പ്രാർത്ഥന

2021 ആഗസ്റ്റ് 7-ാം തീയതി ഓൺലൈൻ വഴി സഭാതല സമിതി നടത്തിയ ജപമാല പ്രാർത്ഥനയിൽ ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു. വിവിധ ഭദ്രാസനങ്ങളിലെ യുവജന നേതാക്കന്മാരും ജപമാല പ്രാർത്ഥനയുടെ ഭാഗമായി.

### :::: ജപമാല മാസാചരണം

പരിശുദ്ധ സഭ ഒന്നാകെ ഒക്ടോബർ ജപമാല മാസമായി ആചരിക്കുമ്പോൾ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കോന്നി അതുംമ്പുകുളം ദൈവാലയത്തിൽ വച്ച് ഒക്ടോബർ 24-ാം തീയതി ജപമാല പ്രാർത്ഥന നടത്തപ്പെട്ടു. ഭദ്രാസന ഭാരവാഹികളും, കോന്നി വൈദിക ജില്ലാ ഭാരവാഹികളും, അതുംമ്പുംകുളം, ആവോലിക്കുഴി യൂണിറ്റിലെ യുവജനങ്ങളും ജപമാല പ്രാർത്ഥനയിൽ ഭക്ത്യാദരപൂർവ്വം പങ്കെടുത്തു.

www.malankaralibrary.com



### :::: ലിറ്റാനിയ പ്രയർ

പരിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ തിരുനാളിനോടനുബന്ധിച്ച് ആഗസ്റ്റ് 1 മുതൽ 15 വരെയും ജപമാല മാസമായ ഒക്ടോബർ 1 മുതൽ 31 വരെയുള്ള തീയതികളിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥം തേടി ഓൺലൈൻ വഴി പ്രാർത്ഥന മെസേജുകൾ നൽകപ്പെട്ടു. ഓരോ ദിവസവും പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചാണ് പ്രാർത്ഥന നടത്തിയത്.

### :::: സെന്റ് ജോസഫ് ദൈവാലയ സന്ദർശനം

ആഗോള സഭ ഈ വർഷം വിശുദ്ധ യൗസേഫ് പിതാവിന്റെ വർഷമായി ആചരിക്കുമ്പോൾ ഭദ്രാസനത്തിലെ വിശുദ്ധ യൗസേഫ് പിതാവിന്റെ നാമത്തിലുള്ള തീർത്ഥാടന ദൈവാലയമായ കാരയ്ക്കാട് ദൈവാലയം സന്ദർശിച്ചു. ദൈവാലയത്തിൽ വിശുദ്ധ കുർബാനയ്ക്ക് ജില്ലാ വികാരി ഫാ. ജോൺ ജി. വടക്കേപുറം, ഫാ. ഏബ്രഹാം മേപ്പുറത്ത്, ഫാ. മാത്യൂ നെരിയാട്ടിൽ എന്നിവർ കാർമ്മികത്വം വഹിച്ചു. യുവജന ദിനത്തോട് ചേർന്നാണ് ഒക്ടോബർ 2-ാം തീയതി ഭദ്രാസന ഭാരവാഹികൾ ഒന്നിച്ച് ദൈവാലയം സന്ദർശിക്കുകയും വിശുദ്ധ കുർബാനയും പ്രാർത്ഥനയും നടത്തുകയും ചെയ്തു.

## സാംസ്കാരികം

ഭാരതീയവും, ക്രിസ്തീയവുമായ സാംസ്കാരിക പാരമ്പര്യങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുന്നതിനുള്ള വേദികൾ സൃഷ്ടിക്കുകയും, സാംസ്കാരിക സമ്മേളനങ്ങൾ നടത്തുകയും ചെയ്യുക.

### :::: എഗെയ്റോ 2021

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് വനിതാ സംഗമം നടത്തപ്പെട്ടു. പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ വച്ച് പത്തനംതിട്ട വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ 2021 മാർച്ച് 13-ാം തീയതി രാവിലെ 9 മണി മുതൽ ആണ് സംഗമം നടത്തപ്പെട്ടത്. എം.സി.വൈ.എം. പതാക ഭദ്രാസന സിസ്റ്റർ ആനിമേറ്റർ സി. തമീം എസ്.ഐ.സി ഉയർത്തി. ഭദ്രാസനാദ്ധ്യക്ഷൻ അഭി സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ സംഗമം ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഉപാധ്യക്ഷ അലീന എലിസബത്ത് മാത്യൂ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഭദ്രാസന സി. ആനിമേറ്റർ ആമുഖ സന്ദേശം നൽകി. പ്രശസ്ത മോട്ടിവേഷണൽ സ്പീക്കർ ശ്രീമതി മെർളിൻ റ്റി. മാത്യൂ സെമിനാർ നയിച്ചു. സെക്രട്ടറി ട്രീസാ തോമസ്, ഭദ്രാസന പ്രസിഡന്റ് ജിഫിൻ സാം, ജില്ലാ വികാരി ഫാ. ഏബ്രഹാം മണ്ണിൽ, ജില്ലാ ഡയറക്ടർ ഫാ. സ്കറിയാ പതാലിൽ എന്നിവർ സംസാരിച്ചു. 96 യുവതികൾ എഗെയ്റോയുടെ ഭാഗമായി സംഗമത്തിൽ പങ്കെടുത്തു.

### :::: ചരിത്രം എന്നിലൂടെ

കഴിഞ്ഞ് പോയ ഓരോ നിമിഷങ്ങളും ചരിത്രമാണല്ലോ. ആ ചരിത്ര നിമിഷങ്ങളെ കുറിച്ച് വെയ്ക്കുവാൻ ഇടമൊരുക്കി ചരിത്ര മാഗസിൻ മത്സരം നടത്തപ്പെട്ടു. യൂണിറ്റിലെ ചരിത്രസംഭവങ്ങളെ കോർത്തിണക്കി യൂണിറ്റുകൾ മാഗസീൻ മത്സരത്തിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം പൂങ്കാവ് യൂണിറ്റും, അതുമ്പുംകുളം യൂണിറ്റും നേടി അഭിനന്ദനങ്ങൾ.

www.malankaralibrary.com



### :::: ഭൂമിക്കൊരുതണൽ 2.0

യുവജനങ്ങളിലെ കൃഷിയെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക എന്ന ലക്ഷ്യവുമായി ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ മാസം നടത്തപ്പെട്ട പ്രോഗ്രാം ആണ് ഭൂമിക്കൊരു തണൽ 2.0 നിരവധി യുവജനങ്ങൾ അവരുടെ കൃഷിയെ പരിചയപ്പെടുത്തുകയും, ഭദ്രാസന സമിതിയുടെ ഔദ്യോഗിക സമൂഹമാധ്യമങ്ങൾ വഴി പങ്ക് വെയ്ക്കുകയും, മത്സാരാർത്ഥികളിലെ എൻട്രികൾ പരിശോധിച്ച് മികച്ച കർഷകരെ കണ്ടെത്തുകയും, മികച്ച കർഷകനായി ജോവാക്യം ജോസ് ഊട്ടുപാറ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ജെയിസ് എബി ജോൺസൺ മെക്കൊഴൂർ, ജോൺ മാത്യൂ വയ്യാറ്റുപുഴ എന്നിവർ പ്രത്യേക പരാമർശം നേടുകയും ചെയ്തു. അഭിനന്ദനങ്ങൾ.

### :::: ഈ തണലിൽ ഇത്തിരി നേരം (ഓൺലൈൻ)

ഭദ്രാസന സമിതികളിൽ മുൻ കാലങ്ങളിൽ മികച്ച നേതൃത്വം നൽകിയ മുൻകാല ഡയറക്ടർ അച്ചന്മാർ, സിസ്റ്റർ ആനിമേറ്റേഴ്സ്, പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാർ എന്നിവരെ ചേർത്തുകൊണ്ട് ഓൺലൈൻ വഴി 2021 ആഗസ്റ്റ് 1-ാം തീയതി മീറ്റിംഗ് നടത്തപ്പെട്ടു. ഭദ്രാസന സമിതിയുടെ കഴിഞ്ഞ കാലത്തെ ചരിത്രം തയ്യാറാക്കുന്നതിനുള്ള അഭിപ്രായങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവയെ പറ്റി പ്രത്യേകമായും ചർച്ച ചെയ്യുകയും ഭദ്രാസന സമിതിയുടെ പ്രവർത്തനങ്ങളെ പറ്റി അവലോകനം നടത്തുകയും ചെയ്തു.

### :::: ഈ തണലിൽ ഇത്തിരി നേരം (ഓഫ്ലൈൻ)

ഭദ്രാസന സമിതികളിൽ മുൻ കാലങ്ങളിൽ പ്രവർത്തിച്ച യുവജന നേതാക്കന്മാരെ ഒന്നിച്ച് ചേർത്തുകൊണ്ട് 2021 ആഗസ്റ്റ് 22-ാം തീയതി 10 മണി മുതൽ കോന്നി കാർമ്മല ദൈവാലയത്തിൽ വച്ച് മുൻഭാരവാഹി സംഗമം നടത്തപ്പെട്ടു. രാവിലെ വിശുദ്ധ കുർബാന യോടെ ആരംഭിച്ച സംഗമത്തിൽ അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ബഹു. ജോയി സാർ മൈലപ്ര പ്രസ്ഥാന ത്തിന്റെ പതാക ഉയർത്തുകയും ചെയ്തു. അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാ പ്പോലീത്ത സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മുൻകാല നേതാക്കന്മാർ അവരുടെ എം.സി.വൈ.എം. ഓർമ്മകൾ പങ്ക് വെയ്ക്കുകയും തുടർ പ്രവർത്തനങ്ങളെ പറ്റിയുള്ള വിലയിരുത്തൽ നടത്തുകയും ചെയ്തു. ഭദ്രാസന എം.സി.വൈ.എം. ചരിത്രം അവതരിപ്പി ക്കുകയും ആവശ്യമായ തിരുത്തലുകൾ നടത്തുകയും ചെയ്തു. തുടർന്ന് അഭി. പിതാവിനോ ടൊപ്പം എല്ലാവരും ഓണസദ്യയിൽ പങ്കുചേരുകയും ചെയ്തു.

### :::: മിഷൻ ദിനാഘോഷം

പരിശുദ്ധ സഭ ഒന്നാകെ മിഷൻ ദിനമായി ആഘോഷിച്ച ഒക്ടോബർ 24-ാം തീയതി ഭദ്രാസന സമിതി അംഗങ്ങൾ കോന്നി അതുമ്പുംകുളം ദൈവാലയത്തിൽ ഒത്തു ചേരുകയും ഈ കഴിഞ്ഞ മഴക്കെടുതിയിലും ഉരുൾപൊട്ടലിലും വീട് നഷ്ടപ്പെടുകയും കുടുംബാംഗങ്ങൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത, യുവജന പ്രവർത്തനങ്ങളിൽ നമ്മോടൊപ്പം ആയിരിക്കുന്ന ഒരാൾക്ക് സാമ്പത്തിക സഹായം

www.malankaralibrary.com



കൈമാറുകയും ചെയ്തു. ഭദ്രാസന വൈസ് പ്രസിഡന്റും, ജനറൽ സെക്രട്ടറിയും ചേർന്ന് 10000/- രൂപ കുടുംബത്തിന് കൈമാറുവനായി ഭദ്രാസന ഡയറക്ടറിനെ ഏൽപ്പിക്കുകയും ചെയ്തു.

:::: **പാദമുദ്രകൾ**

എം.സി.വൈ.എം. ഭദ്രാസന സമിതിയുടെ കഴിഞ്ഞ നാളുകളിലെ പ്രവർത്തനങ്ങൾ ചേർത്ത് വച്ച് ചരിത്ര മാഗസീൻ എന്ന ലക്ഷ്യവുമായി ആണ്, ഭദ്രാസന സമിതി ചരിത്രം എഴുതുവാനായി ആരംഭിച്ചത്. 2010 മുതൽ ഭദ്രാസനം രൂപം കൊണ്ടതുമുതലുള്ള ചരിത്രവും, ഒപ്പം അവിഭക്ത തിരുവനന്തപുരം മേജർ അതിരൂപതയിൽ ഭദ്രാസനത്തിലെ പ്രവർത്തന ങ്ങളും, യുവജന നേതാക്കന്മാരെയും ചേർത്തുകൊണ്ട് ആണ് ചരിത്രം എഴുതി തുടങ്ങിയത്. മുൻകാല നേതാക്കന്മാരുടെ കാലയളവിലെ പ്രവർത്തനങ്ങൾ ചോദിച്ച് അറിയുകയും, ആശയ വിനിമയം നടത്തുകയും ചെയ്താണ് ചരിത്രം തയ്യാറാക്കപ്പെട്ടത്. മുൻകാല നേതാക്കന്മാരുടെ മീറ്റിംഗിൽ ചരിത്രം അവതരിപ്പിക്കുകയും, വേണ്ട തിരുത്തലുകളും, നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഭദ്രാസനാധ്യക്ഷൻ അഭി. സാമുവേൽ മാർ ഐറേനി യോസ് പിതാവിന്റെ കൈയ്യൊപ്പോടും സാക്ഷ്യപത്രത്തോടും സഭാതല സമിതിക്ക് കൈമാറുകയും, തുടർന്ന് ഭദ്രാസന സമിതി ഒരു ബുക്ക്ലെറ്റായി പബ്ലിഷ് ചെയ്യുന്നതിനുവേണ്ട ക്രമീകരണങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതിനുപിന്നിൽ അക്ഷീണം പ്രവർത്തിച്ച ഏവരെയും നന്ദിയോടെ ഓർക്കുന്നു.

## രാഷ്ട്രീയം

ജനാധിപത്യത്തിന്റെ ശ്രദ്ധേയമായ കർമ്മ മണ്ഡലമായ രാഷ്ട്രീയ തലത്തിൽ പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വം യുവജനങ്ങളിൽ നിക്ഷിപ്തമാണ്. ഈ മണ്ഡലത്തിൽ പ്രവർത്തിക്കുവാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിച്ച് വളർത്തുകയും ചെയ്യുന്നു.

:::: **പ്രതിഷേധം**

രാജ്യത്ത് പ്രതിദിനം ഉയർന്ന് വരുന്ന പെട്രോൾ വിലവർദ്ധനവിനെതിരെയും, കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും, പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ പരിഹരിച്ച് സർക്കാർ ഇടപെടലുകൾ ആവശ്യപ്പെട്ടുകൊണ്ടും ഭദ്രാസന സമിതി യുടെ നേതൃത്വത്തിൽ 2021 ഫെബ്രുവരി 14-ാം തീയതി ചിറ്റാർ ദൈവാലയത്തൽ വച്ച് പ്രതിഷേധ സംഗമം നടത്തപ്പെട്ടു. പ്രതിഷേധം സഭാതല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഭാരവാഹികൾ, സീതത്തോട് വൈദിക ജില്ല ഭാരവാഹികൾ, വൈദിക ജില്ലയിലെ യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

:::: **ന്യൂനപക്ഷക്ഷേമ പ്രവർത്തന ക്ലാസ്**

ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്ലാസിൽ ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു. ജൂൺ 9-ാം തീയതി ഓൺലൈനായി നടത്തപ്പെട്ട പ്രോഗ്രാമിൽ നൂനപക്ഷ ക്ഷേമവും അവകാശങ്ങളുമായി ബന്ധപ്പെട്ട ഭദ്രാസന തലത്തിൽ നടന്ന പ്രവർത്തനങ്ങളെ പറ്റി വിലയിരുത്തുകയും ചെയ്തു.

www.malankaralibrary.com



### :::: വനിതകളും രാഷ്ട്രീയവും

അന്താരാഷ്ട്രാ വനിതാ ദിനത്തോടനുബന്ധിച്ച് വനിതകളും രാഷ്ട്രീയവും എന്ന വിഷയത്തിൽ സെഷനുകൾ നടത്തപ്പെട്ടു. പത്തനംതിട്ട നഗരസഭാ കൗൺസിലർമാരായ ശ്രീമതി റോസ്‌ലിൻ സന്തോഷും, ശ്രീമതി ശോഭ കെ. മാത്യൂവും സെഷനുകൾ നയിച്ചു. യുവതികൾ സംശയങ്ങൾ ചോദിക്കുകുകയും കൗൺസിലർമാർ മറുപടി നൽകുകയും ചെയ്തു.

### :::: കരിദിനം

ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി കൊണ്ടും നീതി ലഭിക്കാത്തതിന് എതിരെ പ്രതിഷേധിച്ചും. കെ.സി.വൈ.എം. സംസ്ഥാന സമിതി ആഹ്വാനം ചെയ്ത കരിദിനത്തിൽ ഭദ്രാസന സമിതിയും പ്രതിഷേധം അറിയിച്ചു. ജൂലൈ 6–ാം തീയതി ഓൺലൈൻ ലൈവിലൂടെ ഭദ്രാസന പ്രസിഡന്റ് ഭദ്രാസന സമിതിയുടെ അനുശോചനവും ഒപ്പം പ്രതിഷേധവും രേഖപ്പെടുത്തി.

### :::: ന്യൂനപക്ഷ സർവ്വേ

കേരളത്തിലെ ക്രിസ്തീയ ന്യൂനപക്ഷങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പഠിക്കുവാൻ സർക്കാർ നിയോഗിച്ചിരിക്കുന്ന കമ്മിറ്റിയാണ് ജെ.ബി. കോശി കമ്മീഷൻ കമ്മിറ്റി. ആ കമ്മിറ്റിയുടെ നേരിട്ടുള്ള സിറ്റിംഗിൽ നമ്മുടെ ഭദ്രാസനത്തിലെ യുവജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയും വിവരങ്ങളും നേരിട്ട് സമർപ്പിക്കുക എന്ന ലക്ഷ്യവുമായി ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങളിൽ സർവ്വേ നടത്തപ്പെട്ടു. വിവിധ തരത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി ഗൂഗിൽ ഫോം വഴി യൂണിറ്റുകളിൽ എത്തിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഈ വിശദാംശങ്ങൾ ചേർത്ത് വിശദമായി റിപ്പോർട്ട് തയ്യാറാക്കി മറ്റ് പ്രവർത്തനങ്ങൾക്ക് ഒപ്പം കമ്മീഷനിൽ സമർപ്പിക്കുവാനും ഭദ്രാസന സമിതി ആഗ്രഹിക്കുന്നു.

### :::: ഭദ്രാസന ഭരണഘടനാ ഭേദഗതി

പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ എം.സി.വൈ.എം. സമിതിയോട് ചേർന്ന് ചിട്ടപ്പെടുത്തിയതാണ്. ഭദ്രാസനത്തിന്റെ ഭരണഘടന. അതിലെ ന്യൂനതകൾ പരിഹരിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തി ഭരണഘടന ഭേദഗതി ചെയ്യുക എന്ന ലക്ഷ്യവുമായി ആണ് ഭദ്രാസന സമിതി, ഈ പ്രവർത്തനം ആരംഭിച്ചത്. ഭദ്രാസന സമിതി ഉപസമിതി നിർദ്ദേശങ്ങളും, ജില്ലാ നിർദ്ദേശങ്ങളും ചേർത്ത് കരട് സെനറ്റിൽ അവതരിപ്പിക്കുകയും സെനറ്റിന്റെ അനുവാദത്തോടെ അംഗീകാരത്തിനായി ഭദ്രാസനാധ്യക്ഷനെ ഏൽപ്പിക്കുകയും ചെയ്തു.

### :::: സഭാതല സമിതി പ്രവർത്തനങ്ങൾ

സഭാതല സമിതിയും ആയി ചേർന്ന് നിന്ന് പ്രവർത്തിക്കുവാനും പ്രവർത്തനങ്ങൾക്ക് രൂപം നൽകുവാനും സാധിച്ചു. സഭാതല സമിതിയുടെ എല്ലാ പ്രവർത്തങ്ങളിലും സജീവ

www.malankaralibrary.com



സാന്നിധ്യം ആകുവാനും ഭദ്രാസന സമിതിക്ക് സാധിച്ചു. പ്രത്യേകിച്ച് 2021 ഒക്ടോബർ 3-ാംതീയതി തിരുവനന്തപുരം മണ്ണന്തല ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട യുവജന ദിനാഘോഷത്തിൽ ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു. കോവിഡ് രോഗികളുടെ മാനസിക സംഘർഷങ്ങൾ കുറയ്ക്കുന്നതിനും, വിദഗ്ധ ഉപദേശങ്ങൾക്കുമായി സഭാതല സമിതി ആരംഭിച്ച അസീസ്സി ഡോക്ടേഴ്സ് കൺസൽട്ടേഷൻ ഓൺലൈനിലും വോളന്റിയേഴ്സ് ഗ്രൂപ്പിൽ ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു. മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തിരുനാളിനോടനുബന്ധിച്ച് ക്ലബ് ഹൗസിൽ പദയാത്ര അനുഭവങ്ങൾ പങ്കുവെച്ചു. സമിതിയുടെ എല്ലാ ഓൺലൈൻ ഓഫ്‌ലൈൻ മീറ്റിംഗുകളിലും സജീവ സാന്നിധ്യം ആയിരിക്കുകയും ചെയ്തു.

:::: **കെ.സി.വൈ.എം. പ്രവർത്തനങ്ങൾ**

കെ.സി.വൈ.എം. സംസ്ഥാന സമിതിയോട് ചേർന്ന് എല്ലാ പ്രോഗ്രാമുകളുടെയും ഭാഗമായിരിക്കുവാൻ ഭദ്രാസന സമിതിക്ക് സാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് സംസ്ഥാന സമിതിയുടെ പ്രോഗ്രാമുകളായ 2021 മെയ് മാസം നടത്തപ്പെട്ട ആർട്ട് ട്രെയിനിംഗ് പ്രോഗ്രാം, ഓയോ എന്ന പ്രോഗ്രുകളുടെ വിവിധ സെഷനുകൾ, യുവതികൾക്കുവേണ്ടി ജൂൺ 13-ാം തീയതി നടത്തപ്പെട്ട ജ്വാല, വി. തോമസ് മൂർ ദിനാചരണത്തോട് അനുബന്ധിച്ച് നടത്തിയ സ്റ്റാറ്റസ് മെയ്ക്കിംഗ്, മത്സരം പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് നടത്തപ്പെട്ട പെൻസിൽ ഡ്രോയിംഗ് മത്സരം തുടങ്ങി എല്ലാ വിഷയങ്ങളിലും കെ.സി.വൈ.എം. സംസ്ഥാന സമിതിക്ക് ഒപ്പം എല്ലാ പിന്തുണയുമായി നിൽക്കുവാനും ഭദ്രാസന സമിതിക്ക് സാധിച്ചു.

:::: **അഭിനന്ദനങ്ങൾ**

കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അജോയ് പി. തോമസിന് അഭിനന്ദനങ്ങൾ. കെ.സി.വൈ.എം. സംസ്ഥാന സമിതി പുകയില വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് നടത്തിയ പെൻസിൽ ഡ്രോയിംഗിൽ മൂന്നാം സ്ഥാനം നേടുകയും, കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ചിത്രം കാപ്പിപ്പൊടിയിൽ തീർത്ത് ഇന്ത്യ ബുക്ക് ഓഫ് റെക്കോഡിൽ ഇടം നേടുകയും ചെയ്ത മിലൻ മോൻസി തോട്ടുപുറം, ഇന്ത്യയെ പ്രതിനിധീകരിച്ച് വോളിബോളിൽ എഷ്യൻ ഗെയിംസിൽ പങ്കെടുത്ത വയലത്തല യൂണിറ്റ് അംഗം ഷോൺ റ്റി. ജോൺ എന്നിവർക്ക് അഭിനന്ദനങ്ങൾ. പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രോകുറേറ്ററായി നിയമിതനായ ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം മേപ്പുറത്തിന് അഭിനന്ദനങ്ങൾ.

:::: **നന്ദി**

കഴിഞ്ഞ നാളുകളിൽ യുവജനസഭയോട് ചേർന്ന് യുവജനങ്ങളെ ശക്തിയുക്തം നയിച്ച് സ്ഥാനം ഒഴിഞ്ഞ സീതത്തോട് വൈദിക ജില്ലാ സി. ആനിമേറ്റർ സി. പൗളിൻ എസ്.ഐ.സി, റാന്നി-പെരുനാട് വൈദിക ജില്ലയുടെ ഡയറക്ടർമാരായി സേവനം അനുഷ്ഠിച്ച ഫാ. തോമസ് നെടുമാംകുഴിയിൽ, ഫാ. ജെസ്റ്റിൻ തോപ്പിൻകിഴക്കേതിൽ, പന്തളം വൈദിക ജില്ലാ ഡയറക്ടർ ഫാ. റോബിൻ തൈക്കൂട്ടത്തിൽ. എന്നിവരെ സ്നേഹത്തോടെയും നന്ദിയോടെയും ഓർക്കുന്നു.

www.malankaralibrary.com



:::: **സ്വാഗതം**

സീതത്തോട് വൈദിക ജില്ലയുടെ സി. ആനിമേറ്റർ സി. ലിനറ്റ് എസ്.ഐ.സി, റാന്നി-പെരുനാട് വൈദിക ജില്ലയുടെ ഡയറക്ടർ ഫാ. ബ്ലസൻ മാത്യൂ ഒ.ഐ.സി., സീതത്തോട് വൈദിക ജില്ലയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗ്ഗീസ് ഡാനിയേൽ തയ്യിൽ, പന്തളം വൈദിക ജില്ലയുടെ ഡയറ്കടർ ഫാ. തോമസ് നെടുമാങ്കുഴിയിൽ എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം.

:::: **വിവാഹ മംഗളാശംസകൾ**

പരിശുദ്ധ സഭയുടെ വിവാഹ കൂദാശയിലുടെ കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ച റാന്നി-പെരുനാട് വൈദിക ജില്ല പ്രസിഡന്റ് ആൽബർട്ട് ജോസഫിനും അമലയ്ക്കും, പന്തളം വൈദിക ജില്ല പ്രസിഡന്റ് രെഞ്ചു മാത്യൂവിനും സ്റ്റെഫിക്കും, പന്തളം വൈദിക ജില്ല ഭദ്രാസന സിൻഡിക്കേറ്റ് ബെല്ല ബെഞ്ചമിനും റ്റിബിനും, പന്തളം വൈദിക ജില്ല വൈസ് പ്രസിഡന്റ് ജെറിന ജോംമിനും സിജോയ്ക്കും, പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ജിഫിൻ സാമിനും റോഷ്നയ്ക്കും, ഭദ്രാസന വൈസ് പ്രസിഡന്റ് സോൾ പണിക്കരിനും നീതുവിനും, സഭാതല സിൻഡിക്കേറ്റ് സ്വേതാ മാത്യൂവിനും അച്ചു ജേക്കബിനും വിവാഹ മംഗളാശംസകൾ.

:::: **ആദരാഞ്ജലികൾ**

മരണമൂലം തമ്മിൽ നിന്ന് ദൈവസന്നിധിലേക്ക് വാങ്ങി പോയ അഭി. ജേക്കബ് മാർ ബർണ്ണബാസ് പിതാവ്, മൽപ്പാൻ വന്ദ്യ. ഗീവർഗ്ഗീസ് ചേടിയത്ത് അച്ചൻ, ആറന്മുള യൂണിറ്റ് അംഗം ജോബിൻ ഡി. അഗസ്റ്റിൻ, ഭദ്രാസന കെ.സി.വൈ.എം. സിൻഡിക്കേറ്റ് അജോയി പി. തോമസിന്റെ സഹോദരൻ ബൈജു പി. തോമസ് എന്നിവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുകയും, ഭദ്രാസന സമിതിയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

:::: **സെക്രട്ടറിയേറ്റ്, സെനറ്റ്, ജില്ലാ ഭാരവാഹി മീറ്റിംഗുകൾ**

ഈ റിപ്പോർട്ട് വർഷം 11 സെക്രട്ടറിയേറ്റ് മീറ്റിംഗുകളും ഒരു വാർഷിക സെനറ്റും, ഒരു അർദ്ധവാർഷിക സെനറ്റും, ഒരു അസാധാരണ സെനറ്റ് സമ്മേളനവും നടത്തപ്പെട്ടു. ഒപ്പം ജില്ലാ ഭാരവാഹികളുമായി 3 മീറ്റിംഗുകളും നടത്തപ്പെട്ടു.

:::: **യൂണിറ്റ് - ജില്ല തല തെരഞ്ഞെടുപ്പുകൾ**

യൂണിറ്റ് തലം മുതൽ സഭാതലം വരെ തെരഞ്ഞെടുപ്പിനെ നേരിടുന്ന ഈ വർഷത്തിലെ ഭദ്രാസനത്തിലെ മുഴുവൻ യൂണിറ്റുകളിലും തെരഞ്ഞെടുപ്പുകൾ നടത്തപ്പെട്ടു. നവംബർ 14ന് മുൻപ് യൂണിറ്റുകൾ തെരഞ്ഞെടുപ്പുകൾ പൂർത്തീകരിക്കുകയും ജില്ലകൾ ഡിസംബർ 12ന് മുൻപ് തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കി ജില്ലാ സമിതികൾ അധികാരത്തിലെത്തുകയും ചെയ്തു. യൂണിറ്റ്-ജില്ലാ തലങ്ങളിലെ നവ നേതൃത്വത്തിന് ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

www.malankaralibrary.com



### :::: Fellesskap

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ Fellesskap എന്ന പേരിൽ, അവിഭക്ത തിരുവനന്തപുരം മേജർ അതിരൂപതിയിലെ യുവജന പ്രസ്ഥാനത്തിൽ പത്തനംതിട്ടയുടെ ചരിത്രവും, ഒപ്പം പ്രവർത്തനങ്ങളും, പത്തനംതിട്ട ഭദ്രാസനം രൂപം കൊണ്ടതു മുതൽ നാളിതുവരെയുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഒരു ബുക്ക്ലെറ്റ് പ്രസിദ്ധീകരിക്കുന്നു.. ഇതിന് പിന്നിൽ പ്രവർത്തിച്ച മുൻകാല നേതാക്കൻമാരെയും, ഭദ്രാസന ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

### :::: ഉപസംഹാരം

മഹാവ്യാധികളും, പ്രളയവും, പ്രകൃതി ദുരന്തങ്ങളും അതിജീവിച്ച് ഒരു ജനത മുന്നോട്ട് പോകുമ്പോൾ സമൂഹത്തിലെ എല്ലാ തലങ്ങളിലും പ്രവർത്തനങ്ങൾ എത്തിച്ചുകൊണ്ട് എല്ലാ മനുഷ്യരേയും ചേർത്ത് നിർത്തിക്കൊണ്ട്, എം.സി.വൈ.എംന്റെ ലക്ഷ്യം മുറുകെ പിടിച്ചുകൊണ്ട് ഈ ഭദ്രാസന സമിതി അതിന്റെ പ്രവർത്തന പരിസമാപ്തിയിലേക്ക് കടക്കുന്നു.

പ്രതികൂലങ്ങളിലും ആടിയുലയാതെ സധൈര്യം ഒരു രൂപതയിലെ മുഴുവൻ യുവജനങ്ങളെയും ഈ പ്രസ്ഥാനത്തിന്റെ പതാകയുടെ കീഴിൽ ചേർത്ത് നിർത്തി കൊണ്ട് പ്രവർത്തനങ്ങളുടെ പൂർത്തീകരണം വരെയും കൊണ്ടുപോകുവാൻ സാധിച്ചു എന്നത് ഏറെ അഭിമാനകരമായി കാണുന്നു. ഈ നാളുകളിൽ ഒപ്പം ആയിരുന്ന ഏവരെയും നന്ദിയോടെ ഓർക്കുന്നു. ഇനിയും നമ്മുക്ക് ഒരുപാട് മുന്നോട്ട് പോകുവാനുണ്ട്. തുടർന്നും മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ പതാകയുടെ കീഴിൽ ഒറ്റകെട്ടായി നമ്മുക്ക് അണിച്ചേരാം.

*****

**സുബിൻ തോമസ്**
(ജനറൽ സെക്രട്ടറി, MCYM പത്തനംതിട്ട ഭദ്രാസനം)

www.malankaralibrary.com





**നന്ദികൊണ്ടെന്റെയുള്ളം നന്നേ നിറയുന്നേ...**
**സന്തോഷമോടെ സ്തുതി പാടിടുന്നേൻ...**

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ ഒരു പ്രവർത്തന വർഷകാലയളവ് കൂടി അവസാനിക്കുകയാണ്... ഞങ്ങൾക്ക് മുൻപേ പ്രസ്ഥാന ത്തെ നയിച്ച.. മുൻഗാമികൾ കാട്ടി തന്ന പാതയിലൂടെ ഈ മഹാമാരിയുടെ കാലത്തും പ്രസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു എന്നത് ഏറെ അഭിമാനം നൽകുന്നതാണ്. ഈ അവസരം ഏവരെയും നന്ദിയോടെ ഓർക്കുന്നു..

ആധിയിൽ വിരൽ തൊടാത്ത വ്യാധിയിൽ കരം പിടിച്ചു കൂടെ നിന്നു ആപത്തും അനർത്ഥങ്ങളും ഉണ്ടാകാതെ ഞങ്ങളെ സംരക്ഷിച്ച ഞങ്ങളുടെ പൊന്നു തമ്പുരാന്... തന്റെ നീല മേലങ്കിയാൽ ഞങ്ങളെ പൊതിഞ്ഞു സൂക്ഷിച്ച പരിശുദ്ധ അമ്മയ്ക്ക് ... എത്ര വാക്കുകൾ കൊണ്ട് നന്ദി പറഞ്ഞാലും തികയില്ല..

എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ ഈ പ്രവർത്തന കാലയളവിൽ ഉടനീളം പ്രാർത്ഥന കൊണ്ടും സാന്നിധ്യം കൊണ്ടും ഒപ്പം ഉണ്ടായിരുന്ന ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ്.... കരുതലും സ്നേഹവും കൊണ്ട് ഞങ്ങളുടെ ഒപ്പം ആയിരുന്ന അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ്... മാർഗനിർദ്ദേശം നൽകി ഞങ്ങളുടെ ഒപ്പം ആയിരുന്ന വികാരി ജനറൽ വന്ദ്യ. ഷാജി മാണികുളം അച്ചൻ... വൈദീക ശ്രേഷ്ഠർ... സന്യസ്തർ.. എല്ലാവരെയും നന്ദിയോട് ഓർക്കുന്നു..

ഒരു ജ്യേഷ്ഠസഹോദരനടുത്ത് സ്നേഹവും കരുതലും നൽകി ഞങ്ങളെ നയിച്ച സ്നേഹം നിറഞ്ഞ ജിൻസ് അച്ചൻ.. കോവിഡ് ശവസംസ്കാര ശുശ്രൂഷകൾക്ക് സഭയുടെ കൂദാശാപരമായ നേതൃത്വം നല്കി യുവജനങ്ങൾക്ക് മാതൃകയാവുകയും ആത്മധൈര്യം നൽകുകയും ചെയ്തു. ഈ സമിതിയിലെ എല്ലാ അംഗങ്ങളെയും മാതൃസ്നേഹ വാത്സല്യം കൊണ്ട് ചേർത്തു പിടിച്ച ഞങ്ങളുടെ ആനിമേറ്റർ തമീം സിസ്റ്റർ.. വർഷങ്ങൾ നീണ്ട അനുഭവപാടവം കൊണ്ട് പ്രസ്ഥാനത്തെ ഈ കാലയളവിൽ മുന്നിൽ നിന്നുനയിച്ച പ്രസിഡന്റ് ജിഫിൻ സാം.... പ്രസ്ഥാനത്തിൽ പ്രസിഡന്റിനു ഒപ്പം നിന്നു സമിതിക്കുവേണ്ട എല്ലാ നേതൃത്വവും നൽകിയ ജനറൽ സെക്രട്ടറി സുബിൻ.... മറ്റു സമിതി അംഗങ്ങൾ... വൈദീക ജില്ലാ ഭാരവാഹികൾ... സമിതി അംഗങ്ങൾ... ഈ പ്രസ്ഥാനത്തിന്റെ എല്ലാം എല്ലാം ആയ പ്രിയപ്പെട്ട യുവജനങ്ങൾ.. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ചരിത്രം രേഖപ്പെടുത്തണം എന്ന ആശയം വന്നപ്പോൾ അതിന് വേണ്ട എല്ലാ സഹായ സഹകരണങ്ങളും നൽകിയ പ്രസ്ഥാനത്തെ മുൻ കാലങ്ങളിൽ നയിച്ച ഞങ്ങളുടെ മുൻകാല നേതാക്കൻമാർ .. എല്ലാവർക്കും നന്ദി.. എം.സി.വൈ.എം പ്രസ്ഥാനം ഒരോ യുവജനതയുടെയും ഹൃദയത്തിൽ ഇന്നലെയും..ഇന്നും... നാളെയും ഉണ്ടാകും.. വ്യക്തികൾക്ക് മാത്രമേ മാറ്റം ഉണ്ടാകൂന്നുള്ളൂ.. അപ്പോളും പ്രസ്ഥാനം എന്നും അതിന്റെ പ്രവർത്തന പന്ഥാവിൽ നിലനിൽക്കും... കാലാ കാലങ്ങളിൽ നിങ്ങൾക്ക് അനുയോജ്യരായ നേതാക്കളെ ഞാൻ നൽകും എന്ന തമ്പുരാന്റെ വാക്കുകളെ ഉൾക്കൊണ്ട് നമുക്ക് ഈ മൂവർണ്ണ കൊടിയുടെ കീഴിൽ അണിനിരക്കാം..... എന്നും എം.സി.വൈ.എം.നു ഒപ്പം ആയിരിക്കാം.. സഭയോട് ഒപ്പം ആയിരിക്കാം..

ഒത്തിരി സ്നേഹത്തോടെ,

**അജോഷ്.എം.തോമസ്**
(ട്രഷറാർ, MCYM പത്തനംതിട്ട ഭദ്രാസനം)

www.malankaralibrary.com



FELLESSK published by,

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി 2020 - 2021
വരകൾ : ലിനു വി. ഡേവിഡ്,
ഡിസൈൻ & ലേഔട്ട് : ലിനു വി. ഡേവിഡ്,
പ്രിന്റിംഗ് : പ്രതിഭ പ്രസ്സ്, തണ്ണിത്തോട്

www.malankaralibrary.com

സംസ്ഥാന സർക്കാർ അംഗീകൃത ലൈസൻസി..

i - Design plus
Designers & Builders

THIRUVANVANDOOR P.O, CHENGANNUR. 689109,
PHONE :- +91 9947055018 (M)
Email : anishmammoottil@gmail.com

#ARCHITECTURAL PLAN #CONSTRUCTION #INTERIOR DESIGN

www.teampetals.in

The Biggest wedding Team in central Travancore
*(3000 sq.ft Studio Floor, All Kinds of Modern Studio Equipments in our Hand)*

Team petals studio

MODELING PHOTOGRAPHY | CANDID PHOTOGRAPHY | VIDEOGRAPHY | GIMBAL & STEADY CAM | HELICAM (DRONE) | FILM EDITING (FCP) | SPOT VIDEO EDITING | LIVE PHOTO PRINTING | LIVE WEB CASTING | LED WALL & TV | MINI JIB & SLIDER CAM

MYLAPRA, PALLIPADI &
KUMBAZHA NORTH PATHANAMTHITTA
Ph : 9446555366, 0468 2965366

പ്രതിഭ പ്രസ്സ് തണ്ണിത്തോട് 9496107964